# തിരുഹൃദയ മാസിക

(Sacred Heart Monthly)

**Vol. 83**

**2018 April**


**83**

Years of Publication


*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*



**Fr. Mathew Kuriathara**
S.H.Monthly
Catholic Mission Press Building
K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലർ
- അജപാലന കേന്ദ്ര പ്രോഗ്രാമുകൾ
  ചൈതന്യ
  ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം
  തൂവാനിസ പ്രോഗ്രാം
- അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്
  വിശ്വാസപരിശീലന കമ്മീഷൻ
  കരിസ്മാറ്റിക് കമ്മീഷൻ
  ഫാമിലി കമ്മീഷൻ
  ലിറ്റർജി കമ്മീഷൻ
- പയസ് അസോസിയേഷൻസ്
  ചെറുപുഷ്പ മിഷൻലീഗ്
  സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി
  ലീജിയൻ ഓഫ് മേരി
  കെ.സി.വൈ.എൽ.
  വൊക്കേഷൻ കമ്മീഷൻ
- കാർട്ട്
- സോഷ്യൽ ആക്ഷൻ കമ്മീഷൻ
  കെ.എസ്.എസ്.എസ്.
  മാസ്സ്
  ജി.ഡി.എസ്.
- കെ.സി.ഡബ്ല്യു.എ
- കെ.സി.സി.
- അഭി. പിതാക്കന്മാരുടെ ഡയറി
  Engagements
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- വചനദർശനം
- പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷ വിചിന്തനങ്ങൾ
- പൊതുവാർത്തകൾ


## വാർഷിക വരിസംഖ്യ

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Circular No. 218

**Lenten Campaign Against Hunger & Disease 2018**

Date: 01-03-2018

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

യേശുനാഥന്റെ പീഢാനുഭവ കുരിശുമരണ ഉത്ഥാന സ്മരണകളുടെ ഒരുക്കമായുള്ള അമ്പത് നോമ്പിന്റെ ദിനങ്ങളിലൂടെ നാം കടന്നുപോവുകയാണല്ലോ. ഈശോയുടെ പീഢാസഹനത്തിന്റെയും മരണത്തിന്റെയും വേദനകളിൽ പങ്കുചേരുന്ന നാമോരോരുത്തരും നമ്മുടെ സഹോദരങ്ങളുടെ വേദനകളിലും രോദനങ്ങളിലും പങ്കുചേരുവാനും അവർക്ക് ആശ്വാസം പകരുവാനും ചുമതലപ്പെട്ടവരാണെന്ന് നമ്മെ അനുസ്മരിപ്പിച്ചുകൊണ്ട് 2018 മാർച്ച് മാസം 18-ാം തീയതി ഞായറാഴ്ച നാം ദാരിദ്ര്യരോഗനിവാരണ ദിനമായി ആചരിക്കുകയാണ്.

ദൈവത്തിന്റെ അളവറ്റ കാരുണ്യം അനുഭവിക്കുന്നവരായ നാം നമ്മുടെ സഹോദരങ്ങളോട് കരുണ കാണിക്കേണ്ടവരാണെന്ന് തിരുവചനം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്(മത്താ 18:34). നമുക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനമാണെന്ന തിരിച്ചറിവോടെ സഹോദരന്റെ ആവശ്യങ്ങളിൽ ഔദാര്യപൂർവ്വം അവനെ സഹായിക്കുവാൻ നമുക്ക് സാധിക്കണം. നമ്മുടെ ശ്രദ്ധയും പരിഗണനയും അർഹിക്കുന്നവരെ കാണാനും അവർക്ക് ദൈവകാരുണ്യത്തിന്റെ സാന്നിദ്ധ്യമാകാനും നമുക്ക് കഴിയണം.

വിശപ്പുമാറ്റാൻ ഭക്ഷണം മോഷ്ടിച്ച ആദിവാസി യുവാവിനെ സംഘം ചേർന്ന് മർദ്ദിച്ച് കൊലപ്പെടുത്തിയത് നമ്മുടെ ഈ കൊച്ചു കേരളത്തിലാണ് എന്നത് വേദനയോടെ നമുക്കോർക്കാം. ദൈവകാരുണ്യബോധം നഷ്ടമായാൽ പിന്നെ നമുക്ക് അവകാശങ്ങളെക്കുറിച്ച് മാത്രമേ ചിന്തിക്കാനാവൂ; കടമകളും ചുമതലകളും വിസ്മരിക്കപ്പെടുകയും മനുഷ്യത്വം അന്യമാവുകയും ചെയ്യും. അതിനാൽ നാം ആചരിക്കുന്ന ദാരിദ്ര്യ രോഗനിവാരണ ദിനം നമുക്ക് ദൈവത്തോടും സഹജീവികളോടും സകലപ്രപഞ്ചത്തോടുമുള്ള വലിയ

ഉത്തരവാദിത്വങ്ങൾ അനുസ്മരിക്കാനും അതിനനുസൃതം ജീവിതം ക്രമീകരിക്കാനും നമ്മെ സഹായിക്കണം. നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും നാം ജീവിക്കുന്ന സമൂഹത്തിലുമൊക്കെ കാരുണ്യ ത്തിന്റെ ഉറവകൾ വറ്റാതിരിക്കാനും സ്നേഹത്തിന്റെയും ഔദാര്യ ത്തിന്റെയും പ്രേഷിതരായി ജീവിക്കുവാനും നമുക്ക് പരിശ്രമിക്കാം.

കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും വറ്റാത്ത ഉറവകളായി സമൂഹത്തിൽ പ്രവർത്തിക്കുന്ന നമ്മുടെ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗങ്ങളായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈ റ്റി, മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി, ഗ്രീൻവാലി ഡെവ ലപ്പ്മെന്റ് സൊസൈറ്റി എന്നിവയും അവയോട് ചേർന്ന് സാമൂഹ്യ മേഖലകളിൽ സജീവമായി പ്രവർത്തിക്കുന്ന സന്യാസ സമൂഹങ്ങ ൾ, വിൻസന്റ് ഡി പോൾ സൊസൈറ്റി, മറ്റ് സംഘടനകൾ, അൽമായ പ്രസ്ഥാനങ്ങൾ എന്നിവയും ചെയ്തുവരുന്ന സ്നേഹശുശ്രൂഷകളെ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. ഈ പ്രവർത്തനങ്ങളിൽ സജീവ മായി പങ്കുചേർന്നുകൊണ്ട് നമ്മുടെ ഹൃദയങ്ങളിലെ കാരുണ്യ ത്തിന്റെ ഉറവകൾ വറ്റാതെ സൂക്ഷിക്കാൻ നമുക്ക് പരിശ്രമിക്കാം.

കുടിയേറ്റത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി മലബാറിൽ മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃ ത്വത്തിൽ ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തുന്നുവെന്നത് സന്തോഷകരമാണ്. അതോടൊപ്പം കെ.എസ്.എസ്.എസിന്റെയും ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെയും നേതൃത്വത്തിൽ അതിരൂപതയിലുള്ള എല്ലാവർക്കും വാസയോഗ്യമായ ഭവനം ഉറ പ്പുവരുത്തുന്ന പദ്ധതിയും നന്നായി പുരോഗമിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങളെല്ലാം ഓരോ ഇടവക സമൂഹത്തിനും ലഭിച്ചിരിക്കുന്ന നന്മയുടെയും ജീവകാരുണ്യത്തിന്റെയും അനുഗ്രഹീത അവസര മായി കണ്ടുകൊണ്ട് സാധിക്കുന്ന വിധത്തിലെല്ലാം ഇവയിൽ പങ്കു ചേരുവാൻ ഏവർക്കും സാധിക്കണം. സ്വാർത്ഥതയുടെ തടവറയി ലേക്ക് നമ്മെ വലിച്ചു താഴ്ത്തുന്ന ഉപഭോഗസംസ്ക്കാരത്തിന്റെ പ്രലോഭനങ്ങൾക്കു മുൻപിൽ ഞാനെന്റെ സഹോദരന്റെ കാവൽക്കാ രനാണെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് ഔദാര്യത്തിന്റെ വിശാല മായ സ്വാതന്ത്ര്യത്തിലേക്ക് പ്രവേശിക്കുവാൻ ഇവയൊക്കെ നമ്മെ സഹായിക്കണം. എന്റെ ആവശ്യം മാറ്റിവച്ച് എന്റെ അയൽക്കാരന്റെ ആവശ്യത്തിൽ സഹകരിക്കാൻ ഞാൻ തയ്യാറാകുമ്പോൾ മാത്രമെ

കാരുണ്യത്തിന്റെയും ക്രൈസ്തവ സ്നേഹത്തിന്റെയും വെളിച്ചം നമ്മിലൂടെ പ്രസരിക്കൂ.

ദാരിദ്ര്യ രോഗ നിവാരണ ദിനത്തിൽ തങ്ങളുടേതായ സംഭാവനകൾ നൽകാൻ കൊച്ചുകുട്ടികൾ മുതൽ എല്ലാവരും പരിശ്രമിക്കുകയും അതിനായി പരസ്പരം പ്രോത്സാഹിപ്പിക്കുകയും വേണം. എന്റെ ആവശ്യങ്ങളെല്ലാം കഴിഞ്ഞ് എനിക്കൊന്നും മിച്ചമുണ്ടാവില്ല. എന്നാൽ എന്റെ ആഗ്രഹങ്ങളെക്കാൾ പ്രധാനമാണ് അപരന്റെ അത്യാവശ്യമെന്ന ചിന്ത സഹോദരങ്ങൾക്കായി നമ്മെത്തന്നെ വ്യയം ചെയ്യാൻ നമ്മെ പ്രേരിപ്പിക്കും.

നമുക്കുവേണ്ടി കുരിശിൽ മരിച്ച ഈശോയുടെ മനോഭാവം നമ്മുടെ ജീവിതത്തിൽ പ്രകാശിക്കുമ്പോൾ സഹോദരങ്ങൾക്കുവേണ്ടിയുള്ള എന്റെ സമർപ്പണം എന്റെ ആത്മാവിൽ വെളിച്ചമായി മാറും. ഉത്ഥാനത്തിന്റെ സന്തോഷത്തിലേക്ക് അതെന്നെ നയിക്കും. ദാരിദ്ര്യ രോഗനിവാരണത്തിന് എന്തെങ്കിലും സംഭാവന കൊടുത്ത് കടമ തീർക്കുക മാത്രം ചെയ്താൽ ഈ അനുഭവത്തിൽ നിന്നും നാം ബഹുദൂരം അകലെയായിരിക്കും. അനുദിനം അനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ട് നമ്മെ വഴിനടത്തുന്ന ദൈവത്തിന്റെ സന്തോഷത്തിൽ പങ്കുചേരുവാൻ നോമ്പുകാലത്ത് നമുക്ക് ലഭിക്കുന്ന ഈ അവസരം നഷ്ടമാക്കാതെ ഏവർക്കും അനുഗ്രഹമായി മാറട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ മാർച്ച് 18-ാം തീയതി ഞായറാഴ്ച അതിരൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വി. കുർബ്ബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതും അന്നത്തെ സ്തോത്രകാഴ്ച്ച അതിരൂപത കേന്ദ്രത്തിലേക്ക് സൗത്ത് ഇന്ത്യൻ ബാങ്കിലെ A124A11LCC എന്ന virtual അക്കൗണ്ട് നമ്പറിനോടുകൂടി അതത് ഇടവകകൾക്കായി നൽകിയിരിക്കുന്ന കോഡ് നമ്പർ കൂടി ചേർത്ത് കഴിവതും വേഗം അയച്ചുതരേണ്ടതുമാണ്.

Circular No. 219
**Malabar Kudiyetta Platinum Jubilee : Conclusion**

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date: 05-03-2018

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

മലബാർ ക്നാനായ കുടിയേറ്റ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപനം 2018 ഏപ്രിൽ മാസം 14-ാം തീയതി ശനിയാഴ്ച കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുകയാണല്ലോ. ക്രിസ്തുവിന്റെ പീഢാനുഭവത്തെക്കുറിച്ചും മരണത്തെക്കുറിച്ചും ധ്യാനിച്ചുകൊണ്ട് ഉത്ഥാന മഹത്വത്തിന്റെ നന്മയിൽ നിറയാൻ ആത്മീയമായി നമ്മെ ഒരുക്കുന്ന അമ്പത് നോമ്പിലൂടെ കടന്നുപോകുമ്പോൾ നാം അനുസ്മരിക്കേണ്ടത് നമ്മുടെ പൂർവ്വികരുടെ ബുദ്ധിമുട്ടുകളിലും പ്രയാസങ്ങളിലും അവരിൽ നിലനിന്നിരുന്ന പ്രതീക്ഷകളുടെ വെളിച്ചമാകണം. ഇന്നുള്ള സമുദായ വളർച്ചയും സൗകര്യങ്ങളും നമ്മുടെ പൂർവ്വികർ ക്രൂശിതനിൽ കണ്ണുറപ്പിച്ച് നേടിയെടുത്തതാണെന്ന് നാം അനുസ്മരിക്കണം. നമ്മുടെ സമുദായം നേരിട്ട പ്രശ്നങ്ങളുടെ മദ്ധ്യേ തളരാതെ കാലാകാലങ്ങളിൽ മുന്നേറാൻ അവർ നൽകിയ നല്ല പാഠങ്ങൾ നമ്മൾ മാതൃകയാക്കണം.

കുടിയേറ്റം ക്നാനായ ജനതയുടെ തനതു ശൈലിയാണ്. കൊടുങ്ങല്ലൂരിലേക്കും കേരളത്തിലെ മറ്റു സ്ഥലങ്ങളിലേക്കും അതേതുടർന്ന് 1943 ൽ മലബാറിലേക്കും ഇന്ത്യയിലെ ഇതര സ്ഥലങ്ങളിലേക്കും പിന്നീട് 60 ൽ പരം രാജ്യങ്ങളിലേക്കും പുറപ്പാടുകൾ നടത്തിയത് ഈ സാഹസികതയെ അനുസ്മരിപ്പിക്കും വിധമായിരുന്നു. അഭിവന്ദ്യ അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെ പ്രൊഫ. വി.ജെ. ജോസഫ് കണ്ടോത്ത്, ചെറുശ്ശേരിൽ ബഹു. മാത്യു അച്ചൻ എന്നിവരുടെ ശക്തമായ നേതൃത്വത്തിൽ 1943 ഫെബ്രുവരി 2 ന് രാജപുരത്തേക്ക് നടത്തിയ ക്നാനായ കുടി

യേറ്റം ബാലാരിഷ്ടതകളെ അതിജീവിച്ച് ഇന്നത്തെ മലബാറിന് രൂപം നൽകിയത് ഈ ക്നാനായ പൈതൃകത്തിന്റെ തണലിലായിരുന്നു. തിരുവിതാംകൂറിന്റെ മണ്ണിൽ നിന്നും ഉറ്റവരെയും ഉടയവരെയും വിട്ട് മലബാറിന്റെ മലമടക്കുകളിൽ പൊന്നുവിളയിക്കാനുള്ള ചരിത്ര നിയോഗം വിശ്വാസ-പൈതൃക-പരിശ്രമ നിറവിൽ ഏറ്റെടുത്ത നമ്മുടെ പൂർവ്വികരുടെ നിശ്ചയദാർഢ്യത്തിന്റെ മുമ്പിൽ നമുക്ക് ശിരസ്സ് നമിക്കാം.

മലബാർ കുടിയേറ്റ ജനതയുടെ പുറപ്പാടിന്റെ 75 വർഷങ്ങൾ പിന്നിടുകയാണ്. 2016 ഫെബ്രുവരി 2-ാം തീയതി ആദ്യകുടിയേറ്റം നടന്ന രാജപുരത്തു വച്ച് മൂന്നുവർഷം നീണ്ടുനിന്ന ക്നാനായ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലിക്ക് തുടക്കമായി. കഴിഞ്ഞ മൂന്ന് വർഷം വിവിധ ജനക്ഷേമ കർമ്മപരിപാടികൾ കൊണ്ട് ജൂബിലി ആചരണം ദൈവം ഏറ്റവും അനുഗ്രഹീതമാക്കി. ദൈവത്തിന്റെ അനന്ത പരിപാലനയ്ക്ക് നമുക്ക് പ്രത്യേകമായി നന്ദി പറയാം. സാമൂഹ്യ പ്രതിബദ്ധതയോടെ ആത്മീയചൈതന്യം നിറഞ്ഞ വിവിധ കർമ്മപദ്ധതികൾ പൂർത്തിയാക്കാൻ കഴിഞ്ഞത് സ്വദേശത്തും വിദേശത്തുമുള്ള അനേകം സുമനസ്സുകളുടെ സഹകരണം കൊണ്ടാണ്.

എല്ലാ ഭവനങ്ങൾക്കും ഗ്രോ ബാഗുകളും വിത്തുകളും നൽകി ജൈവഗ്രാമം പദ്ധതി, സമഗ്ര ആരോഗ്യ സർവ്വേ നടത്തി കാരിത്താസ് ആശുപത്രിയുടെ സഹകരണത്തോടെ ആരോഗ്യസംരക്ഷണ പദ്ധതി, കുട്ടികളുടെ വിദ്യാഭ്യാസ മേഖലയിലെ സമഗ്രവികസനം ലക്ഷ്യമാക്കി അതിരൂപതയിലെ വിവിധ സന്യാസിനി സമൂഹങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പ്, മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ജാതി മതഭേദമന്യേ നടപ്പിലാക്കിയ വരുമാന വർദ്ധക പദ്ധതികൾ, 70 കുടുംബങ്ങൾക്കായി നൽകുന്ന "കാരുണ്യ സ്പർശം" ചികിത്സാ സഹായ പദ്ധതി, 7-ാം ക്ലാസ്സ് കുട്ടികൾക്കായി നടപ്പിലാക്കുന്ന പ്ലാറ്റിനം സ്റ്റാർസ് പദ്ധതി എന്നിവ ഏറെ ശ്രദ്ധേയമാണ്. കേരള ഗവൺമെന്റുമായി സഹകരിച്ച് 'പ്ലാറ്റിനം ജൂബിലി ഭവനം' എന്ന പദ്ധതിയിലൂടെ മലബാറിലെ ഭവനരഹിതരായ 113 കുടുംബങ്ങൾക്ക് രണ്ടേ

കാൽ കോടി രൂപ ചെലവഴിച്ച് വാസയോഗ്യഭവനം നിർമ്മിച്ചു നൽകുവാൻ ഈ പ്ലാറ്റിനം ജൂബിലി അവസരമൊരുക്കി. ഈ പ്രവർത്തനങ്ങൾക്കെല്ലാം ലോകത്തിന്റെ നാനാഭാഗത്തുമുള്ള ക്നാനായ മക്കൾ വിശിഷ്യ വടക്കേ അമേരിക്കയിലെ ക്നാനായ കത്തോലിക്കാ ഇടവകകൾ നൽകിയ വലിയ സംഭാവനകളെ നന്ദിയോടെ സ്മരിക്കുന്നു.

കെ.സി.സിയുടെയും കെ.സി.ഡബ്ല്യു.എയുടെയും നേതൃത്വത്തിൽ പെരിക്കല്ലൂരിൽ നടത്തിയ മാതൃപിതൃസംഗമം, കെ.സി. വൈ.എലിന്റെ നേതൃത്വത്തിൽ രാജപുരത്ത് നടത്തിയ ഐക്യം 2017, തിരുബാലസഖ്യത്തിന്റെയും മിഷൻലീഗിന്റെയും നേതൃത്വത്തിൽ പയ്യാവൂരിൽ നടത്തിയ കുടിയേറ്റ പ്രേഷിത സംഗമം, മതബോധന കമ്മീഷന്റെ നേതൃത്വത്തിൽ ചങ്ങലീരി ഫൊറോനയിൽ നടത്തിയ വിശ്വാസ പരിശീലകരുടെ സംഗമം, ബറുമറിയം പാസ്റ്ററൽ സെന്ററിൽ നടത്തിയ അതിരൂപതാ വൈദികസംഗമം, കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ നടത്തിയ കോട്ടയം അതിരൂപത അദ്ധ്യാപക-അനദ്ധ്യാപക സംഗമം, 75 വയസ്സിനു മേൽ പ്രായമുള്ളവർക്കായി നടത്തിയ സംഗമങ്ങൾ എന്നിങ്ങനെയുള്ള വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ കുടിയേറ്റ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളിലെ അവിസ്മരണീയ കൂടിവരവുകളായിരുന്നു.

മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി സമാപനത്തോടനുബന്ധിച്ച് 2018 ഏപ്രിൽ 13-ാം തീയതി രാവിലെ 10.30 ന് ശ്രീപുരത്ത് നടക്കുന്ന ക്നാനായ മിഷനറി സംഗമത്തിലേക്ക് കേരളത്തിന് അകത്തും പുറത്തുമായി സേവനം ചെയ്യുന്ന എല്ലാ ക്നാനായ സമർപ്പിതരെയും മിഷനറിമാരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. ഏപ്രിൽ 14-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് കണ്ണൂർ ടൗണിൽ നിന്നും കുടിയേറ്റ പ്രേഷിത റാലിയും 4.30 ന് ശ്രീപുരം സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് സമാപന സമ്മേളനവും നടത്തുന്നതായിരിക്കും. മൂന്ന് വർഷം നീണ്ടുനിന്ന ക്നാനായ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി സമാപന ആഘോഷത്തിൽ മലബാറിലെ കുടിയേറ്റ ജനതയോടൊപ്പം പങ്കുചേരുവാൻ കഴിയുന്നത്ര

വൈദികരും സന്യസ്തരും അൽമായ സഹോദരങ്ങളും ശ്രദ്ധിക്കുമല്ലോ.

മലബാർ കുടിയേറ്റത്തിലൂടെ ദൈവം നമ്മുടെ ജനത്തിന് നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയുന്നതോടൊപ്പം കുടിയേറ്റ പിതാക്കന്മാരുടെ വിശ്വാസ തീഷ്ണതയും സമുദായ സ്നേഹവും ഏറ്റുവാങ്ങിക്കൊണ്ട് പ്ലാറ്റിനം ജൂബിലി സമാപനാഘോഷങ്ങൾ അനുഗ്രഹീതമാക്കുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ മാർച്ച് 18-ാം തീയതി ഞായറാഴ്ച അതിരൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വി. കുർബ്ബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.

## അജപാലന കേന്ദ്ര പ്രോഗ്രാമുകൾ

# CHAITHANYA PROGRAMME
## April 2018

| Date | Programme |
|---|---|
| 3-8 | Kudumbasree - Kottayam Branch Class |
| 6 | KSSS Animators' Meeting |
| 8 | KSSS CBR Neurological Medical Camp |
| 10 | Gathering for Fr. Cyriac Manthuruthil |
| 10 | CML State Directors’ Programme |
| 11-12 | MG University Summer Camp |
| 13 | CSI Fathers & Family Get-together |
| 16 | KSSS CBR CRC |
| 16-21 | Vocation Camp |
| 18 | Johny's Business Orientation Camp |
| 19 | KSSS Mushroom Cultivation Training |
| 21 | KSSS Coordinators' Meeting |
| 23-25 | Knanaya Stars Selection Camp |
| 23-27 | Co-operative Bank Training |
| 27 | SIPWA Annual Meet |
| 27-29 | Margam Kali |

# അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്

## ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം കലണ്ടർ

| തീയതി | പ്രോഗ്രാം | സ്ഥലം |
|---|---|---|
| **ഏപ്രിൽ** | | |
| ഏപ്രിൽ 2 - 28 | എഫ്ഫാത്ത | തൂവാനീസ |
| ഏപ്രിൽ 19 - 21 | ദൈവവിളി ക്യാമ്പ് (ആൺകുട്ടികൾ) | ബറുമറിയം |
| ഏപ്രിൽ 12 - 14 | വിവാഹ ഒരുക്ക സെമിനാർ | തൂവാനീസ |
| ഏപ്രിൽ 16 - 18 | ദൈവവിളി ക്യാമ്പ് (പെൺകുട്ടികൾ) | ബറുമറിയം |
| ഏപ്രിൽ 16 - 18 | ദൈവവിളി ക്യാമ്പ് (ആൺകുട്ടികൾ) | ചൈതന്യ |
| ഏപ്രിൽ 19 - 21 | ദൈവവിളി ക്യാമ്പ് (പെൺകുട്ടികൾ) | ചൈതന്യ |
| ഏപ്രിൽ 29 - മെയ് 8 | സീലോഹേ | തൂവാനീസ |

## തൂവാനിസ പ്രോഗ്രാം കലണ്ടർ

| തീയതി | പ്രോഗ്രാം |
|---|---|
| **ഏപ്രിൽ** | |
| ഏപ്രിൽ 2 - 28 | എഫ്ഫാത്ത |
| ഏപ്രിൽ 10 - 11 | ക്രിസ്റ്റീൻ ധ്യാനം |
| ഏപ്രിൽ 12 - 14 | വിവാഹ ഒരുക്ക കോഴ്സ് |
| ഏപ്രിൽ 29 - 30 | സീലോഹേ |
| **മെയ്** | |
| മെയ് 1 - 8 | സീലോഹേ |
| മെയ് 10 - 12 | വിവാഹ ഒരുക്ക കോഴ്സ് |
| മെയ് 13 - 17 | ആത്മജ്ഞാനഅഭിഷേക ധ്യാനം |
| മെയ് 19 - 20 | ഏഞ്ചൽസ് ധ്യാനം |
| മെയ് 20 | ആദ്യാക്ഷരം കുറിക്കൽ (പന്തക്കുസ്താ) |
| മെയ് 20 - 24 | ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം |
| മെയ് 27 - 31 | ആന്തരീക വിശുദ്ധീകരണ ധ്യാനം |

# വിശ്വാസ പരിശീലന കമ്മീഷൻ

## IV, VII ക്ലാസ്സുകളിലെ മത്സരപരീക്ഷ

മാർച്ച് 4-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ ഫൊറോനാ സെന്ററുകളിൽ വച്ച് 4, 7 ക്ലാസ്സുകളിലെ മത്സരപരീക്ഷ നടത്തപ്പെട്ടു.

## I മുതൽ IX വരെ ക്ലാസ്സുകൾക്ക് പരീക്ഷ

I മുതൽ IX വരെ ക്ലാസ്സുകൾക്ക് രണ്ടാം സെമസ്റ്റർ പരീക്ഷ ഏപ്രിൽ 2-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മുതൽ 12 വരെ ആയിരിക്കും നടത്തപ്പെടുക.

## വിശ്വാസവിരുന്ന്

ഏപ്രിൽ 3 മുതൽ 7-ാം തീയതി വരെയാണ് വിശ്വാസ വിരുന്ന് നടത്തപ്പെടുക.

## XI , XII ക്ലാസ്സുകളിലെ സ്പെഷൽ കോഴ്സ്

## EPHATHA - 2018

**BATCH 1- EPHATHA April 2nd (3.00 Pm) - April 5th (10 am)**

Neendoor, Kidangoor, Maridom, Areekara, Puthuvely, Ernakulam, Arunootimangalam, Eravimangalam, Muttom, Kumarakom, Samkranthi, East Nattassery, Caritas, Padamugham Forane

**BATCH 2 - EPHATHA April 6th (3.00 Pm) - April 10th (10am)**

Ettumanoor, Chamakala, Mattakara, Cherpunkal, Amanakara, Edakoly, Piravom, Kuruppanthara, Kaduthuruthy, Mrala, Parambancherry, Varapetty, Cathedral, Olessa

**BATCH 3- EPHATHA April 17th (3.00 Pm) - April 20th (10 am)**

Kallara old, Palathuruthu, Koodalloor, Uzhavoor, Karipadam, Kallara New, Marika, Neericadu, Makudalayam, Malloossery, Vadakummury

**BATCH 4 - EPHATHA April 21st (3.00 Pm) - April 24th (10 am)**

Kaipuzha, Punnathura, Veliyanoor, Chettukulam, Mankidappally,

Velloor, Pazhuthuruthu, Poozhikol, Memmury, Chunkom,Peroor, Pachira, Malankara Forane

**BATCH 5 - EPHATHA April 25th (3.00 Pm) - April 28th (10 am)**
Kurumulloor, Mannanam, Cherukara, Kattachira, Monipally, Pious Mount, Ramamangalam, Njeezhoor, Kothanalloor, Thottara, Karimkunnam, Manakad, S.H Mount, Vakathanam. Kannamkara, Charamangalam, Veliyanadu

# SILOHEI - 2018

**BATCH 1- SILOHEI April 29th (3.00 Pm) - April 30th (4 pm)**
Neendoor, Kidangoor, Maridom, Areekara, Puthuvely, Ernakulam, Arunootimangalam, Eravimangalam, Muttom, Kumarakom, Samkranthi, East Nattassery, Caritas, Padamugham Forane

**BATCH 2 - SILOHEI May 1st (3.00 Pm) - May 2nd (4pm)**
Ettumanoor, Chamakala, Mattakara, Cherpunkal, Amanakara, Edakoly, Piravom, Kuruppanthara, Kaduthuruthy, Mrala, Parambancherry, Varapetty, Cathedral, Olessa

**BATCH 3- SILOHEI May 3rd (3.00 Pm) - 4th May (4 pm)**
Kallara old, Palathuruthu, Koodalloor, Uzhavoor, Karipadam, Kallara New, Marika, Neericadu, Makudalayam, Malloossery, Vadakummury

**BATCH 4 - SILOHEI May 5th (3.00 Pm) - 6th May (4 pm)**
Kaipuzha, Punnathura, Veliyannoor, Chettukulam, Mankidappally, Velloor, Pazhuthuruthu, Poozhikol, Memmury, Chunkom,Peroor, Pachira, Malankara Forane

**BATCH 5 - SILOHEI 7th May (3.00 Pm) - 8th May (4 pm)**
Kurumulloor, Mannanam, Cherukara, Kattachira, Monipally, Pious Mount, Ramamangalam, Njeezhoor, Kothanalloor, Thottara,

Karimkunnam, Manakad, S.H Mount, Vakathanam. Kannamkara, Charamangalam, Veliyanadu

## ഇന്റൻസീവ് കോഴ്സ്

ഇന്റൻസീവ് കോഴ്സ് മെയ് മാസം 7, 8, 9, 10 തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്.

## സേ പരീക്ഷ

**X, XII** ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള സേ പരീക്ഷ മെയ് 13-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 4 മണിവരെ ഏറ്റുമാനൂർ സെന്റ് ജോസഫ്സ് സൺഡേ സ്കൂളിൽ വച്ച് നടത്തുന്നതാണ്.

**റവ. ഡോ. ജിജോ നെല്ലിക്കാകണ്ടത്തിൽ**
ചെയർമാൻ

## മലബാർ റീജിയൺ

## ഫ്ളയിം 2018

ക്നാനായ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി മലബാർ റീജിയൺ വിശ്വാസ പരിശീലനത്തിന്റെ ഭാഗമായി പ്ലസ് വൺ പ്ലസ് ടു ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായുള്ള അവധിക്കാല സ്പെഷ്യൽ കോഴ്സ് ഫ്ളയിം 2018 ഏപ്രിൽ 22 മുതൽ മെയ് 11 വരെ ബറുമറിയം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടും. ആറ് ബാച്ചുകളിലായി നാലു ദിവസം നീണ്ടു നിൽക്കുന്ന കുട്ടികളുടെ സമഗ്രമായ വികസനം ലക്ഷ്യം വെച്ച് നടപ്പിലാക്കുന്ന സംരംഭമാണ്. കള്ളാർ ധ്യാനകേന്ദ്രത്തിലെ ഫാ. ജോർജ്ജ് കുടുന്തയിലിന്റെ നേതൃത്വത്തിലുള്ള പ്രത്യേക ടീം അംഗങ്ങൾ ആണ് കോഴ്സ് നയിക്കുന്നത്. ഏപ്രിൽ 22 മുതൽ 25 വരെ പ്ലസ് വൺ ഒന്നാം ബാച്ചും ഏപ്രിൽ 26 മുതൽ 29 വരെ പ്ലസ് വൺ രണ്ടാം ബാച്ചും ഏപ്രിൽ 29 മുതൽ മെയ് 2 വരെ പ്ലസ് ടു ഒന്നാം ബാച്ചും മെയ് 2 മുതൽ മെയ് 5 വരെ പ്ലസ് ടു രണ്ടാം ബാച്ചും കോഴ്സുകളാണ് നടത്തപ്പെടുക.

**ഏപ്രിൽ**

16 – 18 : ദൈവവിളി ക്യാമ്പ് - പെൺകുട്ടികൾ
19 – 21 : ദൈവവിളി ക്യാമ്പ് - ആൺകുട്ടികൾ

22 - 25 : +1 ധ്യാനം - മടമ്പം, ചങ്ങലിരി

26 - 29 : +1 ധ്യാനം - രാജപുരം, പെരിക്കല്ലൂർ

**മെയ്**

ഏപ്രിൽ 29 - മെയ് 2 : +2 ക്യാമ്പ് - മടമ്പം, ചങ്ങലിരി

2 - 5 : +2 ക്യാമ്പ് - രാജപുരം, പെരിക്കല്ലൂർ

8 - 11 : +2 ക്യാമ്പ് - രണ്ടിലും പങ്കെടുക്കാൻ കഴിയാത്ത വർക്ക്

+1, +2 ക്കാരുടെ ധ്യാനവും ക്യാമ്പും ആദ്യ ദിവസം 4 മണിക്ക് തുടങ്ങി 4-ാം ദിവസം 1 മണിക്ക് സമാപിക്കും. രജിസ്ട്രേഷൻ ഫീസ് 500 രൂപ.

**ഫാ. ബിൻസ് ചേത്തലിൽ**

റീജിയണൽ ഡയറക്ടർ

# കരിസ്മാറ്റിക് കമ്മീഷൻ

## ക്രിസ്റ്റീൻ ധ്യാനം

ഏപ്രിൽ 12-ാം തീയതി വ്യാഴാഴ്ച മുതൽ 14-ാം തീയതി ശനി യാഴ്ച വരെ ക്രിസ്റ്റീൻ ധ്യാനം കോതനല്ലൂർ തൂവാനിസ പ്രാർത്ഥ നാലയത്തിൽ നടത്തപ്പെടുന്നു. ധ്യാനം ആദ്യ ദിവസം രാവിലെ 10 മണിക്ക് ആരംഭിച്ച് അവസാന ദിവസം വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നതാണ്.

## എഫ്ഫാത്ത, സീലോഹേ

അതിരൂപതയിലെ വിശ്വാസ പരിശീലനം നേടുന്ന പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കായുള്ള സ്പെഷ്യൽ കോഴ്സ് (എ ഫ്ഫാത്ത & സീലോഹേ) കോതനല്ലൂർ തൂവാനിസ പ്രാർത്ഥനാലയ ത്തിൽ നടത്തപ്പെടുന്നു.

**ഫാ. ജിബിൽ കുഴിവേലിൽ**

ചെയർമാൻ

# ഫാമിലി കമ്മീഷൻ

## വിവാഹ ഒരുക്ക സെമിനാർ

മാർച്ച് മാസത്തെ വിവാഹ ഒരുക്ക സെമിനാർ മാർച്ച് 26, 27, 28 തീയതികളിൽ കോതനെല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെട്ടു.

ഏപ്രിൽ മാസത്തെ വിവാഹ ഒരുക്ക സെമിനാർ 12 മുതൽ 14 വരെ കോതനെല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്.

## പ്രൊ – ലൈഫ് വാരാചരണം

പ്രൊ-ലൈഫ് വാരാചരണം മാർച്ച് 19 ന് സംഘടിപ്പിച്ചു.

## വിദ്യാർഥികൾക്കായി സെമിനാർ

പ്ലസ് ടു വിദ്യാർത്ഥികൾക്കായി കൗമാര ലൈംഗിക വിദ്യാഭ്യാസത്തെക്കുറിച്ച് ഏപ്രിൽ 29 മുതൽ മെയ് 8 വരെ സെമിനാർ സംഘടിപ്പിക്കുന്നു.

**ഫാ. ബ്രസൻ ഒഴുങ്ങാലിൽ**
ചെയർമാൻ

# ലിറ്റർജി കമ്മീഷൻ

## ദൈവാലയ ശുശ്രൂഷികൾക്കായുള്ള ധ്യാനം

നമ്മുടെ അതിരൂപതയിലെ എല്ലാ ദൈവാലയ ശുശ്രൂഷികൾക്കായുള്ള (കപ്യാർ) ഏകദിന ധ്യാനം മാർച്ച് 10-ാം തീയതി ശനിയാഴ്ച കോതനെല്ലൂർ തൂവാനിസ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു.

**റവ. ഡോ. ജിജോ നെല്ലിക്കാകണ്ടത്തിൽ**
ചെയർമാൻ

# പയസ് അസോസിയേഷൻസ്

## ചെറുപുഷ്പ മിഷൻലീഗ്

### ക്വിസ് മത്സരം

ഏപ്രിൽ 9-ാം തീയതി തിങ്കളാഴ്ച ഉഴവൂർ ശാഖയിൽ വച്ച് അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിന്റെ സ്മരണ നില നിർത്തുവാനായി ക്വിസ് മത്സരവും റാലിയും സംഘടിപ്പിക്കുന്നു.

**ഫാ. ജോബി പുച്ചൂകണ്ടത്തിൽ**
ഡയറക്ടർ

## സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി

### വിൻസെൻഷ്യൻ അംഗങ്ങൾക്കായുള്ള ധ്യാനം

കോട്ടയം സിസിയിൽ കോട്ടയം മേഖലയിലുള്ള വിൻസെൻഷ്യൻ അംഗങ്ങൾക്കായുള്ള വാർഷിക ധ്യാനം 2018 മാർച്ച് 10-ാം തീയതി ചൈതന്യ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തി. രാവിലെ 9 മണിക്ക് ജപമാലയോടു കൂടി ധ്യാനം ആരംഭിച്ചു. ബ്രദർ ജോർജ്ജുകുട്ടി അഗസ്റ്റിൻ, റവ. ഫാ. പോൾ എം.സി.ബി.എസ് എന്നിവർ ക്ലാസ്സുകൾ എടുത്തു. ധ്യാനത്തോടനുബന്ധിച്ച് കുരിശിന്റെ വഴിയും തുടർന്ന് റവ. ഫാ. അലക്സ് ആക്കപ്പറമ്പിലിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അർപ്പിച്ചു. ബ്രദർ ജെയിംസ് മുണ്ടുപുഴ ധ്യാന പരിപാടികൾക്ക് നേതൃത്വം നൽകി.

മലബാർ മേഖലയിലുള്ളവർക്കായി മടമ്പത്തും രാജപുരത്തും മാനന്തവാടിയിലും ധ്യാനങ്ങൾ നടത്തി. വിവിധ കോൺഫറൻസുകളിൽ നിന്നുമായി അംഗങ്ങൾ പങ്കെടുത്തു. മലബാർ മേഖലയിൽ എ.സി പ്രസിഡന്റുമാരായ ബ്രദർ ജേക്കബ് മുട്ടാട്ടുമലയിൽ, ബ്രദർ തോമസ് കട്ടിയാങ്കൽ, ബ്രദർ ജോസ് മുത്തുറ്റിൽ, ബ്രദർ ബേബി ജോസഫ് പള്ളിപ്പുറത്ത് എന്നിവർ നേതൃത്വം നൽകി.

## കോൺഫറൻസ് ഭാരവാഹികൾക്കായി ശില്പശാല നടത്തി

കോട്ടയം സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കോട്ടയം സിസിയിലുള്ള കോൺഫറൻസ് ഭാരവാഹികൾക്കായി ശില്പശാല നടത്തി. കോട്ടയം മേഖലയിലുള്ളവർക്കായി ഫെബ്രുവരി 18-ാം തീയതി തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വെച്ചും ഫെബ്രുവരി 25-ാം തീയതി മാറിക സെന്റ് ആന്റണീസ് ദൈവാലയത്തിൽ വച്ചും ശില്പശാല നടത്തി. ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ ശില്പശാല ഏറ്റുമാനൂർ മുൻസിപ്പൽ ചെയർമാൻ ജോയി മന്നാമല ഉദ്ഘാടനം ചെയ്തു. മാറികയിൽ സംഘടിപ്പിച്ച ശില്പശാല റവ.ഫാ. ഫിലിപ്പ് തൊടുകയിൽ ഉദ്ഘാടനം ചെയ്തു. വിവിധ കോൺഫറൻസുകളിൽ നിന്നുള്ള ഭാരവാഹികൾ ശില്പശാലയിൽ പങ്കെടുത്തു.

മലബാർ മേഖലയിലുള്ള മടമ്പം, മലബാർ എസികളിലെ ഭാരവാഹികളുടെ ശില്പശാല മാർച്ച് 4-ാം തീയതി പയ്യാവൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വികാരി റവ. ഫാ. സജി പുത്തൻപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. മാർച്ച് 5-ാം തീയതി മാനന്തവാടി പാവന പാസ്റ്ററൽ സെന്ററിൽ പെരിക്കല്ലൂർ എസിയുടെ കീഴിലുള്ള ഭാരവാഹികൾക്കായുള്ള ശില്പശാല നടത്തി. രാജപുരം എ.സി യുടെ കീഴിലുള്ള ഭാരവാഹികൾക്കായി മാർച്ച് 24-ാം തീയതി രാജപുരം ഹോളിഫാമിലി ചർച്ചിൽ ശില്പശാല നടത്തി.

**കെ. ജെ. ജോസ്**
പ്രസിഡന്റ്

# ലീജിയൻ ഓഫ് മേരി

## വാർഷിക സമ്മേളനം സംഘടിപ്പിച്ചു

കോട്ടയം അതിരൂപതയിലെ മരിയൻ അല്മായ ഭക്ത സംഘടനയായ ലീജിയൺ ഓഫ് മേരിയുടെ വാർഷിക സമ്മേളനവും ലീജിയൺ ഓഫ് മേരി പ്രാർത്ഥനാ കൂട്ടായ്മയായ മരിയൻ സൈന്യത്തിന്റെ പ്രതിഷ്ഠാ ചടങ്ങും അതിരൂപത അജപാലന കേന്ദ്രമായ തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. കോട്ടയം

അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു. സമ്മേളനത്തോടനുബന്ധിച്ച് 2018 – 2021 വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട കമ്മീസിയം, കൂരിയ, പ്രസീദിയം ഭാരവാഹികളുടെ പേരും ഫോൺ നമ്പറുകളും ചേർത്തുകൊണ്ട് തയ്യാറാക്കിയ ഡയറക്ടറി കടുത്തുരുത്തി ഫൊറോന വികാരി ഫാ. മാത്യു മണക്കാട്ട് പയസ് അസോസിയേഷൻ ചെയർമാൻ ഫാ. ജോബി പുച്ചൂകണ്ടത്തിലിനു നൽകി പ്രകാശനം ചെയ്തു. ചൈതന്യ കമ്മീഷൻസ് കോർഡിനേറ്റർ ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ, ലീജിയൻ ഓഫ് മേരി അതിരൂപത ചാപ്ലെയിൻ ഫാ. ജോസ് കുറുപ്പന്തറയിൽ, ഭാരവാഹികളായ സിസ്റ്റർ ജോസ്ലറ്റ് എസ്.ജെ.സി, മോളി ചാക്കോ, ലൂസി തോമസ്, ജയിൻ ജോയി, ആലീസ് ജോയി എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് കൈപ്പുഴ ഫൊറോന വികാരി ഫാ. മാത്യു കുഴിപ്പിള്ളിയുടെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും തൂവാനിസ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ജിബിൽ കുഴിവേലിലിന്റെ നേതൃത്വത്തിൽ മരിയൻ പ്രഭാഷണവും ആരാധനയും നടത്തപ്പെട്ടു. അൻപതോളം പ്രസീദിയങ്ങളിൽ നിന്നായി അഞ്ഞൂറോളം മരിയൻ സൈനികർ സമ്മേളനത്തിൽ പങ്കെടുത്തു.

**ഫാ. ജോസ് കുറുപ്പന്തറയിൽ**
സ്പിരിചൽ ഡയറക്ടർ

# കെ. സി. വൈ.എൽ.

## ഡയറക്ടേഴ്സ് & സിസ്റ്റർ അഡ്വൈസേഴ്സ് സംഗമം നടത്തി

സുവർണ്ണ ജൂബിലിയിലേക്ക് പ്രവേശിക്കുന്ന കെ.സി.എസ്.എൽ സംഘടനയെ ശരിയായ ദിശയിൽ നയിക്കാൻ യുവജനങ്ങളുടെ കൂടെ ആയിരിക്കുന്ന ഡയറക്ടേഴ്സ് ആൻഡ് സിസ്റ്റർ അഡ്വൈസേഴ്സ് എന്നിവർക്കായി സംഗമം നടത്തി. ചൈതന്യയിൽ വച്ച് നടന്ന സംഗമം കെ.സി.വൈ.എൽ മുൻ അതിരൂപത ഡയറക്ടർ ഡോ. ഫ്രാൻസിസ് സിറിയക് ഉദ്ഘാടനം നിർവ്വഹിച്ചു. സംഗമത്തിൽ അലക്സ് ക്ലാസ്സ് നയിച്ചു. തുടർന്ന് ഗ്രൂപ്പടിസ്ഥാനത്തിൽ നടന്ന ചർച്ച

കൾക്ക് ഫാ. സന്തോഷ് മുല്ലമംഗലത്തും ഷെല്ലി ആലപ്പാട്ടും നേതൃത്വം നൽകി. ബിബീഷ് ഓലിക്കമുറിയിൽ, റ്റിജിൻ ചേന്നാത്ത്, ഫാ. സന്തോഷ് മുല്ലമംഗലത്ത്, ഷെല്ലി ആലപ്പാട്ട്, സ്റ്റെഫി കപ്ലങ്ങാട്ട്, ജോണീസ് പി.സ്റ്റീഫൻ, സിസ്റ്റർ ലയ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. വിവിധ യൂണിറ്റുകളിൽ നിന്നായി 85 ഓളം ഡയറക്ടേഴ്സും സിസ്റ്റർ അഡ്വൈസേഴ്സും പങ്കെടുത്തു.

## ആശ്വാസ് – 2K18

നിർധനരായ യുവതി യുവാക്കൾക്കായി ആരംഭിച്ച ചികിത്സാസഹായ നിധിയായ ആശ്വാസ് – 2K18 ന്റെ ഭാഗമായി ഓരോ ഇടവകതലത്തിലും ബോക്സുകൾ നൽകുന്നതാണ്. 150 കുടുംബങ്ങൾ വരെയുള്ള ഇടവകയ്ക്ക് 5 ബോക്സുകളും 300 കുടുംബങ്ങൾ വരെയുള്ള ഇടവകയ്ക്ക് 7 ബോക്സുകളും 300 ന് മുകളിൽ കുടുംബങ്ങളുള്ള ഇടവകയ്ക്ക് 10 ബോക്സുകളും നൽകുന്നതാണ്.

50000 ന് മുകളിൽ ചിലവ് വരുന്ന ചികിത്സക്ക് രോഗത്തിന്റെ ഗൗരവം പരിഗണിച്ച് 10% വരെ ചികിത്സാസഹായം നൽകുന്നതാണ്. അപേക്ഷ യൂണിറ്റ് എക്സിക്യൂട്ടീവ് പാസ്സാക്കി യൂണിറ്റ് പ്രസിഡന്റിന്റെയും ചാപ്ലെയിന്റെയും സാക്ഷ്യപത്രത്തോടു കൂടി ബില്ലിന്റെ കോപ്പി സഹിതം അതിരൂപത സമിതിയെ ഏൽപ്പിക്കേണ്ടതാണ്. എന്നാൽ രോഗത്തിന്റെ ഗൗരവവും ആളുടെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് ഉചിതമായ തീരുമാനം അതിരൂപതാ എക്സിക്യൂട്ടീവ് എടുക്കുന്നതായിരിക്കും.

ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ പണസമാഹരണം നടത്തുന്ന യൂണിറ്റിന് പ്രത്യേക സമ്മാനം നൽകുന്നതും ബെസ്റ്റ് യൂണിറ്റ് തെരഞ്ഞെടുപ്പിൽ ഇത് പരിഗണിക്കുന്നതാണ്.

## മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി സമാപനം

കണ്ണൂരിൽ വച്ച് ഏപ്രിൽ 14 ന് നടക്കുന്ന മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലിയുടെ സമാപനത്തിൽ പങ്കെടുക്കാൻ കെ.സി.വൈ.എൽ അതിരൂപത സമിതി ഓരോ ഫൊറോനയിലേയും അഞ്ച് അംഗങ്ങൾക്ക് വേണ്ടി ബസ്സ് ക്രമീകരിക്കുന്നതാണ്. ജൂബിലി സമാപനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഫൊറോന പ്രസിഡന്റിന്റെ പക്കൽ 500

രൂപ ഫീസടച്ച് ബുക്ക് ചെയ്യണമെന്ന് താത്പര്യപ്പെടുന്നു. ഫൊറോന, യൂണിറ്റ് തലത്തിൽ ജൂബിലി സമാപനത്തിൽ പങ്കെടുക്കാൻ സാധിക്കുന്നവർ യൂണിറ്റ്, ഫൊറോന ഭാരവാഹികളുടെയും ചാപ്ലെയിന്റെയും നേതൃത്വത്തിൽ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

## നേതൃത്വ പരിശീലന കളരി

കെ.സി.വൈ.എൽ അതിരൂപത സമിതിയും ഫൊറോന സമിതികളും സംയുക്തമായി യൂണിറ്റ് ഭാരവാഹികൾക്കായി നടത്തുന്ന നേതൃത്വ പരിശീലന കളരിയുടെ ഔദ്യോഗിക ഉദ്ഘാടനം ഏപ്രിൽ 8, 9 തീയതികളിൽ കടുത്തുരുത്തി ഫൊറോനയിൽ ഞീഴൂർ യൂണിറ്റിൽ നടത്തപ്പെടുന്ന ക്യാമ്പിൽ വച്ച് നിർവഹിക്കപ്പെടുന്നു. ഓരോ ഫൊറോനയിലും സംഘടിപ്പിക്കുന്ന പരിശീലന ക്യാമ്പുകളിൽ അതാത് ഫൊറോനയിലെ യൂണിറ്റ് ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ. മറ്റുള്ള ഫൊറോനാതല ക്യാമ്പുകളുടെ തീയതികൾ ഫൊറോന സമിതിയും അതിരൂപത സമിതിയും ചർച്ച ചെയ്ത് അറിയിക്കുന്നതാണ്.

## സെനറ്റ്

കെ.സി.വൈ.എൽ 2018 -2019 പ്രവർത്തന വർഷത്തിലെ രണ്ടാമത്തെ സെനറ്റ് മെയ് 27-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ചൈതന്യയിൽ വച്ച് കൂടുന്നതാണ്.

**റ്റിജിൻ ചേന്നാത്ത്**
സെക്രട്ടറി

# വൊക്കേഷൻ കമ്മീഷൻ

## ദൈവവിളി ക്യാമ്പ്

കോട്ടയം അതിരൂപത വൊക്കേഷൻ കമ്മീഷന്റെ നേതൃത്വത്തിൽ ദൈവവിളി ക്യാമ്പ് സംഘടിപ്പിക്കുന്നു. ഏപ്രിൽ 16 മുതൽ 18 വരെ പെൺകുട്ടികൾക്കായി കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിലും ആൺകുട്ടികൾക്കായി തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്റ

റിലും ഏപ്രിൽ 19 മുതൽ 21 വരെ പെൺകുട്ടികൾക്കായി തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിലും ആൺകുട്ടികൾക്കായി കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിലും ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

**ഫാ. ബിബി തറയിൽ**
ചെയർമാൻ

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ

## ഫ്രാൻസിസ്കൻ അല്മായസഭ

## കോട്ടയം അതിരൂപത റീജിയൺ സംഗമം സംഘടിപ്പിച്ചു

ഫ്രാൻസിസ്കൻ അല്മായ സഭയുടെ ശതോത്തര സുവർണ്ണ ജൂബിലി (1826 - 2018) ആഘോഷങ്ങളുടെ ഭാഗമായി കോട്ടയം അതിരൂപത റീജിയൺ ഫ്രാൻസിസ്കൻ അല്മായ യൂണിറ്റുകളുടെ സംഗമം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. സംഗമത്തോടനുബന്ധിച്ച് റവ. ഡോ. ചെറിയാൻ പാലൂക്കുന്നേൽ ക്ലാസ്സ് നയിച്ചു. അതിരൂപത ഫ്രാൻസിസ്കൻ റീജിയൺ പ്രസിഡന്റ് സിറിയക് കവുന്നുകാട്ടിൽ പുതിയ അംഗങ്ങളെ ഫ്രാൻസിസ്കൻ നിയമാവലി, പ്രാർത്ഥനാ പുസ്തകം, താവുകുരിശ് എന്നിവ നൽകി സ്വീകരിച്ചു. സെന്റ് ജോസഫ് കപ്പുച്ചിൻ പ്രോവിൻസിന്റെ വികാർ പ്രോവിൻഷ്യൽ റവ. ഡോ.ജോർജ്ജ് ആന്റണി ആശാരിശ്ശേരിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഫ്രാൻസിസ്കൻ അല്മായ സഭയുടെ കേരളത്തിലെ പ്രചാരകനും സ്ഥാപകനുമായ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മിയച്ചന്റെ സുവനീർ കോട്ടയം അതിരൂപത ഫ്രാൻസിസ്കൻ മൂന്നാം സഭ സ്പിരിച്ച്വൽ അസിസ്റ്റന്റ് റവ. ഫാ മൈക്കിൾ പറൂശ്ശേരിൽ സഭാംഗങ്ങൾക്ക് വിതരണം ചെയ്തു. സംഗമത്തോടനുബന്ധിച്ച് വി.കുർബാനയും സ്നേഹ വിരുന്നും നടത്തപ്പെട്ടു. അതിരൂപതയിൽ വിവിധ ഇടവകകളിൽ നിന്നുള്ള 90 ഓളം ഫ്രാൻസിസ്കൻ അല്മായർ സംഗമത്തിൽ പങ്കെടുത്തു.

**സിറിയക് കവുന്നുകാട്ടിൽ**
പ്രസിഡന്റ്

# കാർട്ട്

## ക്നാനായ സ്റ്റാർസ് – പുതിയ ബാച്ചിലേക്ക് പ്രവേശനം

ക്നാനായ സമുദായത്തിലെ പ്രതിഭാശാലികളായ കുട്ടികളെ ഹൈസ്കൂൾ പ്രവേശനാവസരത്തിൽതന്നെ കണ്ടെത്തി മൂല്യാധിഷ്ഠിത ജീവിത മാർഗ്ഗനിർദ്ദേശങ്ങളും ഉന്നതവിദ്യാഭ്യാസം നേടിയെടുക്കാനാവശ്യമായ പരിശീലനങ്ങളും തുടർച്ചയായി നൽകി ഉന്നത നിലവാരത്തിലേക്ക് കൈ പിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ അതിരൂപത രൂപം നൽകിയ ക്നാനായ സ്റ്റാർസ് പദ്ധതിയിലെ പത്താമത്തെ ബാച്ചിലേക്കുള്ള പ്രവേശനത്തിന് അപേക്ഷകൾ സ്വീകരിച്ചു വരുന്നു. 2005 ൽ തുടക്കം കുറിച്ച ക്നാനായ സ്റ്റാർസ് പ്രോഗ്രാമിൽ നിലവിൽ ഒൻപത് ബാച്ചുകളിലായി 278 കുട്ടികൾക്ക് തുടർ പരിശീലനം നൽകി വരുന്നുണ്ട്. ക്നാനായ അക്കാദമി ഫോർ റിസേർച്ച് & ട്രെയിനിംഗി (KART) ന്റെ നേതൃത്വത്തിൽ അപ്നാദേശിന്റെ സഹകരണത്തോടെയാണ് തുടർ പരിശീലനം നടപ്പിലാക്കുന്നത്. പുതിയ ബാച്ചിലേക്ക് അപേക്ഷകൾ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കോട്ടയം, ഹൈറേഞ്ച് മേഖലകളിലെ ഇടവകകളിലെ ബഹു. വികാരിയച്ചന്മാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഏഴാം ക്ലാസ്സിലും എട്ടാം ക്ലാസ്സിലും പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും യോഗ്യതയുടെയും മികവിന്റെയും അടിസ്ഥാനത്തിൽ ബഹു. വികാരിയച്ചന്മാർ നിർദ്ദേശിക്കുന്ന സമർത്ഥരായ കുട്ടികളെ ഫൊറോന തലത്തിൽ വിലയിരുത്തി തുടർന്ന് മെയ് മാസത്തിൽ പ്രത്യേക സെലക്ഷൻ ക്യാമ്പ് നടത്തി ശാസ്ത്രീയ വിലയിരുത്തലിനു ശേഷം ക്നാനായ സ്റ്റാർസ് പ്രോഗ്രാമിൽ അംഗത്വം നൽകുന്നതാണ്.

## ക്നാനായ സ്റ്റാർസ് മെന്റേഴ്സ് പരിശീലനം സംഘടിപ്പിച്ചു

കോട്ടയം അതിരൂപതയുടെ നേതൃത്വത്തിൽ രൂപം നൽകിയ ക്നാനായ അക്കാദമി ഫോർ റിസേർച്ച് & ട്രെയിനിംഗി (കാർട്ട്)ന്റെ ആഭിമുഖ്യത്തിൽ ക്നാനായ സമുദായത്തിലെ സമർത്ഥരായ വിദ്യാർത്ഥികളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി രൂപപ്പെടുത്തിയ വിദ്യാർത്ഥികളുടെ കൂട്ടായ്മയായ ക്നാനായ സ്റ്റാർസ് ഡെവലപ്പ്മെന്റ് പ്രോഗ്രാമിലെ കുട്ടികൾക്ക് ഫലപ്രദമായ തുടർമാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായി രൂപീകരിച്ച ക്നാനായ സ്റ്റാർസ് മെന്റേഴ്സ്

ഫോറത്തിലെ അംഗങ്ങൾക്കായി പരിശീലനം സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച പരിശീലനം മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്തു. മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും പരിശ്രമങ്ങൾക്ക് പിന്തുണ നൽകി കൂടുതൽ ആത്മവിശ്വാസത്തോടെ കുട്ടികളുടെ ഫലപ്രദമായ വളർച്ച സാധ്യമാക്കുവാൻ മെന്റേഴ്സിന്റെ നിസ്വാർത്ഥ സേവനം വഴി സാധ്യമാകുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. കൂടാതെ സഭാ സമുദായ അവബോധം പുതുതലമുറയിൽ കൂടുതലായി ഊട്ടി ഉറപ്പിക്കുവാനും മൂല്യബോധമുള്ളവരായി അവരെ വളർത്തിയെടുക്കുവാൻ വഴിയൊരുക്കുവാനും മെന്റേഴ്സിന് സാധിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മെന്ററിംഗ് സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തിൽ ഡോ. റസീന പത്മം ക്ലാസ്സ് നയിച്ചു. മെന്റേഴ്സ് പ്രോഗ്രാമിലൂടെ കാർട്ട് പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനുള്ള കർമ്മപദ്ധതികൾക്ക് യോഗത്തിൽ രൂപം നൽകി. കാർട്ട് റിസോഴ്സ് ടീം രൂപീകരണം തുടർ പരിശീലനങ്ങൾ എന്നിവ യോഗത്തിൽ ചർച്ച ചെയ്തു. 32 പേർ പങ്കെടുത്തു.

## ക്നാനായ സ്റ്റാർസ് പ്രോഗ്രാം – വെക്കേഷൻ ക്യാമ്പ് മെയ് മാസത്തിൽ

കോട്ടയം അതിരൂപതയുടെ നേതൃത്വത്തിൽ രൂപം നൽകിയ ക്നാനായ അക്കാദമി ഫോർ റിസേർച്ച് & ട്രെയിനിംഗി (കാർട്ട്)ന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ക്നാനായ സ്റ്റാർസ് പ്രോഗ്രാമിലെ 5 മുതൽ 9 വരെ ബാച്ചിലെ കുട്ടികളുടെ (9-ാം ക്ലാസ്സ് മുതൽ ഡിഗ്രി വരെ പഠിക്കുന്ന കുട്ടികൾ) അവധിക്കാല ക്യാമ്പ് മെയ് മാസം 9-ാം തീയതി മുതൽ 13-ാം തീയതി വരെ ചൈതന്യയിൽ സംഘടിപ്പിക്കുന്നു. മെയ് 9 ന് രാവിലെ 11 മണിക്ക് ആരംഭിക്കുന്ന ക്യാമ്പ് 13 ന് വൈകുന്നേരം 3 മണിക്ക് സമാപിക്കും. നേതൃത്വ പരിശീലനവും ഉന്നതവിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കിയുള്ള പ്രസ്തുത ക്യാമ്പിൽ 5 മുതൽ 9 വരെയുള്ള ബാച്ചുകളിലെ എല്ലാ ക്നാനായ സ്റ്റാർസ് കുട്ടികളും പങ്കെടുക്കേണ്ടതാണ്.

**ഡോ. മേഴ്സി ജോൺ,** കോർഡിനേറ്റർ
ക്നാനായ സ്റ്റാർസ് ഡെവലപ്പ്മെന്റ് പ്രോഗ്രാം

# സോഷ്യൽ ആക്ഷൻ കമ്മീഷൻ

## കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി (KSSS)

## വികസന പാതയിൽ വരുംദിനങ്ങളിൽ

### ഗ്രാമീണ യുവജനങ്ങൾക്ക് ശാസ്ത്രീയ തൊഴിൽ പരിശീലനവും തൊഴിൽ അവസരവുമായി ദിൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (DDU-GKY) പദ്ധതിയുമായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

ഗ്രാമീണ യുവജനങ്ങൾക്ക് ശാസ്ത്രീയ തൊഴിൽ പരിശീലനത്തോടൊപ്പം തൊഴിൽ അവസരവും ഉറപ്പാക്കി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും കുടുംബശ്രീ മിഷന്റെയും സഹകരണത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന പദ്ധതിയാണ് ദിൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (DDU-GKY). പദ്ധതിയുടെ ഭാഗമായി ഗ്രാമീണ മേഖലയിലെ നിർദ്ധന യുവതി യുവാക്കൾക്ക് സൗജന്യ പരിശീലനവും തൊഴിലും പദ്ധതിയുടെ ഭാഗമായി ഉറപ്പുവരുത്തുന്നു. കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ താഴെ പറയുന്ന കോഴ്സുകളിലാണ് പരിശീലനം നൽകുന്നത്.

**സെയിൽസ് പേഴ്സൺ റീട്ടെയിൽ, ഡി.റ്റി.പി & പ്രിന്റ് പബ്ളിഷിംഗ് അസിസ്റ്റന്റ് , അക്കൗണ്ട്സ് അസിസ്റ്റന്റ് (ടാലി), ഫുഡ് & ബിവറേജ് സർവ്വീസസ്, തയ്യൽ പരിശീലനം**

**സവിശേഷതകൾ**

- പരിശീലനവും അനുബന്ധ ചെലവുകളും തികച്ചും സൗജന്യം
- വിദ്യാഭ്യാസ യോഗ്യതയ്ക്കും അഭിരുചിക്കും അനുസരിച്ചുള്ള പരിശീലനം
- മൂന്ന് മാസം ദൈർഘ്യമുള്ള NCVT സർട്ടിഫൈഡ് കോഴ്സുകൾ
- ആധുനിക സൗകര്യങ്ങളോടുകൂടിയ ക്ലാസ്സുകളും ലാബ് സൗകര്യവും

- ദിവസവും 8 മണിക്കൂർ പരിശീലനം
- സൗജന്യ ഇംഗ്ലീഷ്, കംപ്യൂട്ടർ, വ്യക്തിത്വ വികസന പരിശീലന ക്ലാസ്സുകൾ
- സൗജന്യ യൂണിഫോം, പഠനോപകരണങ്ങൾ, ടാബ് എന്നിവ ലഭ്യമാക്കുന്നു.
- വിദഗ്ധധരായ അദ്ധ്യാപകരുടെ നേതൃത്വത്തിലുള്ള പരിശീലനം
- റെസിഡൻഷ്യൽ / നോൺ റെസിഡൻഷ്യൽ പരിശീലന ക്ലാസ്സുകൾ
- വീടുകളിൽ നിന്നും പോയി വരുന്ന പരിശീലനാർത്ഥികൾക്ക് പ്രതിദിനം 125 രൂപ യാത്രാബത്തയായി നൽകുന്നതാണ്
- പരിശീലന കേന്ദ്രത്തിൽ താമസിച്ച് കോഴ്സിൽ പങ്കെടുക്കുന്നവർക്ക് സൗജന്യ ഭക്ഷണവും താമസവും
- പരിശീലനം പൂർത്തിയാക്കുന്നവർക്ക് കുറഞ്ഞത് 6000 രൂപ ശമ്പളത്തോടുകൂടി ജോലി ഉറപ്പുവരുത്തുന്നു
- പോസ്റ്റ് പ്ലെയിസ്മെന്റ് സപ്പോർട്ട്
- കൗൺസലിംഗ്
- മികച്ച നിലവാരം പുലർത്തുന്ന കുട്ടികൾക്ക് വിദേശത്തും തൊഴിൽ അവസരം

## ഭക്ഷ്യസുരക്ഷയ്ക്കായി മുട്ടക്കോഴിയും ഹൈടെക് കൂടുമായി കെ. എസ്. എസ്. എസ്

ഭക്ഷ്യസുരക്ഷ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രവർത്തന ഗ്രാമങ്ങളിലെ സ്വാശ്രയസംഘാംഗങ്ങൾക്കായി മുട്ടക്കോഴിയും ഹൈടെക് കൂടും ലഭ്യമാക്കുന്നു. പദ്ധതിയുടെ ഭാഗമായി ബിവി 380 ഇനത്തിൽപ്പെട്ട അമ്പത് ദിവസം പ്രായമുള്ള 25 കോഴികളും അമ്പത് കിലോഗ്രാം കോഴിത്തീറ്റയും മരുന്നും ഹൈടെക് കൂടുമാണ് ലഭ്യമാക്കുന്നത്. പതിനയ്യായിരം രൂപ മുതൽ മുടക്ക് വരുന്ന പദ്ധതിയിൽ അംഗങ്ങളാകുന്ന കെ.എസ്.എസ്.എസ് സ്വാശ്രയസംഘാംഗങ്ങൾക്ക് 1000 രൂപ സബ്സിഡി നൽകുന്നതാണ്. കൂടാതെ മേൽക്കൂരയും ട്രേയും അടങ്ങുന്ന കൂട് ഉൾപ്പെടുന്ന 19000 രൂപ വരുന്ന പാക്കേജ് 1000 രൂപ സബ്സിഡിയോടുകൂടി 18000 രൂപയ്ക്ക് ലഭ്യമാക്കുന്നതാണ്.

## സംഘശാക്തീകരണവും ഗ്രൂപ്പ് ഭാരവാഹി സംഗമവും മെയ് മാസത്തിൽ

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 5 ജില്ലകളിലായി രൂപം നൽകിയിരിക്കുന്ന വിവിധ വിഭാഗങ്ങൾക്കായുള്ള സ്വാശ്രയസംഘങ്ങളുടെ ശാക്തീകരണം മുൻനിർത്തി മേഖലാ അടിസ്ഥാനത്തിൽ ഭാരവാഹി സംഗമങ്ങൾ സംഘടിപ്പിക്കുന്നു. ഗ്രൂപ്പ് പ്രവർത്തനങ്ങളുടെ ചലനാത്മകതയും സജീവതയും ഉറപ്പുവരുത്തുന്നതോടൊപ്പം കൂടുതൽ കർമ്മനിരതമായ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിനുമായാണ് ഭാരവാഹി സംഗമം സംഘടിപ്പിച്ചിരിക്കുന്നത്. കൈപ്പുഴ മേഖല ഭാരവാഹി സംഗമം മെയ് 7-ാം തീയതി തിങ്കളാഴ്ച ചൈതന്യയിലും ചുങ്കം മേഖല സംഗമം മെയ് 10-ാം തീയതി വ്യാഴാഴ്ച ചുങ്കം സെന്റ് മേരീസ് ചർച്ച് ഹാളിലും മലങ്കര മേഖല സംഗമം മെയ് 26-ാം തീയതി ശനിയാഴ്ച ചിങ്ങവനം സെന്റ് ജോൺസ് കാത്തലിക് ചർച്ച് ഹാളിലും നടത്തപ്പെടും. രാവിലെ 10.30 മുതലാണ് സംഗമങ്ങൾ നടത്തപ്പെടുക. കൈപ്പുഴ മേഖല സംഗമം കൃഷി വകുപ്പ് മന്ത്രി വി.എസ് സുനിൽ കുമാറും ചുങ്കം മേഖല സംഗമം വൈദ്യുതി വകുപ്പ് മന്ത്രി എം.എം മണിയും മലങ്കരമേഖല സംഗമം ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി. തോമസും ഉദ്ഘാടനം ചെയ്യും.

## സ്വയം തൊഴിൽ സാധ്യതകളുമായി നബാർഡ് വരുമാന സംരംഭകത്വ പരിശീലനം

സ്വയം തൊഴിൽ സംരംഭക സാധ്യതകൾ സാധാരണക്കാരായ ആളുകൾക്ക് തുറന്ന് കൊടുക്കുക എന്ന ലക്ഷ്യത്തോടെ ദേശീയ ഗ്രാമീണ വികസന ബാങ്കായ നബാർഡുമായി സഹകരിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ചെറുകിട വരുമാന സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂൺ കൃഷിയിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. ഏപ്രിൽ 19 മുതലാണ് പരിശീലനം നടത്തപ്പെടുക.

## 'അമ്മ അറിയാൻ' – ബോധവൽക്കരണ പരിപാടി കൈപ്പുഴ മേഖലയിൽ

ആധുനിക കാലഘട്ടത്തിൽ കുട്ടികളും മാതാക്കളും അറിഞ്ഞും കരുതിയും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ബോധവൽക്കരണ

ക്യാമ്പയിനുമായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി. അമ്മ അറിയാൻ എന്ന പേരിൽ സംഘടിപ്പിക്കുന്ന പരിപാടിയുടെ ഭാഗമായി ഇതിനോടകം തന്നെ കെ.എസ്.എസ്.എസിന്റെ വിവിധ മേഖലകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. സ്കൂൾ കുട്ടികളെയും അവരുടെ മാതാക്കളെയും കെ.എസ്.എസ്.എസ് സ്വാശ്രയസംഘാംഗങ്ങളായ മാതാക്കളെയും സംഘടിപ്പിച്ചു കൊണ്ടാണ് ക്യാമ്പയിൻ നടത്തപ്പെടുക. ബോധവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി കൈപ്പുഴ മേഖലയിലെ പുതിയ കല്ലറ ഗ്രാമ ത്തിൽ ഏപ്രിൽ 12 വ്യാഴാഴ്ച രാവിലെ 11 മണിക്ക് അവബോധ ക്ലാസ് നടത്തപ്പെടും. വിദഗ്ദ്ധർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും.

## കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകുന്നതിന് കെ.എസ്.എസ്.എസ് വാട്ടർ ടാങ്ക് പദ്ധതി

ജലദൗർലഭ്യത രൂക്ഷമായിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ജലസംഭരണത്തിന് അവസരമൊരുക്കുന്നതിനായി സ്വാശ്രയസംഘാം ഗങ്ങൾക്കായി കെ.എസ്.എസ്.എസ് വാട്ടർടാങ്ക് പദ്ധതി നടപ്പിലാ ക്കുന്നു. സിന്റക്സ് കമ്പനിയുടെ 1000, 500 ലിറ്ററുകളുടെ റിനോ ടഫ് മോഡൽ വാട്ടർ ടാങ്കുകളും 1500, 2000 ലിറ്ററിന്റെ റിനോ മോഡൽ ടാങ്കുകളുമാണ് പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്നത്.

## ജീവിതശൈലി രോഗങ്ങൾ – ബോധവൽക്കരണ ക്യാമ്പയിനുമായി കെ.എസ്.എസ്.എസ്

ആധുനിക സമൂഹത്തിൽ അനുദിനം വർദ്ധിച്ചുവന്നുകൊണ്ടിരി ക്കുന്ന ജീവിത ശൈലി രോഗങ്ങളെക്കുറിച്ച് അവബോധം വളർത്തി യെടുക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ബോധവൽക്കരണ സെമി നാറുകൾ സംഘടിപ്പിക്കുന്നു. ഏപ്രിൽ 17-ാം തീയതി ചൊവ്വാഴ്ച ഇടയ്ക്കാട്ട് മേഖലയിലെ പേരൂർ ഗ്രാമത്തിൽ രാവിലെ 11 മണിക്കും 22-ാം തീയതി ഞായറാഴ്ച ചുങ്കം മേഖലയിലെ പറമ്പഞ്ചേരി ഗ്രാമത്തിൽ ഉച്ചകഴിഞ്ഞ് 3 മണിക്കും ഏപ്രിൽ 28-ാം തീയതി ശനിയാഴ്ച മലങ്കര മേഖലയിലെ വെളിയനാട് ഗ്രാമത്തിലുമാണ് ബോധവൽക്കരണ ക്യാമ്പയിനുകൾ നടത്തപ്പെടുക. ക്യാമ്പയിനോട നുബന്ധിച്ച് വിദഗ്ദ്ധർ ക്ലാസ് നയിക്കും.

## ഗ്രാമതല സെമിനാറുകൾ സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.എസ് സ്വാശ്രയ സംഘ പ്രവർത്തനങ്ങൾക്ക് കൂടുതൽ സജീവത പകരുക എന്ന ലക്ഷ്യത്തോടെ പ്രവർത്തന ഗ്രാമങ്ങളിൽ സ്വാശ്രയ സംഘാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഗ്രാമതല സെമിനാറുകൾ സംഘടിപ്പിക്കുന്നു. ഗ്രാമതല ഗ്രൂപ്പ് ശാക്തീകരണ പ്രവർത്തനങ്ങളോടൊപ്പം ആക്ഷൻ പ്ലാനുകളുടെ രൂപീകരണവും സെമിനാറുകളോടനുബന്ധിച്ച് നടത്തപ്പെടും.

## കെ.എസ്.എസ്.എസ് നോട്ട് ബുക്കുകൾ മിതമായ നിരക്കിൽ

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്കൂൾ കോളേജ് ആവശ്യങ്ങൾക്കായുള്ള നോട്ട് ബുക്കുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നു. ചേർപ്പുങ്കൽ അഗാപ്പെ ഭവനിൽ ഭിന്ന ശേഷിയുള്ളവരുടെ വരുമാനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രവർത്തിച്ചുവരുന്ന ബുക്ക് നിർമ്മാണ യൂണിറ്റിൽ നിന്നുമാണ് ഗുണമേന്മയുള്ള നോട്ടുബുക്കുകൾ ലഭ്യമാക്കുന്നത്. കൂടാതെ അറ്റൻഡൻസ് രജിസ്റ്റർ, നാലുവര ബുക്കുകൾ മുതലായവ ഓർഡർ അനുസരിച്ച് ലഭ്യമാക്കുന്നതാണ്. ഓർഡർ നൽകി 15 ദിവസത്തിനകം ബുക്കുകൾ ലഭ്യമാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും ഓർഡർ നൽകുന്നതിനുമായി 9961033317 എന്ന നമ്പരിൽ ബന്ധപ്പെടുക.

## ന്യൂറോളജിക്കൽ മെഡിക്കൽ ക്യാമ്പ്

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി തുടർച്ചയായി നടത്തിവരുന്ന ന്യൂറോളജിക്കൽ മെഡിക്കൽ ക്യാമ്പ് ഏപ്രിൽ 8-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ 1 മണി വരെ ചൈതന്യയിൽ സംഘടിപ്പിക്കുന്നു. ക്യാമ്പിന് ന്യൂറോളജിസ്റ്റ് ഡോ. ഗ്രേസിക്കുട്ടി നേതൃത്വം വഹിക്കും. കൂടാതെ സ്പീച്ച് തെറാപ്പി, ഫിസിയോതെറാപ്പി, കൗൺസിലിംഗ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്.

## പുരുഷ സ്വാശ്രയസംഘം കടുത്തുരുത്തി മേഖലാസംഗമം ഏപ്രിൽ 29 ന്

സ്വാശ്രയസംഘങ്ങളിലൂടെ സമഗ്ര വികസനം എന്ന ലക്ഷ്യം മുൻനിർത്തി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ

നേതൃത്വത്തിൽ പ്രവർത്തന ഗ്രാമങ്ങളിൽ രൂപീകൃതമായിരിക്കുന്ന പുരുഷസ്വാശ്രയസംഘങ്ങളുടെ മേഖലാ സംഗമങ്ങൾ സംഘടിപ്പിക്കുന്നു. കടുത്തുരുത്തി മേഖലാ പുരുഷ സ്വാശ്രയസംഗമം ഏപ്രിൽ 29 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പൂഴിക്കോൽ സെന്റ് ലൂക്ക്സ് ചർച്ച് പാരിഷ് ഹാളിൽ നടത്തപ്പെടും. സംഗമത്തോടനുബന്ധിച്ച് സെമിനാർ, പൊതുസമ്മേളനം എന്നിവ ഉണ്ടായിരിക്കും.

# കെ. എസ്. എസ്. എസ് പോയവാരങ്ങളിൽ

## സ്ത്രീ ശാക്തീകരണത്തിന്റെ ഉണർത്തുപാട്ടായി കെ. എസ്. എസ്. എസ് വനിതാദിനാഘോഷം

സ്ത്രീ ശാക്തീകരണത്തിന്റെ ഉണർത്തുപാട്ടായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ വനിതാദിനാഘോഷം സംഘടിപ്പിച്ചു. അന്താരാഷ്ട്ര വനിതാദിനാഘോഷങ്ങളുടെ ഭാഗമായി തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച വനിതാദിന പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനം സംസ്ഥാന കൃഷി വകുപ്പിന്റെ കർഷകതിലകം അവാർഡ് ജേതാവ് സ്വപ്നാ ജെയിംസ് നിർവ്വഹിച്ചു. കോട്ടയം അതിരൂപതാ മെത്രാപ്പോലീത്തയും കെ.എസ്.എസ്.എസ് രക്ഷാധികാരിയുമായ മാർ മാത്യു മൂലക്കാട്ട് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, കോട്ടയം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മേരി സെബാസ്റ്റ്യൻ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാ ബിനു, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൽസമ്മ മാത്യു, കെ.എസ്.എസ്.എസ് വനിതാസ്വാശ്രയസംഘ ഫെഡറേഷൻ പ്രസിഡന്റ് മായക്കുട്ടി ജോൺ, കെ.എസ്.എസ്.എസ് അസിസ്റ്റന്റ് സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, കോർഡിനേറ്റേഴ്സ് പ്രതിനിധി ബെസ്സി ജോസ് എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസ് സ്വാശ്രയസംഘ പ്രവർത്തനങ്ങളിൽ പങ്കാളികളായ മാതൃക വനിതാ പ്രവർത്തകരെ ആദരിച്ചു. ഉച്ചകഴിഞ്ഞ് 1.30 ന് വനിതകൾക്കായി നടത്തപ്പെട്ട ചാക്കിൽ ഓട്ടമത്സരത്തോടെയാണ് ദിനാഘോഷങ്ങൾക്ക് തുടക്കമായത്. ആവേശം വിതറിയ മത്സരത്തിൽ ഇരവിമംഗലം ഗ്രാമത്തിലെ മേരിക്കുട്ടി ജോസഫ് ഒന്നാം

സ്ഥാനവും മോനിപ്പള്ളി ഗ്രാമത്തിലെ റീന ബേബി രണ്ടാം സ്ഥാനവും കരസ്ഥമാക്കി. തുടർന്ന് നടത്തപ്പെട്ട സ്ത്രീ ശാക്തീകരണ സെമിനാറിന് ഫാമിലി കൗൺസിലർ ഗ്രേസ് ലാൽ നേതൃത്വം നൽകി. സ്ത്രീ ശാക്തീകരണത്തിന്റെയും മാനവികതയുടേയും സന്ദേശം പകർന്നുകൊണ്ട് എത്തിയ വനിതാ പ്രഛന്ന വേഷധാരികളും ദിനാ ചരണത്തിന് പകിട്ടേകി. വനിതാ ശിങ്കാരിമേളം, വനിതകൾക്കായുള്ള ഓട്ടോറിക്ഷാ പദ്ധതി, ടാക്സി ഡ്രൈവിംഗ്, സെക്യൂരിറ്റി ഫോഴ്സ്, വനിതാ കാന്റീൻ, തെങ്ങുകയറ്റം തുടങ്ങിയ ഒട്ടനവധി വനിതാ വികസന മുന്നേറ്റ മാതൃകകൾ പൊതുസമൂഹത്തിന് സംഭാവന ചെയ്യുവാൻ നാളിതുവരെയുള്ള പ്രവർത്തനങ്ങളിലൂടെ കെ.എസ്. എസ്.എസിന് സാധിച്ചിട്ടുണ്ട്. കോട്ടയം, ഇടുക്കി, ആലപ്പുഴ, എറ ണാകുളം, പത്തനംതിട്ട ജില്ലകളിൽ പ്രവർത്തിക്കുന്ന ആയിരത്ത ഞ്ഞൂറോളം വനിതാ സ്വാശ്രയസംഘാംഗങ്ങൾ ദിനാചരണത്തിൽ പങ്കെടുത്തു.

## ജലസംരക്ഷണ സന്ദേശവുമായി കെ.എസ്.എസ്.എസ് ജലദിനാചരണം

ജല സംരക്ഷണ സന്ദേശം പകർന്നുകൊണ്ട് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിപുല മായ പരിപാടികളോടെ ജലദിനാചരണം സംഘടിപ്പിച്ചു. അന്താ രാഷ്ട്ര ജലദിനത്തോടനുബന്ധിച്ച് ചൈതന്യയിൽ സംഘടിപ്പിച്ച ജലദിനാചരണ പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനം കോട്ടയം ജില്ലാ പോലീസ് മേധാവി വി.എം മുഹമ്മദ് റഫീഖ് ഐ.പി.എസ് നിർവ്വ ഹിച്ചു. ഏറ്റുമാനൂർ മുനിസിപ്പൽ ചെയർമാൻ ജോയി മന്നാമല ചട ങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാ ബിനു, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൽസമ്മ മാത്യു, കെ.എസ്.എസ്.എസ് വനിത സ്വാശ്രയസംഘ ഫെഡറേഷൻ ഗ്രാമതല സെക്രട്ടറി പ്രമുദ നന്ദകുമാർ, കോർഡിനേറ്റർ ലൈല ഫി ലിപ്പ് എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് നടത്തപ്പെട്ട ജല സംരക്ഷണ പ്രതിജ്ഞയ്ക്ക് കോട്ടയം ജില്ലാ പോലീസ് മേധാ വി വി.എം മുഹമ്മദ് റഫീഖ് ഐ.പി.എസ് നേതൃത്വം നൽകി. പരിപാടി

യുടെ ഭാഗമായി നടത്തപ്പെട്ട ജലസംരക്ഷണ സെമിനാറിന് കല്ലറ കൃഷി ഓഫീസർ ജോസഫ് റെഫിൻ ജെഫ്രി നേതൃത്വം നൽകി. കെ.എസ്.എസ്.എസ് ഇടയ്ക്കാട്ട് മേഖലയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദിനാചരണത്തിൽ ഇരുനൂറ്റിയമ്പതോളം പേർ പങ്കെടുത്തു.

## ശാസ്ത്രീയ തയ്യൽ തൊഴിൽ പ്രോത്സാഹന പദ്ധതിയുമായി കെ. എസ്. എസ്. എസ്

തയ്യൽ തൊഴിൽ പ്രോത്സാഹനത്തിലൂടെ വരുമാന സാധ്യതകളും സ്വയം തൊഴിൽ പ്രോത്സാഹനവും സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന ശാസ്ത്രീയ തയ്യൽ തൊഴിൽ പ്രോത്സാഹന പദ്ധതിയുടെ രണ്ടാം ബാച്ചിന്റെ പരിശീലനം സംഘടിപ്പിച്ചു. ഉഷ ഇന്റർനാഷണൽ ലിമിറ്റഡുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം തെള്ളകം പാസ്റ്ററൽ സെന്ററിൽ അഡ്വ. മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ എറണാകുളം ജില്ലയിൽപ്പെട്ട വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള വനിതാ സ്വാശ്രയസംഘാംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തിരഞ്ഞെടുക്കപ്പെട്ട 15 വനിതകൾക്കാണ് പദ്ധതിയുടെ ഭാഗമായി സൗജന്യ തയ്യൽ പരിശീലനവും തയ്യൽ മെഷീനും ലഭ്യമാക്കിയത്. മെഷീൻ റിപ്പയറിംഗ്, തുണിസഞ്ചി, തുണികൊണ്ടുള്ള കരകൗശലവസ്തുക്കൾ എന്നിവയോടൊപ്പം ചുരിദാർ, ഫ്രോക്ക്, പൈജാമ, ബ്ലൗസ്, കുർത്ത, പാന്റ്സ്, ഷർട്ട്, മിഡി, ടോപ്പ് തുടങ്ങിയവയിലാണ് പരിശീലനം നൽകിയത്. ഏഴുദിവസത്തെ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഉഷ ഇന്റർനാഷണൽ ലിമിറ്റഡിന്റെ അംഗീകൃത സർട്ടിഫിക്കറ്റും ലഭ്യമാക്കി.

## ജീവിത ശൈലി രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു

അനുദിനം വർദ്ധിച്ചുവന്നുകൊണ്ടിരിക്കുന്ന ജീവിത ശൈലി രോഗങ്ങളെക്കുറിച്ച് സമൂഹത്തിൽ അവബോധം വളർത്തിയെടുക്കുക

എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. കൈപ്പുഴ സെന്റ് ജോർജ്ജ് ചർച്ച് ഹാളിൽ സംഘടിപ്പിച്ച സെമിനാറിന് സാമൂഹ്യ പ്രവർത്തകയായ ബിന്ദു തോമസ് നേതൃത്വം നൽകി. കെ.എസ്.എസ്.എസ് കൈപ്പുഴ മേഖലയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സെമിനാറിൽ നൂറോളം പേർ പങ്കെടുത്തു. കോർഡിനേറ്റർമാരായ ചിന്നമ്മ രാജൻ, ബെസ്സി ജോസ്, അനിമേറ്റർ എൽസി മാത്യു എന്നിവർ നേതൃത്വം നൽകി.

## അമ്മ അറിയാൻ ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആധുനിക കാലഘട്ടത്തിൽ കുട്ടികളും മാതാക്കളും അറിഞ്ഞും കരുതിയും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് അമ്മ അറിയാൻ എന്ന പേരിൽ മാതാപിതാക്കൾക്ക് ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിച്ചു. കടുത്തുരുത്തി മേഖലയുടെ നേതൃത്വത്തിൽ അറുനൂറ്റിമംഗലം സെന്റ് ജോസഫ് ചർച്ച് ഹാളിൽ സംഘടിപ്പിച്ച സെമിനാറിന്റെ ഉദ്ഘാടനം മുളക്കുളം ഗ്രാമപഞ്ചായത്ത് മെമ്പർ ജോസഫ് സിറിയക് നിർവ്വഹിച്ചു. ചടങ്ങിൽ ഗ്രാമതല പ്രസിഡന്റ് മേരികുട്ടി അദ്ധ്യക്ഷത വഹിച്ചു. കോർഡിനേറ്റർ മേഴ്സി സ്റ്റീഫൻ, ഗ്രൂപ്പ് പ്രതിനിധി ആനി ജോൺ, സാറക്കുട്ടി ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. കൂടാതെ മാതൃക പ്രവർത്തനം നടത്തി വരുന്ന ദേവകി കുഞ്ഞുപിള്ളയെ ആദരിച്ചു. റിസോഴ്സ് പേഴ്സൺ ഷൈല തോമസ് ക്ലാസ് നയിച്ചു. അനിമേറ്റർമാരായ ബീന ജോയി, കുഞ്ഞുമോൾ തോമസ് പരിപാടികൾക്ക് നേതൃത്വം നൽകി. നൂറോളം പേർ പങ്കെടുത്തു.

## മുഖാമുഖം പരിപാടി സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി മുഖാമുഖം പരിപാടി സംഘടിപ്പിച്ചു. ഭിന്നശേഷിയുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന

സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയിലെ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് കടുത്തുരുത്തി സെന്റ് മേരീസ് ചർച്ച് പാരീഷ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയുടെ ഉദ്ഘാടനം കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അന്നമ്മ രാജു നിർവ്വഹിച്ചു. ചടങ്ങിൽ കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.വി സുനിൽ കുമാർ അദ്ധ്യക്ഷത വഹിച്ചു. ഗ്രാമസേവകൻ ബിജുമോൻ, നവചൈതന്യ ഫെഡറേഷൻ പ്രസിഡന്റ് തോമസ് കൊറ്റോടം, ഷൈല തോമസ്, മേഴ്സി സ്റ്റീഫൻ, മേരി ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. സിബിആർ ഗ്രൂപ്പ് അംഗങ്ങളും സീനിയർ സിറ്റിസൺ ഗ്രൂപ്പ് അംഗങ്ങളും വിധവകളും കുടുംബഭാരം പേറുന്ന വനിതകളും ഉൾപ്പെടെ എഴുപതോളം പേർ പരിപാടിയിൽ പങ്കെടുത്തു. പരിപാടിയുടെ ഭാഗമായി ത്രിതല പഞ്ചായത്ത് അംഗങ്ങളുമായി സംവാദവും നടത്തി.

## ഭക്ഷ്യസുരക്ഷയ്ക്കായി മുട്ടക്കോഴിയും ഹൈടെക് കൂടും ചുങ്കം മേഖലയിൽ വിതരണം ചെയ്തു

ഭക്ഷ്യസുരക്ഷ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രവർത്തന ഗ്രാമങ്ങളിലെ സ്വാശ്രയസംഘാംഗങ്ങൾക്കായി നടപ്പിലാക്കുന്ന മുട്ടക്കോഴിയും ഹൈടെക് കൂടും പദ്ധതിയുടെ ഭാഗമായി ചുങ്കം മേഖലയിലെ വിവിധ ഗ്രാമങ്ങളിൽ കോഴിയും കൂടും വിതരണം ചെയ്തു. പദ്ധതിയുടെ ഭാഗമായി ബിവി 380 ഇനത്തിൽപ്പെട്ട അമ്പത് ദിവസം പ്രായമുള്ള 25 കോഴികളും അമ്പത് കിലോഗ്രാം കോഴിത്തീറ്റയും മരുന്നും ഹൈടെക് കൂടുമാണ് ലഭ്യമാക്കിയത്. ചുങ്കം മേഖലയിലെ വിവിധ ഗ്രാമങ്ങളിലായി 41 യൂണിറ്റുകളാണ് വിതരണം ചെയ്തത്. പദ്ധതിയുടെ വിതരണോദ്ഘാടനം ചുങ്കം ഗ്രാമവികസന സമിതി പ്രസിഡന്റ് റവ. ഫാ. ജോർജ്ജ് പുതുപ്പറമ്പിൽ നിർവ്വഹിച്ചു. ഓഫീസ് സ്റ്റാഫ് സിജോ തോമസ്, കോർഡിനേറ്റർ ലിസി ചാക്കോ, അനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

## അന്ധബധിര പുനരധിവാസ പദ്ധതി പാട്നേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു

അന്ധബധിര വൈകല്യമുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സെൻസ് ഇന്റർനാഷണൽ ഇൻഡ്യയുടെയും അസീം പ്രേംജി ഫിലാൻന്ത്രോപിക്

ഇനിഷ്യേറ്റീവ്സിന്റെയും സഹകരണത്തോടെ നടപ്പിലാക്കി വരുന്ന അന്ധബധിര പുനരധിവാസ പദ്ധതി ഭാഗമായി മാർച്ച് 13, 14, 15 തീയതികളിൽ ചെന്നൈയിൽ നടത്തപ്പെട്ട പാട്നേഴ്സ് മീറ്റിംഗിൽ കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, പ്രൊജക്ട് കോർഡിനേറ്റർ ഷൈല തോമസ്, സ്പെഷ്യൽ എജ്യൂക്കേറ്റർ സിസ്റ്റർ നിഖില എസ്.ജെ.സി എന്നിവർ പങ്കെടുത്തു.

## സംയോജിത വിദ്യാഭ്യാസ സന്ദേശവുമായി 'വി റിംഗ് ദ ബെൽ' പ്രോഗാം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭിന്നശേഷിയുള്ള കുട്ടികൾക്കായുള്ള സംയോജിത വിദ്യാഭ്യാസ പ്രോത്സാഹനത്തിന്റെ ഭാഗമായി വി റിംഗ് ദ ബെൽ പരിപാടി സംഘടിപ്പിച്ചു. ഇടയ്ക്കാട്ട് കിടങ്ങൂർ കൈപ്പുഴ മേഖലകളിലായാണ് പരിപാടി സംഘടിപ്പിച്ചത്. കുമരകം അഗാപ്പെ ഡെ കെയർ സെന്ററിലെ കുട്ടികളെയും കുമരകം മരിയൻഭവൻ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ കുട്ടികളേയും സംയുക്തമായി സംഘടിപ്പിച്ചുകൊണ്ടാണ് കുമരകത്ത് പരിപാടി സംഘടിപ്പിച്ചത്. അഗാപ്പെ ഡെ കെയർ സെന്ററിലെ കുട്ടികൾ പരിപാടിയുടെ ഭാഗമായി മരിയഭവൻ സ്കൂളിലേക്ക് റാലിയായി എത്തി. തുടർന്ന് നടത്തപ്പെട്ട പൊതുസമ്മേളനത്തിൽ മാഗി ജോൺ അദ്ധ്യക്ഷത വഹിച്ചു. സ്കൂൾ മാനേജർ ഫാ. സുനീഷ് എബ്രാഹാം ചിറയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. മരിയൻഭവൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ ഹെഡ്മിസ്ട്രസ് മോളിയമ്മ ചെറിയാൻ, കെ.എസ്.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ മേരി ഫിലിപ്പ് തുടങ്ങിയർ പ്രസംഗിച്ചു. കിടങ്ങൂർ ഭാരതീയ വിദ്യാലയ മന്ദിരം സ്കൂളിൽ സംഘടിപ്പിച്ച പരിപാടിയുടെ ഉദ്ഘാടനം കിടങ്ങൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ബോബി തോമസ് നിർവ്വഹിച്ചു. ചടങ്ങിൽ കിടങ്ങൂർ ഭാരതീയ വിദ്യാലയ മന്ദിരം സ്കൂൾ മാനേജർ ദിലീപ് കുമാർ അദ്ധ്യക്ഷത വഹിച്ചു. ഹെഡ്മിസ്ട്രസ് ഗീത ബി., മേരി ഫിലിപ്പ്, സിസ്റ്റർ ലൂഡ്സി എസ്.വി.എം എന്നിവർ പ്രസംഗിച്ചു. കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ഭിന്നശേഷിയുള്ള കുട്ടികൾക്കായി ചേർപ്പുങ്കലിൽ പ്രവർത്തിക്കുന്ന അഗാപ്പെ ഡെ കെയർ സെന്ററിലെയും റിസോഴ്സ്

സെന്ററിലെയും കിടങ്ങൂർ ഭാരതീയ വിദ്യാലയ സ്കൂളിലെ കുട്ടികളേയും സംയുക്തമായി സംഘടിപ്പിച്ചുകൊണ്ടാണ് വി റിംഗ് ദ ബെൽ പ്രോഗ്രാം നടത്തപ്പെട്ടത്. കൈപ്പുഴ സെന്റ് മാർഗരറ്റ് സ്കൂളിൽ സംഘടിപ്പിച്ച പരിപാടിയിൽ കൈപ്പുഴ സെന്റ് ജോർജ്ജ് ഫൊറോനാ ചർച്ച് വികാരി ഫാ. മാത്യു കുഴിപ്പിള്ളി അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ സെബി എസ്.വി.എം എന്നിവർ പ്രസംഗിച്ചു. പരിപാടിയുടെ ഭാഗമായി 'ആൾ ആർ വെൽക്കം ടു സ്കൂൾ' എന്ന ആശയത്തെ മുൻനിർത്തി മ്യൂസിക്കൽ പ്രോഗാമും കുട്ടികളുടെ കലാപരിപാടിയും നടത്തപ്പെട്ടു.

## അന്ധബധിര പുനരധിവാസ പദ്ധതി കണ്ണൂർ, കാസർഗോഡ് ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചു

അന്ധബധിര വൈകല്യമുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സെൻസ് ഇന്റർനാഷണൽ ഇൻഡ്യയുടെയും അസീം പ്രേംജി ഫിലാൻന്ത്രോപിക് ഇനിഷ്യേറ്റീവ്സിന്റെയും സഹകരണത്തോടെ നടപ്പിലാക്കി വരുന്ന അന്ധബധിര പുനരധിവാസ പദ്ധതി പ്രവർത്തനങ്ങൾ കണ്ണൂർ, കാസർഗോഡ് ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചു. പ്രവർത്തന വ്യാപനത്തിന്റെ ഭാഗമായി സെപ്ഷ്യൽ എജ്യൂക്കേറ്റർ സിസ്റ്റർ നിഖില എസ്.ജെ.സിയുടെ നേതൃത്വത്തിൽ മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി, കാസർഗോഡ് ജനറൽ ഹോസ്പിറ്റൽ, കാഞ്ഞങ്ങാട് ജില്ലാ ഹോസ്പിറ്റൽ, ചെർക്കളം മർത്തോമ്മ ബധിര സ്കൂൾ, നരിക്കുളം ജ്യോതിഭവൻ ബധിര സ്കൂൾ എന്നിവിടങ്ങളിൽ അന്ധബധിരതയെക്കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കുകയും അന്ധബധിര കുട്ടികളെ കണ്ടെത്തുന്നതിനായുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. അന്ധബധിര വൈകല്യമുള്ളവരുടെ പുനരധിവാസം മുൻനിർത്തിയുള്ള സംസ്ഥാനതല പഠന കേന്ദ്രവും റിസോഴ്സ് സെന്ററുമായ ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്റർ കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്.

## ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

സീനിയർ സ്വാശ്രയസംഘാംഗങ്ങളുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമിട്ട് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കുമരകം ഗവ. ആയുർവ്വേദ ഡിസ്പൻസറിയുമായി സഹകരിച്ച് ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. കുമരകം നെപുംസ്യാനോസ് ചർച്ച് ഹാളിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിന് കുമരകം ആയുർവ്വേദ ഡിസ്പൻസറി സീനിയർ മെഡിക്കൽ ഓഫീസർ ഡോ. ബിനു ജോർജ്ജും ജി.എ.ഡി അയ്മനം ഡോ. രാമകൃഷ്ണനും നേതൃത്വം നൽകി. പരിശോധനയും രോഗനിർണ്ണയവും സൗജന്യ മരുന്നു വിതരണവും നടത്തപ്പെട്ടു. ക്യാമ്പിൽ ഇടയ്ക്കാട് മേഖലയിലെ കുമരകം ഗ്രാമത്തിലെ 80തോളം സീനിയർ സ്വാശ്രയ സംഘാംഗങ്ങൾ പങ്കെടുത്തു. കോർഡിനേറ്റർ ലൈല ഫിലിപ്പും അനിമേറ്റർ മേരിക്കുട്ടി ജോണും പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. സുനിൽ പെരുമാനൂർ**
സെക്രട്ടറി, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## ഇ - ശക്തി അപ്ലോഡിംഗ് പൂർത്തീകരിച്ചു

മലബാർ സോഷ്യൽ സർവ്വീസ് കാസർഗോഡ് ജില്ലയിലെ രാജപുരം മേഖലലയിൽ നടപ്പിലാക്കിയ ഇ-ശക്തി പ്രോജക്റ്റിന്റെ അപ്ലോഡിംഗ് ജോലികൾ പൂർത്തീകരിച്ചു. നബാർഡ് എജിഎംന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട അവലോകന മീറ്റിംഗിൽ സി. സ്നേഹ എസ്.ജെ.സി പങ്കെടുത്തു. മാസ്സിന്റെ പ്രവർത്തനങ്ങളിലുള്ള സംതൃപ്തി പ്രത്യേകം മീറ്റിംഗിൽ പരാമർശിക്കപ്പെട്ടു.

## ഹൈടെക് കൂടുകളിൽ കോഴിവളർത്തൽ പരിശീലനം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി രാജപുരം മേഖലയിൽ ഹൈടെക് കൂടുകളിൽ കോഴിവളർത്തൽ പരിശീലനം സംഘടിപ്പിച്ചു. 38 പേർക്കാണ് പരിശീലനം നൽകിയത്. കോഴിവളർത്തലിൽ

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, തീറ്റ നൽകേണ്ട ക്രമം, മുട്ട വിപണനം തുടങ്ങിയ വിഷയങ്ങളിൽ നോബിൾ ക്ലാസ്സെടുത്തു. മാസ്സ് കോ-ഓർഡിനേറ്റർ ആൻസി ജോസഫ് പരിപാടികൾക്ക് നേതൃത്വം നൽകി.

## സ്വയം തൊഴിൽ പരിശീലനം നടത്തി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കൊട്ടോടി പകൽവീട്ടിൽ വച്ച് പ്രായമായ മാതാപിതാക്കൾക്കായി സ്വയംതൊഴിൽ പരിശീലനം നടത്തി.പരിപാടിയുടെ ഭാഗമായി കുടനിർമ്മാണ പരിശീലനവും പൂന്തോട്ട നിർമ്മാണവും നടത്തി. സി. സ്നേഹ എസ്.ജെ.സി, ആൻസി ജോസഫ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## പലഹാര നിർമ്മാണ പരിശീലനം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി സംഘത്തിലെ വനിതകൾക്കായി ചിലവ് കുറഞ്ഞ രീതിയിൽ ഫലപ്രദമായ പൈനാപ്പിൾ ഉണ്ട, പഴങ്ങൾ, ഇഞ്ചി എന്നിവയുടെ സിറപ്പ് ഉണ്ടാക്കുന്നതിനുള്ള ട്രെയിനിംഗ് എന്നിവ നടത്തി. സി. സ്നേഹ എസ്.ജെ.സി, ആൻസി ജോസഫ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## വിളസംരക്ഷണബോധവത്കരണ പരിപാടി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ദേശീയ ഗ്രാമവികസനബാങ്കിന്റെ ധനസഹായത്തോടെ പയ്യാവൂർ, എരിവേശി ഗ്രാമപഞ്ചായത്തുകളിലെ കോളനികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമഗ്ര ആദിവാസിവികസനപദ്ധതിയുടെ ഭാഗമായി ചീത്തപ്പാറ, വഞ്ചിയം, ചാണോക്കുണ്ട്, പാലയാട്, ചിറ്റാരി കോളനികളിൽ വിള സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവത്ക്കരണപരിപാടി സംഘടിപ്പിച്ചു. വേനൽക്കാലത്ത് ചെടികൾ സംരക്ഷിക്കേണ്ട രീതി, ചെടികൾക്ക് ജലസേചനം നടത്തേണ്ടതിന്റെ ആവശ്യകത, ഒരോ കുടുംബത്തിനും ആവശ്യമായ ഭക്ഷ്യവിളകൾ, പച്ചക്കറി എന്നിവ കൃഷി ചെയ്യേണ്ടതിന്റെ രീതികൾ, മാർക്കറ്റിൽ നിന്നും വാങ്ങുന്ന ഭക്ഷ്യവസ്തുക്കളിൽ അടങ്ങിയിരിക്കുന്ന ഉയർന്നതോതിലുള്ള വിഷാംശങ്ങൾ, ആരോഗ്യസംരക്ഷണത്തിന്റെ ആവശ്യകത തുടങ്ങിയ വിഷയങ്ങളിൽ ബോധവത്ക്കരണപരിപാടി സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി കോളനികളിലെ വീടുകളിൽ ആവശ്യത്തിനുള്ള പച്ചക്കറികൾ

കൃഷിചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. ബോധവത്ക്കരണ പരിപാടിയിൽ മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപ്പുള്ളിൽ ക്ലാസ്സെടുത്തു. മാസ്സ് സ്റ്റാഫ് അംഗങ്ങൾ, കോളനി ഫീൽഡ് ഗൈഡ് എന്നിവർ നേതൃത്വം നൽകി.

## ആരോഗ്യ ബോധവത്ക്കരണ പരിപാടി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ ധന സഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമഗ്ര ആദിവാസി വികസനപദ്ധതിയുടെ ഭാഗമായി ആരീക്കമല, ചിറ്റാരി, കാട്ടിക്കണ്ടം, ഏറ്റുപാറ എന്നീ കോളനികളിൽ വേനൽക്കാലത്ത് പകരുവാൻ സാധ്യ തയുള്ള മഞ്ഞപ്പിത്തം, ചിക്കൻ പോക്സ്, വയറിളക്കം തുടങ്ങിയ രോഗങ്ങളെ എങ്ങനെ പ്രതിരോധിക്കാമെന്നും ഇതിന് നാം കൈക്കൊള്ളേണ്ട പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ചും രോഗങ്ങളുടെ ലക്ഷണങ്ങളെക്കുറിച്ചും ഇതുപോലുള്ള രോഗങ്ങളുണ്ടായാൽ ആരോഗ്യകേന്ദ്രങ്ങളിൽ പോയി വിദഗ്ധ ചികിത്സ ലഭ്യമാക്കുവാൻ ശ്രദ്ധിക്കണമെന്നും കോളനിനിവാസികളെ ധരിപ്പിച്ചു. റെനി സിബി, ജോബി ജോൺ എന്നിവർ ബോധവത്ക്കരണപരിപാടികളിൽ ക്ലാസ്സെ ടുത്തു. മാസ്സ് സ്റ്റാഫ് അംഗങ്ങൾ, കോളനി ഫീൽഡ് ഗൈഡ് എന്നി വർ നേതൃത്വം നൽകി.

## മെഡിക്കൽ ക്യാമ്പ്

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ദേശീയ കാർഷിക ഗ്രാമവികസനബാങ്കിന്റെ ധനസഹായത്തോടെ പയ്യാവൂർ ഗ്രാമപഞ്ചാ യത്തിൽ നടപ്പിലാക്കിവരുന്ന സമഗ്രആദിവാസി വികസന പദ്ധതി യുടെ ഭാഗമായി ചീത്തപ്പാറ കോളനിയിൽ അലക്സ്നഗർ ഹോമിയോ ഹോസ്പിറ്റലുമായി സഹകരിച്ചുകാണ്ട് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ശ്രീകണ്ഠാപുരം ഹോമിയോ മെഡിക്കൽ ഓഫീസർ ഡോ.വിനു കൃഷ്ണൻ, ഉളിക്കൽ ഹോമിയോ ഡിസ്പൻസ റിയിലെ ഡോ. സുമ പി ആർ എന്നിവർ രോഗികളെ പരിശോധിച്ച് സൗജന്യമായി മരുന്നുകൾ വിതരണം ചെയ്തു. ക്യാമ്പിൽ 75 ആളു കൾ പങ്കെടുത്തു. മാസ്സ് സ്റ്റാഫ് അംഗങ്ങളായ ജോബി ജോൺ, അബ്രാഹം ഉള്ളാടപ്പുള്ളിൽ, മനോജ് വി, റെനി സിബി എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി.

## ലീഡേഴ്സ് മീറ്റ്

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മടമ്പം മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വനിതാ സ്വാശ്രയസംഘം ഭാരവാഹികളുടെ സംയുക്തയോഗം പയ്യാവൂർ സെന്റ് ആൻസ് പാരീഷ്ഹാളിൽ വച്ച് നടത്തി. പ്രോഗ്രാമിൽ മാസ്സ് പ്രോഗ്രാം മാനേജർ ശ്രീ. അബ്രാഹം ഉള്ളാടപ്പുള്ളിൽ ക്ലാസ്സെടുത്തു. തുടർന്ന് നടന്ന ചർച്ചയിൽ സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. സംഘമീറ്റിംഗ്, നിക്ഷേപം, സംഘത്തിന്റെ നേതൃത്വത്തിൽ നടത്തിയ വിവിധ വരുമാനപദ്ധതികൾ സംഘങ്ങളിലൂടെ നടപ്പിലാക്കിയ ഇ-ശക്തി പ്രോഗ്രാം, പിന്നോക്ക വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന കുറഞ്ഞ പലിശനിരക്ക് ലഭ്യമാക്കുന്ന വരുമാനവർദ്ധക പദ്ധതികൾക്കായുള്ള വായ്പാ പരിപാടി തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്തു. 2017-2018 വർഷം മടമ്പം മേഖലയിലെ 25 ഓളം വനിതകൾക്ക് പിന്നോക്കവികസന കോർപ്പറേഷൻ മുഖേന 50 ലക്ഷം രൂപയുടെ വായ്പ മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി വിതരണം നടത്തുന്നു. പ്രോഗ്രാമിൽ കോ-ഓർഡിനേറ്റർ റെനി സിബി, ആനിമേറ്റർമാർ എന്നിവർ നേതൃത്വം നൽകി. വിവിധസംഘങ്ങളെ പ്രതിനിധീകരിച്ച് 100 ഭാരവാഹികൾ പങ്കെടുത്തു.

## വിദ്യാഭ്യാസ അവകാശ ബോധവൽക്കരണ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു

എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം നേടാനുള്ള തുല്യ അവകാശം ഉണ്ടായിട്ടും വിവിധ കാരണങ്ങളാൽ സ്കൂൾ പഠനം പൂർത്തികരിക്കാൻ കഴിയാത്ത ഭിന്നശേഷിയുള്ള കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുവാനും, വിദ്യാഭ്യാസത്തിലൂടെ അവരുടെ സമഗ്രവളർച്ച ഉറപ്പുവരുത്തുവാനും വേണ്ടി മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി (മാസ്സ്) കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ കാസർഗോഡ് ജില്ലയിലെ മാലക്കല്ല് സെന്റ് മേരീസ് യു.പി സ്കൂളിലും കൊട്ടോടി സെന്റ് ആൻസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലും വിദ്യാഭ്യാസ അവകാശ ബോധവൽക്കരണ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. മാലക്കല്ല് സെന്റ് മേരീസ് യു.പി സ്കൂളിൽ വെച്ച് നടന്ന പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം കള്ളാർ ഗ്രാമ

പഞ്ചായത്ത് പ്രസിഡന്റ് ത്രേസ്യാമ്മ കെ.പി നിർവ്വഹിച്ചു. മാസ്സ് അസി. ഡയറക്ടർ ഫാ.മാത്യൂസ് വലിയപുത്തൻപുരയിൽ, സെന്റ് മേരീസ് യു.പി സ്ക്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ പ്രതിഭ എസ്.വി.എം, വാർഡ് മെമ്പർ മിനി രാജു, മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം യു.പി എന്നിവർ ആശംസകൾ അർപ്പിച്ചു. കൊട്ടോടി സെന്റ് ആൻസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് നടന്ന പരിപാടി യുടെ ഉദ്ഘാടനം കള്ളാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ത്രേസ്യാമ്മ കെ.പി നിർവ്വഹിച്ചു.മാസ്സ് അസി. ഡയറക്ടർ ഫാ. മാത്യൂസ് വലിയ പുത്തൻപുരയിൽ, കൊട്ടോടി സെന്റ് ആൻസ് സ്കൂൾ പ്രിൻസി പ്പിൽ ഫാ. ഷാജി മുകളേൽ, വൈസ് പ്രിൻസിപ്പിൽ ഫാ. ഷൻജു കൊച്ചുപറമ്പിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. കണ്ണൂർ പ്രതീക്ഷ സ്പെഷ്യൽ സ്കൂൾ, ചുള്ളിക്കര സെന്റ് മേരീസ് സ്പെഷ്യൽ സ്കൂൾ, മാലക്കല്ല് സെന്റ് മേരീസ് യു.പി സ്കൂൾ, കൊട്ടോടി സെന്റ് ആൻസ് സ്കൂൾ എന്നിവിടങ്ങളിലെ കുട്ടികൾ ചേർന്നവതരിപ്പിച്ച വിവിധ കലാപരിപാടികൾ, ചിത്രപ്രദർശനം, റാലി, മറ്റു ബോധവൽക്ക രണ പരിപാടികൾ എന്നിവ അവതരിപ്പിച്ചു. ഭിന്നശേഷിയുള്ള കുട്ടി കളെ തങ്ങളിൽ ഒരാളായി അംഗീകരിക്കുകയും അവരും തങ്ങളെപ്പോലെ പ്രാഥമിക വിദ്യഭ്യാസത്തിന് അർഹരാണെന്നുള്ള ബോധ്യം കുട്ടികളിൽ ഉടലെടുക്കുകയും ചെയ്തു.

## ലോക ക്ഷയരോഗദിനം ആചരിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കണ്ടകശ്ശേരിയിൽ പ്രവർത്തിക്കുന്ന അൽഫോൻസാ, നയന വനിതാസ്വാശ്രയസംഘ ങ്ങളുടെ നേതൃത്വത്തിൽ ലോക ക്ഷയരോഗദിനാചരണം നടത്തി. പ്രോഗ്രാമിൽ മോളി അബ്രാഹം സ്വാഗതപ്രസംഗം നടത്തി. അന്നമ്മ സ്റ്റീഫൻ അദ്ധ്യക്ഷത വഹിച്ചു. ഒരുകാലത്ത് നമ്മുടെ നാട്ടിൽ നിന്ന് പരിപൂർണ്ണമായി നിർമ്മാർജ്ജനം ചെയ്ത ക്ഷയരോഗം തിരികെവ ന്നെന്നും ക്ഷയരോഗികളെ സമൂഹത്തിൽ നിന്നും ഒറ്റപ്പെടുത്തേണ്ട തല്ലെന്നും വളരെ പെട്ടെന്ന് സുഖപ്പെടുത്താവുന്ന രോഗമാണി തെന്നും സമൂഹത്തിൽ ക്ഷയരോഗത്തോടും രോഗികളോടുമുള്ള മനോഭാവത്തിലാണ് നാം മാറ്റം വരുത്തേണ്ടതെന്നും ക്ഷയരോഗ നിർമ്മാർജ്ജന പരിപാടികളിൽ നമ്മുടെ പങ്കാളിത്തം ഉറപ്പാക്കണെ

മെന്നും ക്ഷയരോഗത്തിന്റെ ലക്ഷണങ്ങൾ കണ്ടാൽ ഉടനെതന്നെ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണമെന്നും ക്ഷയരോഗത്തെ നമ്മുടെ നാട്ടിൽ നിന്നും നിർമ്മാർജ്ജനം ചെയ്യാൻ ഈ രാജ്യത്തെ പൗരൻ എന്ന നിലയിൽ നമുക്ക് ഉത്തരവാദിത്വമുണ്ടെന്നും പ്രോഗ്രാമിൽ ക്ലാസ്സെടുത്ത മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം യു. പി പറഞ്ഞു. ക്ഷയരോഗനിർമ്മാർജ്ജനത്തിന് ഐക്യദാർഢ്യം പുലർത്തുക എന്ന ലക്ഷ്യത്തോടെ സ്വാശ്രയസംഘം അംഗങ്ങൾ മെഴുകുതിരി കത്തിച്ച് ക്ഷയരോഗനിർമ്മാർജ്ജന പ്രതിജ്ഞ എടുത്തു. പ്രോഗ്രാമിന് മി. മനോജ് വി. സ്വാശ്രയസംഘം ലീഡേഴ്സ് എന്നിവർ നേതൃത്വം നൽകി.

## അവാർഡ് നിർണ്ണയം നടത്തി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി മലബാർ ക്നാനായ കുടിയേറ്റ പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി കാർഷികമേഖലയിൽ മികവ് പുലർത്തുന്ന കർഷകരെ ആദരിക്കുന്നതിനായി കർഷകകുടുംബപുരസ്കാരം, ക്നാനായ കർഷക അവാർഡ് എന്നിവ നൽകുന്നതിനുള്ള മൂല്യനിർണ്ണയം നടത്തി. ആദ്യ ഘട്ടത്തിൽ ലഭിച്ച അപേക്ഷകൾ വിലയിരുത്തി. തുടർന്ന് അതാത് പ്ലോട്ടുകൾ സന്ദർശിച്ച് അവാർഡ് നിർണ്ണയം നടത്തി. കൃഷി ഓഫീസർമാരായ ശശിധരൻ ടി, എൻ. എം ജോസഫ് എന്നിവർ അവാർഡ് നിർണ്ണയത്തിന് നേതൃത്വം നൽകി. ഫിലിപ്പ് കുന്നത്തറയ്ക്കൽ, ടോമി ജോസഫ്, ജോസ് ചാമക്കുഴി പുളിഞ്ഞാൽ, ഷെല്ലി ഇണ്ടിക്കുഴിയിൽ പുതുശ്ശേരി, അബ്രാഹം വെള്ളായിക്കൽ പുതുശ്ശേരി, ജയ ഫിലിപ്പ് മ്യാലിൽ പോത്തുകുഴി, കെ.എം ജോർജ്ജ് കുടുന്തനാംകുഴിയിൽ, ജോസ് പൂഴിക്കുന്നേൽ ചങ്ങലേരി എന്നിവരുടെ കൃഷിയിടങ്ങളാണ് സന്ദർശിച്ച് അവാർഡ് നിർണ്ണയം നടത്തിയത്. മാസ്സ് അസി.ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ, അബ്രാഹം ഉള്ളാടപ്പുള്ളിൽ എന്നിവർ നേതൃത്വം നൽകി.

## ലോകജലദിനം ആഘോഷിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വഞ്ചിയം കോളനിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അനശ്വര വനിതാ സ്വാശ്രയസംഘം ലോകജലദിനം ആഘോഷിച്ചു. ഇന്ന് ലോകത്തിൽ കാണുന്ന എല്ലാത്തരം ജീവജാലങ്ങളിലും ജലമാണ്

ജീവനായി പ്രവർത്തിക്കുന്നത് എന്നും ജലം ഇല്ലെങ്കിൽ ഭൂമിയും ജീവജാലങ്ങളും ഇല്ലാതാകുമെന്നും ജലത്തിന്റെ പ്രാധാന്യം മനസ്സിലാകാതെ നമ്മുടെ ജലത്തിന്റെ ദുരുപയോഗം വരും നാളുകളിൽ ജലഅടിയന്തിരാവസ്ഥയ്ക്ക് കാരണമാകുമെന്നും 2030 തോടെ ലോകത്ത് ജനത്തിന് കുടിക്കാൻ വെറും 30% വെള്ളം മാത്രമാണുണ്ടാവുകയെന്നും 44 നദികൾ ഒഴുകുന്ന നമ്മുടെ കൊച്ചു കേരളത്തിൽ പോലും കൊടിയ വരൾച്ച നേരിടുകയാണെന്നും ജലത്തിനായി ഒരുക്കപ്പെട്ടിരിക്കുന്ന പ്രകൃതിക്ക് നാശം വരുത്തിവയ്ക്കുന്ന മനുഷ്യ ഇടപെടൽ അവസാനിപ്പിക്കണമെന്നും ജലസ്രോതസ്സുകളുടെ പരിപാലനത്തിനും പരിപോഷണത്തിനും നാം തയ്യാറാകണമെന്നും 2018 ലെ ലോകജലദിനത്തിന്റെ സന്ദേശമായ പ്രകൃതിജലത്തിനായ് എന്ന കാര്യം നാം ഓർക്കണമെന്നും ക്ലാസ്സ് നയിച്ച അബ്രാഹം ഉള്ളാടപ്പുള്ളിൽ പറഞ്ഞു. ജലദിനാഘോഷത്തിന്റെ ഭാഗമായി ജലസംരക്ഷണ പ്രതിജ്ഞ ചൊല്ലി. മനോജ് വി, കോളനി ഫീൽഡ് ഗൈഡ് സീമാ രാജേഷ് എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി.

**ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ**
അസിസ്റ്റന്റ് /സെക്രട്ടറി മാസ്സ്

# ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി

## വനിതാദിനം സംഘടിപ്പിച്ചു

അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് 8 നോടനുബന്ധിച്ച് ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ വനിതാദിനം സംഘടിപ്പിച്ചു. രാജാക്കാട് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നിന്നും ആരംഭിച്ച റാലിയോടെയാണ് ദിനാഘോഷങ്ങൾക്ക് തുടക്കമായത്. റാലിയുടെ ഫ്ളാഗ് ഓഫ് കർമ്മം രാജാക്കാട് സർക്കിൾ ഇൻസ്പെക്ടർ സി.വി ഉലഹന്നാൻ നിർവ്വഹിച്ചു. തുടർന്ന് ദിവ്യജ്യോതി ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട വനിതാദിന പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനം ബൈസൺവാലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മഞ്ചു ജിൻസ് നിർവ്വഹിച്ചു. ജി.ഡി.എസ് വൈസ് പ്രസിഡന്റ് ഫാ. ബെന്നി കന്നുവെട്ടിയേൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. രാജാക്കാട് കൃഷി ഓഫീസർ ആർ.

ബീന, രാജാക്കാട് ഗ്രാമപഞ്ചായത്ത് മെമ്പർ ഇന്ദിര സുരേന്ദ്രൻ, ജി.ഡി.എസ് സെക്രട്ടറി ഫാ. ജെയിംസ് വടക്കേകണ്ടംങ്കരിയിൽ, എൻ.ആർ. സിറ്റി ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ജോമോൻ കുന്നക്കാട്ടുതടത്തിൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടത്തപ്പെട്ട സ്ത്രീ ശാക്തീകരണ സെമിനാറിന് ഉഷാകുമാരി മോഹൻ കുമാർ നേതൃത്വം നൽകി. പരിപാടികൾക്ക് ഫാ. ബൈജു അച്ചിറതലയ്ക്കൽ, ഫാ. മാത്യു വട്ടുകുളങ്ങര, ജി.ഡി.എസ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. 700റോളം പേർ പങ്കെടുത്തു.

## ദമ്പതി സംഗമം സംഘടിപ്പിച്ചു

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ തെള്ളിത്തോട് ഗ്രാമവികസന സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘ ദമ്പതികളെ സംഘടിപ്പിച്ചുകൊണ്ട് ദമ്പതി സംഗമം സംഘടിപ്പിച്ചു. മാർച്ച് 4-ാം തീയതി തെള്ളിത്തോട് സെന്റ് ജോസഫ് യു.പി. സ്കൂളിൽ നടത്തപ്പെട്ട സംഗമത്തിന്റെ ഉദ്ഘാടനം റോഷി അഗസ്റ്റിൻ എം.എൽ.എ നിർവ്വഹിച്ചു. തെള്ളിത്തോട് ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. മാത്യു വട്ടുകുളങ്ങര ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ജി.ഡി.എസ് സെക്രട്ടറി ഫാ. ജെയിംസ് വടക്കേക്കണ്ടങ്കരിയിൽ മുഖ്യപ്രഭാഷണം നടത്തി. കൊന്നത്തടി ഗ്രാമപഞ്ചായത്ത് മെമ്പർ ജെയിംസ് മ്ലാക്കുഴിയിൽ, കുര്യാക്കോസ് നടയ്ക്കൽ, എം.എൽ മത്തായി എന്നിവർ പ്രസംഗിച്ചു. സംഗമത്തോടനുബന്ധിച്ച് നടത്തപ്പെട്ട സെമിനാറിന് ലെനിൻ നേതൃത്വം നൽകി. വിവിധ മത്സരങ്ങളും സംഘടിപ്പിച്ചു. 250തോളം പേർ പങ്കെടുത്തു. ജി.ഡി.എസ് സ്റ്റാഫ് അംഗങ്ങൾ പരിപാടിയ്ക്ക് നേതൃത്വം നൽകി.

## ഗ്രാമതല സന്ദർശനം നടത്തി

സംഘശാക്തീകരണത്തിന്റെ ഭാഗമായി ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഗ്രാമതല സന്ദർശനവും വിലയിരുത്തലും നടത്തി. ജിഡിഎസ് സെക്രട്ടറി ഫാ. ജെയിംസ് വടക്കേകണ്ടങ്കരിയിൽ, ജി.ഡി.എസ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

**ഫാ. ജെയിംസ് വടക്കേകണ്ടംകരി**

സെക്രട്ടറി

# ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ

## ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ നേതൃത്വപരിശീലന ക്യാമ്പ് സംഘടിപ്പിച്ചു

കോട്ടയം അതിരൂപതയിലെ വനിതാ അൽമായ സംഘടനയായ ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ ദ്വിദിന നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. മാർച്ച് 16, 17 തീയതികളിൽ തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ക്യാമ്പിന്റെ ഉദ്ഘാടനം കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, പാല ബി.എഡ് കോളേജ് പ്രൊഫസർ ഡോ. അലക്സ്, കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. ജോസ് ജോസഫ്, ജോസഫൈൻ, ഡോ. റോസമ്മ ഫിലിപ്പ്, എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നയിച്ചു. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള യൂണിറ്റ്, ഫൊറോന ഭാരവാഹികൾ പരിശീലനത്തിൽ പങ്കെടുത്തു. ഇടവക ഫൊറോന ഭാരവാഹികളുടെ പ്രവർത്തന ദൗത്യങ്ങളും സാധ്യതകളും ചർച്ച ചെയ്ത ക്യാമ്പിൽ സംഘടനയുടെ ഭാവിപ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ തയ്യാറാക്കി. അതിരൂപതാ പ്രസിഡന്റ് ഡോ. മേഴ്സി ജോൺ, സെക്രട്ടറി സിൻസി പാറേൽ, വൈസ് പ്രസിഡന്റ് ജെസ്സി ചെറുപറമ്പിൽ, ജോയിന്റ് സെക്രട്ടറി മേഴ്സി വെട്ടുകുഴി, ബീന നെടുംചിറ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## കെ.സി.ഡബ്ല്യു.എ ഇടയ്ക്കാട്ട് മേഖല സംഗമം സംഘടിപ്പിച്ചു

കോട്ടയം അതിരൂപതയുടെ അൽമായ വനിതാ സംഘടനയായ ക്നാനായ കാത്തലിക് വിമൺസ് അസോസിയേഷന്റെ ഇടയ്ക്കാട്ട് മേഖലാ നേതൃസംഗമവും മൂന്ന് വർഷത്തെ പ്രവർത്തനോദ്ഘാടനവും കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ സംഘടിപ്പിച്ചു. സംഗമത്തിന്റെ ഉദ്ഘാടനം അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് നിർവ്വഹിച്ചു. തലമുറകളായി കൈമാറിവന്ന മഹത്തായ പാരമ്പര്യങ്ങളും പൈതൃകങ്ങളും സംരക്ഷിക്കുന്നതിലും പരിപാലിക്കുന്നതിലും അമ്മ

മാരുടെ പങ്ക് സുപ്രധാനമാണെന്നും ക്നാനായ സമുദായത്തിന്റെ പൈതൃകങ്ങളും ആചാരങ്ങളും പരിപാലിക്കുന്നതിൽ കഴിഞ്ഞ തലമുറയിലെ വനിതകൾ ചെയ്ത മഹത്തായ ദൗത്യനിർവ്വഹണത്തെ മാതൃകയാക്കി കാലാനുസൃതമായി ഉണർന്ന് പ്രവർത്തിക്കുവാൻ കഴിയണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. കെ.സി. ഡബ്ല്യു.എ ഫൊറോന ചാപ്ലെയിൻ ഫാ. തോമസ് കീന്തനാനിക്കൽ ആമുഖസന്ദേശം നൽകി. സംഗമത്തോടനുബന്ധിച്ച് സഭയും സമുദായവും എന്ന വിഷയത്തെക്കുറിച്ച് അതിരൂപതാ അഡീഷണൽ ചാൻസിലർ ഫാ. ജോൺ ചേന്നാക്കുഴി ക്ലാസ്സ് നയിച്ചു. കെ.സി.ഡബ്ല്യു.എ ഇടയ്ക്കാട്ട് ഫൊറോന പ്രസിഡന്റ് സിൻസി പാറേൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. സ്റ്റാനി ഇടത്തിപ്പറമ്പിൽ, സൂസൻ എബ്രാഹം, ഫൊറോന ഭാരവാഹികളായ ആനിയമ്മ ജോസഫ്, ബെസ്സി അലക്സ്, ലിറ്റി ജിബു, മേഴ്സി ജോൺഎന്നിവർ പ്രസംഗിച്ചു.

## ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ മാതൃദിനാചരണം മെയ് 8 ന്

ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ മാതൃദിനാഘോഷം സംഘടിപ്പിക്കുന്നു. മെയ് 8 ചൊവ്വാഴ്ച രാവിലെ 10.30 ന് തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്ന മാതൃദിനം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്യും. ഡോ. അലക്സാണ്ടർ ജേക്കബ്ബ് ഐ.പി.എസ്, ഫാ. മൈക്കിൾ വെട്ടിക്കാട്ട് എന്നിവർ ക്ലാസ്സുകൾ നയിക്കും. ദിനാചരണത്തോടനുബന്ധിച്ച് എട്ട് മക്കളിൽ കൂടുതലുള്ള പ്രായം കുറഞ്ഞ അമ്മമാരെ ആദരിക്കും.

**സിൻസി പാറേൽ**
സെക്രട്ടറി

# ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ്

## ഡൽഹിയിൽ ക്നാനായ ഇടവകകൾ ആരംഭിക്കുന്നത് സ്വാഗതാർഹം: ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ്

ഡൽഹിയിൽ ഫരീദാബാദ് രൂപതയിൽ ക്നാനായക്കാർക്കു വേണ്ടി പേഴ്സണൽ പാരിഷുകൾ ആരംഭിക്കുവാൻ രൂപതാദ്ധ്യക്ഷൻ മാർ കുര്യാക്കോസ് ഭരണിക്കുളങ്ങര പിതാവ് സ്വീകരിച്ചു വരുന്ന നടപടികളെ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് അതിരൂപതാ ഭാരവാഹികളുടെ യോഗം സ്വാഗതം ചെയ്തു. ക്നാനായ സമുദായ അംഗങ്ങൾക്ക് സമുദായ അവബോധത്തിൽ വളരുവാനും സമുദായ തനിമ നിലനിർത്തുവാനും പ്രത്യേകിച്ച് കുട്ടികളുടെയും യുവജനങ്ങളുടെയും പരിശീലനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനും ക്നാനായ ഇടവകകൾ വഴിയൊരുക്കുമെന്ന് യോഗം വിലയിരുത്തി. തെക്കുംഭാഗ ജനതയ്ക്കായി അനുവദിക്കുന്ന ഇടവകകളിൽ സ്വവംശവിവാഹനിഷ്ഠ നിലനിർത്തുവാനും ക്നാനായ സമുദായാംഗങ്ങളല്ലാത്തവരെ ഇടവകയിൽ ഉൾപ്പെടുത്താതിരിക്കാനും ക്നാനായസമൂദായാംഗമല്ലാത്ത വ്യക്തിയെ വിവാഹം കഴിക്കുന്നവരെ ഇടവകയിൽ തുടരുവാൻ അനുവദിക്കാതിരിക്കാനും ഡൽഹിയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരും സമുദായ സംഘടനകളും അൽമായരും ശ്രദ്ധിക്കണമെന്ന് യോഗം നിർദ്ദേശിച്ചു. കെ.സി.സി. പ്രസിഡന്റ് സ്റ്റീഫൻ ജോർജ്ജ് എക്സ്.എം.എൽ എ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ചാപ്ലയിൻ വെരി. റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ട്, സെക്രട്ടറി ഷൈജി ഓട്ടപ്പള്ളിൽ, ട്രഷറർ സാബു മുണ്ടകപ്പറമ്പിൽ, വൈസ് പ്രസിഡന്റ് തൂഫാൻ തോമസ്, മലബാർ റീജിയണൽ പ്രസിഡന്റും കെ.സി.സി വൈസ് പ്രസിഡന്റുമായ ബാബു കദളിമറ്റം, ഓൾ ഇന്ത്യ കാത്തലിക് യൂണിയൻ പ്രതിനിധി ബേബി മുളവേലിപ്പുറം, എ.കെ.സി.സി പ്രതിനിധി ജോസ് തൊട്ടിയിൽ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## വർക്കിംഗ് കമ്മിറ്റി യോഗം

ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി കെ.സി.സി. വർക്കിംഗ് കമ്മിറ്റി യോഗം ഏപ്രിൽ 8 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ചുങ്കം സെന്റ്മേരീസ് ചർച്ച് മിനി പാരിഷ് ഹാളിൽ നടത്തപ്പെടും.

**ഷൈജി ഓട്ടപ്പള്ളിൽ**
സെക്രട്ടറി

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**മാർച്ച് 2018**

7 കല്ലറ പുത്തൻപള്ളി ഇടവകാംഗം നിര്യാതനായ ആശാരിക്കുറ്റ് സിറിയക്കിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

8 ചൈതന്യയിൽ നടന്ന കെ.എസ്.എസ്.എസ് ന്റെ വനിതാദിനാഘോഷത്തിൽ പങ്കെടുത്തു.

9 അതിരൂപത മെത്രാസന മന്ദിരത്തിൽ വാരപ്പെട്ടി ഇടവകയിലെ പാരിഷ് കൗൺസിൽ വിളിച്ചുകൂട്ടി.

10 തിരുഹൃദയക്കുന്ന് ദേവാലയത്തിൽ നടന്ന 40 മണി ആരാധനയുടെ സമാപനം നടത്തി.

\- കറ്റോട് ഇടവകാംഗം നിര്യാതനായ കുരിശുംമൂട്ടിൽ അലക്സാണ്ടറിനുവേണ്ടി കിടങ്ങൂർ എൽ.എൽ. ഹോസ്പിറ്റൽ മോർച്ചറിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

\- ഉഴവൂർ സെന്റ് ജോവാനസ് യു.പി സ്കൂളിന്റെ പുതുക്കി നിർമ്മിച്ച കെട്ടിടം വെഞ്ചരിച്ചു.

11 ചെറുകര ഇടവകയിൽ ഇടയസന്ദർശനം നടത്തി.

- ഇരവിമംഗലം ഇടവകാംഗം നിര്യാതയായ പൂതൃക്കയിൽ മറിയാമ്മയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

12 കടുത്തുരുത്തി ഇടവകാംഗം നിര്യാതനായ പടപുരയ്ക്കൽ തോമസ് ഫിലിപ്പിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

13 ചൈതന്യയിൽ കൂടിയ അതിരൂപത വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

14 വിസിറ്റേഷൻ സന്യാസിനിസമൂഹാംഗം നിര്യാതയായ റവ. സി. മേരി ലിസ്യുവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് സായൂജ്യ മഠം ചാപ്പലിൽ കാർമ്മികത്വം വഹിച്ചു.

- കാക്കനാട് നടന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

15 പി.ഒ.സി യിൽ കൂടിയ കമ്മീഷൻ സെക്രട്ടറിമാരുടെ മീറ്റിംഗിൽ സംബന്ധിച്ചു.

16 അരമനയിൽ കൂടിയ നാലാം വർഷ മൈനർ സെമിനാരി പരിശീലന ആലോചന സമിതി മീറ്റിംഗിൽ പങ്കെടുത്തു.

18 കരിങ്കുന്നം ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

19 ചുള്ളിക്കര ഇടവക ദേവാലയത്തിൽ വി. ബലിയർപ്പിക്കുകയും നവീകരിച്ച മദ്ബഹായുടെ വെഞ്ചരിപ്പ് നടത്തുകയും ചെയ്തു.

- രാജപുരം ഇടവക ദേവാലയത്തിന്റെ പ്ലാറ്റിനം ജൂബിലി സമാപനത്തിൽ വി. ബലിയർപ്പിക്കുകയും സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

20 ചൈതന്യയിൽ കൂടിയ വൈദിക സമിതിയിൽ പങ്കെടുത്തു.

20-21 പാഴുത്തുരുത്ത് മരിയമല ആശ്രമത്തിൽ നടത്തിയ വൈദീകരുടെ തുടർ പരിശീലന പരിപാടികളിൽ പങ്കെടുത്തു.

23 കാക്കനാട് കൂടിയ പെർമനെന്റ് സിനഡിൽ സംബന്ധിച്ചു.

24 കിടങ്ങൂർ ഇടവക ദേവാലയത്തിൽ നടന്ന 40 മണി ആരാധനയുടെ സമാപനം നടത്തി.

25 ഓശാന തിരുന്നാളിൽ കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

- കൂടല്ലൂർ ഇടവകാംഗം നിര്യാതനായ മാവേലിൽ കെ.എം. തോമസിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

26 മാറിക ഇടവകാംഗവും എം.എസ്.എഫ്.എസ് സഭാംഗവുമായ നിര്യാതനായ ഇല്ലിക്കാട്ടിൽ ബഹു. തോമസച്ചനുവേണ്ടി ഏറ്റുമാനൂർ എം.എസ്.എഫ്.എസ് സെമിനാരിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

- ചാമക്കാല ഇടവകാംഗം നിര്യാതനായ തലാപ്പള്ളിമ്യാലിൽ ചാക്കോയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

28 മണക്കാട് ഇടവകാംഗം നിര്യാതയായ പുത്തൻപുരയ്ക്കൽ അന്നമ്മ ഉതുപ്പിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ചുങ്കം ഫൊറോന ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

- കരിങ്കുന്നം ഇടവകാംഗം നിര്യാതനായ ചെറുശ്ശേരിൽ ഫിലിപ്പിനുവേണ്ടി പരേതന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

29 കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ പെസഹാ വ്യാഴം തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

30 കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ ദുഃഖവെള്ളിയുടെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

- വടക്കുംമുറി സാൻജോ മൗണ്ടിൽ സന്ദേശം നൽകി.

**ഏപ്രിൽ**

1 കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ ഈസ്റ്റർ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

# ENGAGEMENTS

## Mar Mathew Moolakkatt

### April 2018

5 Ephatha at Thuvanisa.

- Episcopal Ordination of Rev. Fr. John Nellikunnel at St. George's Cathedral, Vazhathope.

7 Holy Qurbana and Conclusion of the Golden Jubilee Celebration of St. Mary's Church N.R. City.

8 Pastoral Visit at Padamugham.

9 Ephatha at Thuvanisa.

- KCYL Leadership Camp at Njeezhoor.

- CML Anniversary at Uzhavoor.

10 Ordination of Dn. Mathew Kalpakasseril at Kallara Old Church.

12 SVM Chapter at S.H. Mount.

13 Malabar Kudiyetta Platinum Jubilee Missionary Sangamam at Barmariam Pastoral Centre.

- Launching of Caritas Mercy Hospital, Payyavoor.

14 Conclusion of the Malabar Kudiyetta Platinum Jubilee at Barmariam Pastoral Centre, Kannur.

15 Blessing of the Rectory at Kothanalloor.

16 Vocation Camp for boys at Chaithanya.

19 Vocation Camp for girls at Chaithanya.

20 Ephatha at Thuvanisa.

21 Conclusion of the Golden Jubilee Celebration of POC.

22 Pastoral Visit at Peroor.

24 Samarpitha Sangamam at Uzhavoor.

26 Blessing and Inauguration of Rehabilitation Centre at Michael’s Mercy Home, Purapuzha.

29 Pastoral Visit at Areekkara.

\- Parish Day at Uzhavoor.

**May**

1-4 CBCI Standing Committee at Banglore.

5 Profession of Caritas Secular Institute Sisters.

6 Pastoral Visit at Ettumanoor.

## അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**മാർച്ച് 2018**

4 പയ്യാവൂർ മേഴ്സി ആശുപത്രിയുടെ ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുന്നതിന് പയ്യാവൂർ ടൗൺ പള്ളിയിൽ വിളിച്ചുചേർത്ത മടമ്പം ഫൊറോന പാരീഷ് കൗൺസിൽ മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ച് സംസാരിച്ചു.

7 ബാംഗ്ലൂർ സെന്റ് ജോൺസിൽ വച്ചു നടത്തിയ സി.ബി.സി.ഐ യൂത്ത് കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

10 പയ്യാവൂർ ടൗൺ പാരിഷ് ഹാളിൽ വച്ചു നടത്തിയ മലബാർ റീജിയൺ സമുദായബോധവല്ക്കരണ സെമിനാർ ഉദ്ഘാടനം ചെയ്യുകയും ക്ലാസ്സെടുക്കുകയും ചെയ്തു.

11 കറ്റോട് ഇടവക പരേതനായ കുരിശുംമൂട്ടിൽ അലക്സാണ്ടറുടെ മൃതസംസ്കാരശുശ്രൂഷയുടെ സമാപന കർമ്മത്തിൽ പങ്കെടുത്തു.

13 കാരിത്താസ് ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

15 മാലക്കല്ല് പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും പുതുക്കിപ്പണിയുന്ന ദേവാലയത്തിന് ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

16 ചൈതന്യയിൽ നടത്തപ്പെട്ട കെ.സി.ഡബ്ല്യു.എ യുടെ നേതൃത്വപരിശീലന ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

17,18 മംഗലംഡാം, കാന്തളം പള്ളികളിൽ ഇടയസന്ദർശനം നടത്തി.

21,22 താമരശ്ശേരിയിൽ നടത്തിയ നോർത്ത് കേരള മെത്രാന്മാരുടെ ധ്യാനത്തിൽ പങ്കെടുത്തു.

23 വടക്കുംമുറി പള്ളിയിൽ വി. കുർബാന അർപ്പിച്ച് 40-ാം വെള്ളിയുടെ കുരിശിന്റെ വഴിയിൽ സന്ദേശം നല്കി.

24 മടമ്പം പി.കെ.എം. കോളജിൽ നടത്തിയ കണ്ടോത്ത് അനുസ്മരണ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

25 മടമ്പം പള്ളിയിൽ ഓശാന ഞായർ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

\- കണ്ണൂർ സെൻട്രൽ ജയിലിലെ ഓശാനകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

27 അലക്സ് നഗർ ഇടവക പരേതനായ കണിയാപറമ്പിൽ മത്തായിയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

28 ഒടയംചാൽ ഇടവക പരേതയായ പതിയിൽ അന്നക്കുട്ടിയുടെ മൃതസംസ്ക്കാരശുശ്രൂഷയുടെ ദേവാലയത്തിലെ ചടങ്ങുകൾക്ക് കാർമ്മികത്വം വഹിച്ചു.

29 തലശ്ശേരി പാലത്തിൻകടവ് ഇടവക പരേതനായ മൂഴയിൽ സ്വപ്നൽ സൈമന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ ചടങ്ങുകൾക്ക് കാർമ്മികത്വം വഹിച്ചു.

\- ശ്രീപുരം പള്ളിയിൽ പെസഹാതിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

30 ശ്രീപുരം പള്ളിയിലെ ദുഃഖവെള്ളിതിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

- കണ്ണൂർ ടൗണിലേക്ക് മൂന്നു രൂപതകളുടെ നേതൃത്വത്തിൽ നടത്തപ്പെട്ട കുരിശിന്റെ വഴിയിൽ പങ്കെടുത്തു.

**ഏപ്രിൽ**

1 ശ്രീപുരം പള്ളിയിൽ ഈസ്റ്റർ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

2 മടമ്പം ഫൊറോനാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

3 കണ്ണൂർ, കാരിത്താസ് ഇൻസ്റ്റിറ്റ്യൂട്ട് ഭവനത്തിന്റെ ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സിൽവർ ജൂബിലി ഉദ്ഘാടനം ചെയ്തു.

# ENGAGEMENTS

## Mar Joseph Pandarasseril

## April 2018

4 Holy Qurbana at Muringoor, Potta for Bethlehem Ministry Youth Retreat.

5 Holy Qurbana and Solemn Holy Communion at NR City.

- Episcopal Ordination of Msgr. John Nellikunnel at Cathedral, Idukki.

6 Forane Priests, Meeting at Rajapuram.

7 Forane Priests, Meeting at Perikkalloor.

13 Malabar Kudiyetta Platinum Jubilee Missionary Sangamom at Sreepuram Kannur.

- Launching of Caritas Mercy Hospital Payyavoor.

14 Knanaya Malabar Kudiyetta Platinum Jubilee - Preshitha Rally and Public meeting at Sreepuram, Kannur.

17 Episcopal Ordination of Msgr. James Athikalam MST at Sagar.

- Knanaya gathering at Bhopal.
18 Knanaya gathering at Indore.
21 Golden Jubilee Celebration of P.O.C.
26 Holy Qurbana and Solemn Holy Communion at Odayanchal.
29 Holy Qurbana and Inauguration of Golden Jubilee Celebration of Malloossery Church.

**May**

1 Vestition and Profession of SJC Sisters at S.H. Mount.
3 To UK & Rome.

# വചനദർശനം

### ഉയിർപ്പുകാലം മൂന്നാം ഞായർ

(യോഹ. 19:1–14)

യേശു ഈ ലോകം വിട്ട് പോകുന്നതിനു മുന്നോടിയായി പെസഹാ ആചരണത്തിനു ശേഷം ശിഷ്യന്മാരെ ശക്തിപ്പെടുത്തിക്കൊണ്ട് അവർക്കും നൽകുന്ന വാക്കുകളാണ് ഈ വചനങ്ങൾ. യൂദാസിന്റെ ഒറ്റിനേക്കുറിച്ചും പത്രോസിന്റെ തള്ളിപ്പറച്ചിലിനേക്കുറിച്ചും ഈ ലോകം വിട്ട് ശിഷ്യന്മാരിൽ നിന്ന് അകന്ന് തന്റെ യാത്രയേക്കുറിച്ചുമുള്ള യേശുവിന്റെ വാക്കുകൾ കേട്ട് ആകെ അങ്കലാപ്പിലായ ശിഷ്യന്മാരെ ആശ്വസിപ്പിച്ചുകൊണ്ടാണ് യേശു സംസാരിക്കുന്നത്.

"നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട ദൈവത്തിൽ വിശ്വസിക്കുവിൻ എന്നിലും വിശ്വസിക്കുവിൻ..." അവിടുന്ന് സ്വർഗ്ഗരാജ്യത്തേക്കുറിച്ചുള്ള പ്രത്യാശ പിന്നീട് പകർന്ന് നൽകുന്നു.

നമ്മുടെ ജീവിതം ഈ ലോകത്തിന്റെ കഷ്ടതകളിലും ദുഃഖത്തിലും അവസാനിക്കുവാനുള്ളതല്ല. മറിച്ച് നമുക്കുവേണ്ടി സ്ഥലമൊരുക്കി കാത്തിരിക്കുന്ന ദൈവത്തിലേക്ക് എത്തിച്ചേരുവാനുള്ളതാണ്. അതി

നുള്ള വഴിയും അവിടുന്ന് പറഞ്ഞുതരുന്നുണ്ട്. വഴിയും സത്യവും ജീവനും ഞാനാണ്. പിതാവിന്റെ ഭവനത്തിലേക്കുള്ള വഴി, സ്വർഗത്തിലേക്കുള്ള വഴി യേശുവാണ്. യേശു മാത്രമാണ്.

യേശു വെറുതെ ഒരു വഴി നമുക്ക് ചൂണ്ടി കാണിച്ചു തരുവാൻ വന്നവനല്ല. മറിച്ച്, 'വഴി' അവൻ തന്നെയായിരുന്നു. അവൻ നമുക്ക് ഒരു വഴി കാണിച്ചു തരികയല്ല ചെയ്തത്. മറിച്ച് പിതാവിനുള്ള തന്റെ പൂർണസമർപ്പണം വഴി നമുക്കുവേണ്ടി വഴിയായി തീർന്നവനാണ് യേശു. അവനിലൂടെയാണ് നാം രക്ഷ പ്രാപിക്കുന്നത്.

പിതാവിന്റെ ദൗത്യവുമായി ഭൂമിയിലേക്ക് വന്ന അവൻ പിതാവിനെ തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും വെളിപ്പെടുത്തി. അതുകൊണ്ടുതന്നെ ലോകത്തിനു മുൻപിൽ നെഞ്ചുവിരിച്ച് പിടിച്ച് അവനു പറയാൻ കഴിഞ്ഞു "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു."

ഇനി ക്രിസ്തുവിന്റെ അനുയായികളായ നമുക്ക് ഒന്നു ചിന്തിച്ചു നോക്കാം. പിതാവിൽ നിന്നു വന്ന പുത്രൻ തന്റെ ജീവിതത്തിലൂടെ പിതാവിനെ ലോകത്തിന് കാണിച്ചു കൊടുത്തതുപോലെ ക്രിസ്ത്യാനികളായ നമുക്ക് ക്രിസ്തുവിനെ ലോകത്തിനു കാണിച്ചുകൊടുക്കുവാൻ കഴിയുന്നുണ്ടോ?

ഗലാത്തി 2, 20 ൽ വി. പൗലോസ് "ഇനിമേൽ ഞാനല്ല ജീവിക്കുന്നത് ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" എന്ന് പറയുമ്പോൾ ക്രിസ്തുവിനെ കാണേണ്ടവർ എന്നിലേക്ക് നോക്കികൊള്ളു ഞാൻ അവനെപ്പോലെയാണ് ജീവിക്കുന്നത് എന്ന് തന്നെയാണ് പൗലോസ് പറയുന്നത്. ക്രിസ്തുവിനെ തന്റെ ജീവിതത്തിലൂടെ ലോകത്തിന് കാണിച്ചുകൊടുക്കുവാനുള്ള വിളിയാണ് ഓരോ ക്രിസ്ത്യാനിയും ഹൃദയത്തിൽ സ്വീകരിച്ചിരിക്കുന്നത്.

ഒരിക്കൽ വി. മദർ തെരേസയുടെ ജീവിതത്തിൽ ഒരു സംഭവമുണ്ടായി. വഴികളിൽ കുഷ്ഠം ബാധിച്ച് കിടന്ന ഒരു കുട്ടിയെ എടുത്ത് മഠത്തിൽ കൊണ്ടുപോയി കുളിപ്പിച്ച് മുറിവുകൾ വച്ചുകെട്ടി സന്തോഷത്തോടെ ഭക്ഷണം നൽകി. അമ്മ സ്നേഹത്തോടെ അവനെ ശുശ്രൂഷിക്കുമ്പോൾ അവൻ മദറിനോടു ചോദിച്ചു. "നിങ്ങൾ ദൈവമാണോ?"

ക്രിസ്തുവിന്റെ തിരുമുഖം മദർതെരേസ തന്റെ പ്രവർത്തനങ്ങളിലൂടെ ലോകത്തിന് കാണിച്ചുകൊടുക്കുകയായിരുന്നു. പാവങ്ങളുടെ പക്ഷം ചേരുന്ന ആവശ്യക്കാർക്ക് അപ്പം നൽകുന്ന, കരുണ കാണിക്കുന്ന, മരണത്തോളം ക്ഷമിക്കുന്ന, എളിമയോടെ പാദങ്ങൾ കഴുകുന്ന നമ്മുടെ ഗുരുവിനെ നമ്മുടെ പ്രവൃത്തികൾ വഴി ലോകത്തിന് കാട്ടികൊടുക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? അങ്ങനെ കഴിഞ്ഞാൽ മാത്രമേ നാം യഥാർത്ഥ ക്രിസ്ത്യാനികളായി മാറുകയുള്ളൂ. അപ്പോൾ മാത്രമേ വി. പൗലോസിനേപ്പോലെ ഇനി ഞാനല്ല ജീവിക്കുന്നത് ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത് എന്ന് ചങ്കുറപ്പോടെ നമുക്ക് പറയാൻ കഴിയൂ.

### ഉയിർപ്പുകാലം നാലാം ഞായർ

(യോഹ. 16:16–24)

വി. യോഹന്നാൻ ശ്ലീഹാ എഴുതിയ സുവിശേഷ ഭാഗമാണ് നാമിന്ന് വായിച്ചുകേട്ടത്. ഓരോ സുവിശേഷകന്മാർക്കും നാം പ്രതീകങ്ങൾ കൊടുക്കാറുണ്ട്. യോഹന്നാൻ ശ്ലീഹായ്ക്ക് കൊടുക്കുന്ന പ്രതീകം കഴുകനാണ്. ഉയർന്നു പറക്കുവാൻ കഴിവുള്ള പക്ഷി, സൂര്യനെ നേരിട്ട് നോക്കുവാൻ കഴിയുന്ന പക്ഷി എന്നിവ കഴുകന്റെ പ്രത്യേകതയാണ്. യോഹന്നാൻ ശ്ലീഹായുടെ ദൈവശാസ്ത്രപരമായ ആശയങ്ങളും ഉന്നതമായ ദൈവീക ചിന്തകളും സുവിശേഷത്തിൽ വ്യക്തമാകുന്നതുകൊണ്ടാണ് ഈ സുവിശേഷത്തിന് കഴുകൻ പ്രതീകമായി നൽകപ്പെടുന്നത്. ഇങ്ങനെ സുവിശേഷം എഴുതിയ യോഹന്നാൻ ശ്ലീഹാ എല്ലാവർക്കും മനസ്സിലാകുന്ന ഉദാഹരണത്തോടുകൂടി ഇന്നത്തെ സുവിശേഷം അവതരിപ്പിക്കുകയാണ്.

പ്രസവവേദന എന്താണെന്ന് അനുഭവിച്ചറിഞ്ഞ അമ്മമാർക്ക് അതിനെക്കുറിച്ച് പറഞ്ഞുകൊടുക്കേണ്ട ആവശ്യമില്ല. അതിനെ അത്ഭുതത്തോടെ വീക്ഷിക്കുന്ന മറ്റുള്ളവർക്കും അതിനെ തിരിച്ചറിയാൻ പ്രയാസമില്ല. യോഹന്നാൻ ശ്ലീഹായുടെ ജീവിതത്തിലും ഈ പ്രസവവേദനയുടെ അനുഭവം ഉണ്ടായിരുന്നു. ഈശോ കൂടുതൽ സ്നേഹിക്കുന്ന ശിഷ്യനായി ജീവിച്ച അവൻ ഈശോ ക്രൂശിക്കപ്പെട്ട ദിനങ്ങളിൽ ഈ പ്രസവവേദനയുടെ അനുഭവത്തിലൂടെ കടന്നുപോയിരുന്നു. എന്നാൽ ഉത്ഥാനത്തിലും പെന്തക്കുസ്ത അനുഭ

വത്തിലും അത് അവന് സന്തോഷമായി മാറി. അതിന്റെ പ്രകടന ങ്ങൾ നാം അപ്പസ്തോല പ്രവർത്തനങ്ങളിൽ വായിക്കുന്നുണ്ട്. ഈ അനുഭവങ്ങൾക്ക് ശേഷമാണ് ഉത്ഥാനത്തെക്കുറിച്ച് ഇത്രയും മനോ ഹരമായി എഴുതിയത്.

സ്നേഹമുള്ളവരെ നമുക്കും ഈ സന്തോഷത്തിന്റെ ഉത്ഥാനാ നുഭവം ആവശ്യമില്ലേ? പ്രസവവേദന അനുഭവിച്ചതിനുശേഷം ജനിച്ചു വീഴുന്നത് മരിച്ചകുഞ്ഞാണെങ്കിൽ അനുഭവിക്കുന്ന ജീവിത തകർച്ച എന്തായിരിക്കും. ആയതിനാൽ പ്രസവവേദനയുടെ ആധിക്യമനുഭ വിച്ച് മാമ്മോദീസായിലൂടെ സഭയിൽ നമ്മേ ഭാഗഭാക്കുകളാക്കിയ തമ്പുരാനോട് നാം നന്ദിയുള്ളവരാകണം. ആയതിനാൽ ജീവനുള്ള വ്യക്തിത്വമായിമാറി ജീവിതാവസ്ഥകളിൽ ഉത്ഥാനാനുഭവം മറ്റുള്ള വരുമായി പങ്കുവയ്ക്കുന്ന വ്യക്തികളാകാൻ ഇന്നത്തെ സുവിശേഷ വിചിന്തനം നമ്മേ സഹായിക്കട്ടെ.

## ഉയിർപ്പുകാലം അഞ്ചാം ഞായർ

**(യോഹ 21:1-14)**

ഞാൻ മീൻ പിടിക്കാൻ പോവുകയാണ് (21, 3). ഉത്ഥിതനായ ഈശോ വീണ്ടും വീണ്ടും താൻ ഏറ്റവും കൂടുതൽ സ്നേഹിച്ച ശിഷ്യന്മാർക്ക് മുമ്പിൽ പ്രത്യക്ഷപ്പെട്ടിട്ടും തന്റെ തകർക്കപ്പെട്ട കര ങ്ങളും തളയ്ക്കപ്പെട്ട പാർശ്വങ്ങളും കാണിച്ചു കൊടുത്തിട്ടും ശിഷ്യ ന്മാർക്ക് താത്പര്യം തങ്ങളുടെ പഴയ പണിതന്നെ! അതും, മീൻപി ടിക്കാൻ നേതൃത്വം നൽകുന്നതോ. "പത്രോസേ, നീ പാറയാകുന്നു. ആ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും! എന്ന വാദ്ഗാനം സ്വന്തമാക്കിയ പത്രോസും. ചിലപ്പോൾ തോന്നാറുണ്ട് കുടുംബം മുടിക്കാൻ കോടാലികൈ" എന്നു പറയുന്നതുപോലെയാണ് പത്രോ സിന്റെ പെരുമാറ്റം. കാരണം ഗുരുവിന്റെ മരണം ശിഷ്യരെ ചിതറിക്കു ന്നുണ്ട്. ഉയിർത്തെഴുന്നേറ്റ മിശിഹാ ചിതറിപ്പോയ ശിഷ്യരെ ഒന്നിച്ചു കൂട്ടുന്നുവീണ്ടും ഒന്നിച്ചു ചേർക്കപ്പെട്ട ശിഷ്യരെ ഒന്നിച്ചു കൂട്ടുന്നു. വീണ്ടും ഒന്നിച്ചു ചേർക്കപ്പെട്ട ശിഷ്യരെ ഞാൻ മീൻപിടിക്കാൻ പോകുകയാണെന്ന് പറഞ്ഞ് പത്രോസാണ് ചിതറിച്ച് കളയുന്നത്.

ഉയിർത്തെഴുന്നേറ്റ മിശിഹാ തിബേരിയാസ് കടൽത്തീരത്ത് വച്ച് തന്റെ ശിഷ്യഗണത്തിന് പ്രത്യക്ഷപ്പെടുന്നതിന് മുമ്പ് നാല് പ്രാവശ്യം

വിവിധ ഇടങ്ങളിലും സാഹചര്യങ്ങളിലുമായി പ്രത്യക്ഷപ്പെടുന്നുണ്ട്. തന്റെ ആണിതറച്ച കൈകളും കാലുകളും പാർശ്വവും കാണിച്ചു കൊടുക്കുന്നുണ്ട്. എന്റെ കർത്താവേ എന്റെ ദൈവമേ എന്നുള്ള തോമ്മായുടെ വിശ്വാസ പ്രഖ്യാപനവും കാണാതെ തന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ എന്നു പറഞ്ഞ കർത്താവിന്റെ ഓർമ്മപ്പെടുത്തലും തിബേരിയാസ് തീരത്തേക്ക് ഇറങ്ങി പോകുന്നതിന് മുമ്പ് നടക്കുന്നതാണ്. നരകത്തിൽ കിടക്കുന്ന ധാനവാന് പോലും ഉറപ്പാണ്, മരിച്ചവരിൽ നിന്നുള്ള ഒരാളുടെ സാക്ഷ്യം ദൈവിക കൃപകൊണ്ടാണെന്ന്: എന്നിട്ടും ശിഷ്യന്മാർക്ക് മാത്രം വിശ്വസിക്കാൻ സാധിച്ചില്ല. അവർ മാത്രം ഇടറിപ്പോയി. മൂന്ന് വർഷം കർത്താവിനോടുകൂടി ഉണ്ട്, ഉറങ്ങി, കൂട്ടുകൂടി അവന്റെ പാദാന്തികത്തിലിരുന്ന് വചനം ശ്രവിച്ച് അത്ഭുതങ്ങൾക്ക് സാക്ഷിയായ പത്രോസ് പറയുകയാണ്. ഞാൻ മീൻ പിടിക്കാൻ പോവുകയാണ്. ഇതു കേട്ട മറ്റ് ശിഷ്യന്മാരും പറഞ്ഞു "ഞങ്ങളും നിന്റെ കൂടെ വരുന്നു" എന്തുകൊണ്ടും പത്രോസ് നേതാവാകാൻ പറ്റിയവനാണ്. കാരണം അവന്റെ കൂടെ ചേരാൻ ഒരുപാട് പേരുണ്ട്. പക്ഷേ അവന്റെ ഇടർച്ച ഒരു സമൂഹത്തിന്റെ ഇടർച്ചയായിമാറുന്നു.

പത്രോസിനുണ്ടായ പ്രലോഭനം അവന്റെ മാത്രമല്ല. നമ്മുടേതും കൂടിയാണ്. മൂന്ന് വർഷംകൂടെ ഉണ്ടായിരുന്നാൽ ഇനി കർത്താവിനെ എനിക്ക് വേണ്ട എന്ന് പറയുന്നതിനു തുല്യമല്ലെ അവരുടെ പ്രവർത്തികൾ. ഏതാണ്ട് പാറപ്പുറത്ത് വീണ വിത്തുപോലുള്ള ജീവിതം. പെട്ടെന്ന് മുളച്ച് പൊന്തി. മണ്ണ് അധികമില്ലാത്തതിനാൽ വെയിലേറ്റപ്പോൾ വാടിപോയത് പോലെയാണ് നമ്മളും.

പത്രോസിന്റെ പ്രലോഭനം ഒരർത്ഥത്തിൽ കർത്താവിനോട് ചേർന്ന് നിൽക്കുന്നവർക്കെല്ലാം ഉണ്ടാകാവുന്ന ഒന്നാണ്. കർത്താവിനോട് ചേരുന്നതിനു മുമ്പ് ഈലോകസുഖങ്ങളിൽ ജീവിച്ചതുകൊണ്ട് വീണ്ടും അങ്ങോട്ടുള്ള ചായ്‌വ് ഉണ്ട്. ഇവിടെ പത്രോസ് പോകുന്നത് ഒറ്റയ്ക്കല്ലാ ഒരു കൂട്ടത്തെതന്നെ കൊണ്ടുപോകുന്നു. വിശുദ്ധിയിലൂടെ മാർഗം ത്യജിക്കുന്ന ഒരുവൻവഴി സമൂഹവും തിന്മയിലേക്ക് വീഴാൻ ഇടയാകും.

**ബ്രദേഴ്സ്, വടവാതൂർ സെമിനാരി**

# പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ
## മല്പാൻ മോൺ. മാത്യു വെള്ളാനിക്കൽ

# പുരോഹിതൻ: സഭയെ പടുത്തുയർത്തുന്നവൻ

**(തിരുവചനഭാഗം: ശ്ലീഹ 2, 1-47)**

പുരോഹിതൻ സഭാസമൂഹത്തെ പടുത്തുയർത്തേണ്ടവനാണ്. പുരോഹിതരുടെ ശുശ്രൂഷയെക്കുറിച്ചുംജീവിതത്തെക്കുറിച്ചും പറയുന്ന കൗൺസിൽ ഡിക്രിയിൽ "ദൈവത്തിന്റെ കുടുംബത്തെ ഐക്യത്തിന്റെ അരൂപിയുള്ള സാഹോദര്യത്തിൽ കെട്ടിപ്പടുക്കുവാനും, മിശിഹായിൽ അരൂപിയിലൂടെ പിതാവായ ദൈവത്തിലേക്കു നയിക്കുവാനും പുരോഹിതനു കഴിയണം" (PO 6) എന്നു പറയുന്നുണ്ട്. പന്തക്കുസ്താദിവസം ആദിമസഭ ജന്മംകൊള്ളുകയും അതിന്റെ തനിമയിൽ ജീവിക്കുകയും ചെയ്യുന്ന വിവരണങ്ങളാണ് ശ്ലീഹ 2-ാം അദ്ധ്യായം അവതരിപ്പിക്കുന്നത്. പുരോഹിതൻ കെട്ടിപ്പടുക്കേണ്ട സഭാസമൂഹം എങ്ങനെയുള്ളതാണെന്ന് വ്യക്തമാക്കുന്ന ഒരു അദ്ധ്യായമാണ് ഇത്. ഈ അദ്ധ്യായത്തെ ഇപ്രകാരം വിഭജിക്കാം:

1. പരിശുദ്ധാത്മാവിന്റെ ആഗമനം (2,1-13)
2. പത്രോസിന്റെ പ്രസംഗം: ഒന്നാം ഭാഗം - അരൂപിയെക്കുറിച്ച് (2,14-21)
3. പത്രോസിന്റെ പ്രസംഗം: രണ്ടാം ഭാഗം - മിശിഹായെക്കുറിച്ച് (2,22-36)
4. ആദിമസഭ ജന്മംകൊള്ളുന്നു (2,37-41)
5. ആദിമസഭയുടെ രൂപരേഖ (2,42-47)

**1. പുരോഹിതൻ: അരൂപിയിൽ നവീകരിക്കപ്പെടേണ്ടവൻ**

"*പന്തക്കുസ്താദിനം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ചുകൂടിയിരിക്കുകയായിരുന്നു. കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്ന് ഉണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീടു മുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾപോലുള്ള നാവുകൾ തങ്ങൾ ഓരോരുത്തരുടെയുംമേൽ വന്നു നില്ക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവുകൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി*" (2,1-4).

സഭയെ പരിശുദ്ധാത്മാവിനാൽ സ്നാനപ്പെട്ടവരുടെ സമൂഹമായിട്ടാണ് ഇവിടെ അവതരിപ്പിക്കുന്നത്. പന്തക്കുസ്താദിവസമാണ് ഇതു സംഭവിക്കുന്നത്. പന്തക്കുസ്താദിവസം ഇസ്രായേലിന് കർത്താവ് പ്രമാണങ്ങൾ നല്കിയ ദിവസമായിട്ട് അറിയപ്പെട്ടിരുന്നു (നിയ 16,9-12). ദൈവവുമായുള്ള ദൈവജനത്തിന്റെ ഉടമ്പടിബന്ധത്തെ അനുസ്മരിക്കുന്ന പന്തക്കുസ്താദിനമാണ് പുതിയ ദൈവജനമായ സഭയുടെയും ജന്മദിനം. കാറ്റും അഗ്നിയും ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകങ്ങളാണ്. "അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയുംമേൽ വന്നു നില്ക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു". ഈശോ വാഗ്ദാനം ചെയ്തിരുന്ന പരിശുദ്ധാത്മസ്നാനം (ശ്ലീഹ 1,5; ലൂക്കാ 24,49) സഭാംഗങ്ങൾക്കു മുഴുവനും ലഭിക്കുന്നു. "ആകാശത്തിൻ കീഴുള്ള സകല ജനപദങ്ങളെയും" (നട 2,5) പ്രതിനിധീകരിക്കുന്ന ഒരു സമൂഹം അവരവരുടെ ഭാഷകളിൽ സുവിശേഷം ശ്രവിക്കുന്നതായിട്ടും പറയുന്നുണ്ട് (2,6-12). ശ്ലീഹ 1,8 ലും ലൂക്കാ 24,47-48 ലും പറഞ്ഞിരിക്കുന്നതുപോലെ സാർവത്രികമായ സുവിശേഷപ്രഘോഷണസമൂഹമായിട്ടുമാണ് സഭ ജന്മംകൊള്ളുന്നത്. സഭാസമൂഹം അടിസ്ഥാനപരമായി പരിശുദ്ധാത്മസ്നാനം സ്വീകരിച്ചവരുടെയും സാർവത്രികസുവിശേഷപ്രഘോഷണദൗത്യം നിർവഹിക്കുന്നവരുടെയും സമൂഹമാണെന്ന് ഇതു വ്യക്തമാക്കുന്നു.

ജലത്താലും പരിശുദ്ധാത്മാവിലും സ്നാനം സ്വീകരിക്കുന്നവരുടെ സമൂഹമാണ് സഭ. കൂദാശാപരമായി സ്വീകരിക്കുന്ന പരിശുദ്ധാത്മസ്നാനാനുഭവം നവീകരിക്കപ്പെടേണ്ട ഒന്നാണ്. പ്രത്യേകിച്ച്, ശിശുസ്നാനം സ്വീകാര്യമായിരിക്കുന്ന പശ്ചാത്തലത്തിൽ ഇതു പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ക്രമമായ കൂദാശാസ്വീകരണത്തിലൂടെയും കൂദാശാജീവിതത്തിലൂടെയുമാണ് പരിശുദ്ധാത്മസ്നാന നവീകരണം സംഭവിക്കുക. കൂദാശാസ്വീകരണമെന്നു പറയുമ്പോൾ കൂദാശാസ്വീകരണത്തിൽ പ്രാർത്ഥനാനുഭവത്തിനുള്ള പ്രസക്തി പ്രാധാന്യമർഹിക്കുന്നതാണ്. ഏകമനസ്സോടെ പ്രാർത്ഥനയിൽ മുഴുകിയിരുന്ന സഭാസമൂഹത്തിലാണ് പരിശുദ്ധാത്മസ്നാനം സംഭവിച്ചത് (1,14). അതുകൊണ്ട് കൂദാശാസ്വീകരണത്തോടനുബ

ന്ധിച്ചുള്ള പ്രാർത്ഥനാനുഭവത്തിൽ വളരുന്നതിലൂടെയാണ് പരിശുദ്ധാത്മാഭിഷേകത്തിലുള്ള നവീകരണത്തിലും വളർച്ചയുണ്ടാകുന്നത്. പ്രാർത്ഥന 'അരൂപിയോടുള്ള തുറവി'യാണെന്ന് പൗലോസ്ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് (റോമാ 8,26-27). അതുകൊണ്ട് ഹൃദയൈക്യത്തോടെയുള്ള പ്രാർത്ഥനാനുഭവം ഉൾക്കൊണ്ടുകൊണ്ട് സഭയുടെ കൂദാശാസ്വീകരണം നടത്തിയും കൂദാശാജീവിതം നയിച്ചും അരൂപിയിൽ നാം നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടിരിക്കണം. സഭാസമൂഹം മുഴുവൻ അപ്രകാരം നവീകരിക്കപ്പെടേണ്ടതാണെങ്കിൽ സമൂഹത്തെ കെട്ടിപ്പടുക്കേണ്ട പുരോഹിതൻ ഈ നവീകരണാനുഭവത്തിൽ മുന്നിട്ടുനില്ക്കേണ്ടവനാണ്. പ്രാർത്ഥനാനുഭവത്തോടുകൂടി കൂദാശാപരികർമ്മം നിർവഹിച്ചുകൊണ്ടും കൂദാശാജീവിതം നയിച്ചുകൊണ്ടും പുരോഹിതനും ആത്മാവിൽ നിരന്തരമായി നവീകരിക്കപ്പെട്ടുകൊണ്ടിരിക്കണം.

**2. പുരോഹിതൻ: വചനാധിഷ്ഠിതജീവിതം നയിക്കുന്നവൻ**

*"എന്നാൽ, പത്രോസ് മറ്റു പതിനൊന്നു പേരോടുമൊപ്പം എഴുന്നേറ്റുനിന്ന് ഉച്ചസ്വരത്തിൽ അവരോടു പറഞ്ഞു: യഹൂദജനങ്ങളേ, ജറുസലേമിൽ വസിക്കുന്നവരേ, ഇതു മനസ്സിലാക്കുവിൻ; എന്റെ വാക്കുകൾ ശ്രദ്ധിക്കുവിൻ. നിങ്ങൾ വിചാരിക്കുന്നതുപോലെ ഇവർ ലഹരി പിടിച്ചവരല്ല. കാരണം, ഇപ്പോൾ ദിവസത്തിന്റെ മൂന്നാം മണിക്കൂറല്ലേ ആയിട്ടുള്ളു? മറിച്ച്, ജോയേൽ പ്രവാചകൻ പറഞ്ഞതാണിത്: ദൈവം അരുളിച്ചെയ്യുന്നു: അവസാനദിവസങ്ങളിൽ എല്ലാ മനുഷ്യരുടെയുംമേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ യുവാക്കൾക്കു ദർശനങ്ങളുണ്ടാകും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും. എന്റെ ദാസന്മാരുടെയും ദാസികളുടെയുംമേൽ ഞാൻ എന്റെ ആത്മാവിനെ വർഷിക്കും; അവർ പ്രവചിക്കുകയും ചെയ്യും"* (2,14-18).

പത്രോസ് മറ്റു പതിനൊന്നു പേരോടുമൊപ്പം എഴുന്നേറ്റുനിന്ന് ആദ്യത്തെ സുവിശേഷപ്രസംഗം നടത്തുകയാണ്. സഭയുടെ ഏറ്റം പ്രധാനപ്പെട്ട ദൗത്യം സുവിശേഷപ്രഘോഷണമാണെന്നും, അത് ഓരോരുത്തരും ഒറ്റപ്പെട്ട് നടത്തേണ്ടതല്ലെന്നും ഇതു സൂചിപ്പിക്കുന്നു. ശ്ലൈഹിക അടിസ്ഥാനമാണ് സഭയ്ക്കും സഭയുടെ സുവിശേ

ഷപ്രഘോഷണത്തിനും ആധികാരികത നല്കുന്നത്. ശ്ലൈഹികാടിസ്ഥാനം എന്നത് പന്ത്രണ്ടു ശ്ലീഹന്മാരുടെയും കൂട്ടായ്മയിൽ അധിഷ്ഠിതമായതാണെന്ന് ഇവിടെ വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ട് സഭയിൽ എല്ലാവരും സുവിശേഷപ്രഘോഷണം നടത്തേണ്ടത് ശ്ലൈഹികാടിസ്ഥാനത്തെ മാനിച്ചുകൊണ്ടും കൂട്ടായ്മ പുലർത്തിക്കൊണ്ടുമായിരിക്കണം. പത്രോസിന്റെ പ്രസംഗവിഷയം പരിശുദ്ധാത്മാഭിഷേകവും (2,15-21 ) മിശിഹാസംഭവവുമാണ് (2,22-36). പരിശുദ്ധാത്മാഭിഷേകത്തെ വിശദീകരിക്കുവാൻ പത്രോസ് ആധാരമാക്കുന്നത് ജോയേൽപ്രവചനമാണ് (ജോയേൽ 2,28-32). ഇസ്രായേൽജനത്തിന്റെ മുഴുവന്റെ മേലുമുള്ള ദൈവാത്മാവിന്റെ അഭിഷേകമായിട്ടാണ് പന്തക്കുസ്താനുഭവത്തെ പത്രോസ് വിശദീകരിക്കുന്നത്. പഴയനിയമകാലഘട്ടത്തിൽ ദൈവജനത്തിന്റെ നേതാക്കന്മാർ മാത്രമാണ് ആത്മാഭിഷിക്തരായിരുന്നതെങ്കിൽ പുതിയ ദൈവജനം മുഴുവൻ ആത്മാഭിഷിക്തമാകുമെന്ന് പത്രോസിന്റെ സുവിശേഷപ്രസംഗം വ്യക്തമാക്കുന്നു. അത് രക്ഷയുടെ അഥവാ വിശുദ്ധിയുടെ അനുഭവവുംകൂടെയായിരിക്കും (2,21). പരിശുദ്ധാരൂപി വിശുദ്ധിയുടെ അരൂപിയാണ് (റോമാ 1,4). അതുകൊണ്ട് അരൂപിയാൽ പൂരിതരായി, വിശുദ്ധിയിലും സ്നേഹത്തിലും കർത്താവിനെ സ്തുതിക്കുന്ന (എഫേ 5,18-20) ഒരു സമൂഹമായിട്ടാണ് സഭ ജന്മംകൊള്ളുന്നത്.

അരൂപിയുടെ ഈ അഭിഷേകം വചനസ്വീകരണവും വചനാനുഭവവും ഉൾക്കൊള്ളുന്നതാണെന്നും പതോസിന്റെ പ്രസംഗത്തിൽ സൂചനയുണ്ട്. ജോയേൽ പ്രവചനപ്രകാരം കർത്താവിന്റെ അരൂപി വർഷിക്കപ്പെടുന്നത് 'കർത്താവിന്റെ ദാസന്മാരുടെയും ദാസിമാരുടെയുംമേൽ' ആണെന്ന് പ്രത്യേകം എടുത്തുപറയുന്നുണ്ട് (2,18=ജോയേൽ 2,29). കർത്താവിന്റെ ദാസന്മാരും ദാസിമാരും കർത്താവിന്റെ വചനം സ്വീകരിക്കുന്നവരാണ്. പിന്നീട് പത്രോസിന്റെ പ്രസംഗത്തിന് അനുകൂലമായി പ്രത്യുത്തരിച്ചവർ വചനം സ്വീകരിച്ചവരാണെന്ന് എടുത്തുപറയുന്നുമുണ്ട് (ശ്ലീഹ 2,41). ഈ പ്രസ്താവന പരിശുദ്ധ കന്യകാമറിയത്തിന്റെ വാക്കുകളെ അനുസ്മരിപ്പിക്കുന്ന ഒന്നാണ്. മംഗലവാർത്തയുടെ സന്ദർഭത്തിൽ "പരിശുദ്ധാത്മാവ് നിന്റെ മേൽവരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും" എന്ന്

ദൂതൻ പറഞ്ഞപ്പോൾ മറിയം പ്രത്യുത്തരിച്ചത് "ഇതാ, കർത്താവിന്റെ ദാസി! നിന്റെ വചനം എന്നിൽ നിറവേറട്ടെ!" എന്നാണ് (ലൂക്കാ 1,38). അരൂപിയും വചനവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അരൂപിയുടെ അഭിഷേകം ജീവിതത്തിൽ ഫലപ്രദമായിത്തീരുന്നത് വചനസ്വീകരണത്തിലൂടെയാണെന്നുള്ളതിനു സംശയമില്ല. സഭ വചനം സ്വീകരിക്കുന്നവരുടെ സമൂഹമാണെങ്കിൽ സഭയെ കെട്ടിപ്പടുക്കേണ്ട പുരോഹിതനും വചനാധിഷ്ഠിത ജീവിതം നയിക്കുന്നവനാകണം.

**3. പുരോഹിതൻ: മിശിഹാനുഭവത്തിൽ വളരുന്നവൻ**

"*ആ ഈശോയെ ദൈവം ഉയിർപ്പിച്ചു. ഞങ്ങളെല്ലാവരും അതിനു സാക്ഷികളാണ്. ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും പിതാവിൽനിന്ന് പരിശുദ്ധാത്മാവിന്റെ വാഗ്ദാനം സ്വീകരിക്കുകയും ചെയ്ത അവൻ ഈ ആത്മാവിനെ വർഷിച്ചിരിക്കുന്നു. അതാണ് നിങ്ങൾ ഇപ്പോൾ കാണുകയും കേൾക്കുകയും ചെയ്യുന്നത്. ദാവീദ് സ്വർഗത്തിലേക്ക് ആരോഹണം ചെയ്തില്ല. എങ്കിലും അവൻ പറയുന്നു: കർത്താവ് എന്റെ കർത്താവിനോടു പറഞ്ഞു, ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്ത് ഉപവിഷ്ഠനാവുക. അതിനാൽ, നിങ്ങൾ കുരിശിൽ തറച്ച ഈശോയെ ദൈവം, കർത്താവും മിശിഹായുമാക്കി ഉയർത്തി എന്ന് ഇസ്രായേൽജനം മുഴുവനും വ്യക്തമായി അറിയട്ടെ*" (2,32-36).

പത്രോസിന്റെ സുവിശേഷപ്രസംഗത്തിന്റെ രണ്ടാം ഭാഗത്തിന്റെ വിഷയം മിശിഹാസംഭവമാണ്. ദൈവത്തിന്റെ നിശ്ചിതപദ്ധതിയും പൂർവജ്ഞാനവുമനുസരിച്ച്, ദൈവം പൂർത്തിയാക്കിയ രക്ഷാകര പ്രവർത്തനമാണ് മിശിഹാസംഭവമെന്ന് പത്രോസ് പ്രഖ്യാപിക്കുകയാണ് (2,23). "ഇസ്രായേൽ ജനങ്ങളേ" എന്നു സംബോധന ചെയ്തുകൊണ്ടാണ് മിശിഹാസംഭവം പത്രോസ് അവതരിപ്പിക്കുന്നത്. ദൈവജനമായ ഇസ്രായേലിലൂടെ ദൈവം പൂർത്തിയാക്കിക്കൊണ്ടിരിക്കുന്ന രക്ഷാകരപ്രവർത്തനമാണിതെന്ന് അവർ മനസ്സിലാക്കണം. ഈശോയുടെ പരസ്യജീവിതത്തിലെ പ്രബോധനങ്ങളും പ്രവർത്തനങ്ങളും അവസാനം പീഡാസഹനവും കുരിശുമരണവും ഉത്ഥാനവും സ്വർഗാരോഹണവും പരിശുദ്ധാത്മവർഷവുമാണ് മിശിഹാസംഭവ

ത്തിന്റെ ഉള്ളടക്കം. ഈശോയെ "കർത്താവും മിശിഹായുമാക്കി" ഉയർത്തി എന്നു പറഞ്ഞുകൊണ്ടാണ് പ്രസംഗം അവസാനിപ്പിക്കുന്നത്. 'കർത്താവ്' എന്ന സംബോധന പഴയനിയമത്തിൽ ദൈവത്തിനുമാത്രം നല്കുന്നതാണ്. മിശിഹായിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ പൂർത്തീകരണമാണ് ഈ സംബോധന ഈശോയ്ക്കു നല്കുന്നതിലൂടെ സൂചിപ്പിക്കുന്നത്. ഇത് ആദിമസഭയുടെ വിശ്വാസപ്രഖ്യാപനത്തിന്റെ അന്തഃസത്തയുമാണ് (റോമാ 10,9; 1 കൊറി 15). സഭയുടെ സുവിശേഷപ്രഘോഷണത്തിന്റെ വിഷയം മിശിഹാസംഭവമായിരിക്കണമെന്ന് ഇത് പ്രത്യേകം നമ്മെ അനുസ്മരിപ്പിക്കുന്നു.

മിശിഹാസംഭവമായിരിക്കണം നമ്മുടെ സുവിശേഷപ്രഘോഷണവിഷയമായിരിക്കേണ്ടതെങ്കിൽ സുവിശേഷപ്രഘോഷണത്തിനുള്ള ആധികാരികത നമുക്കു നല്കുന്നത് മിശിഹാനുഭവമാണ്. "ആ ഈശോയെ ദൈവം ഉയിർപ്പിച്ചു. ഞങ്ങളെല്ലാവരും അതിനു സാക്ഷികളാണ്" (2,32) എന്ന് പത്രോസ് എടുത്തുപറയുന്നു. മിശിഹാസംഭവത്തിനു സാക്ഷികളായിത്തീരുന്ന അനുഭവമാണ് മിശിഹാസംഭവം പ്രഘോഷിക്കുവാൻ നമ്മെ കഴിവുറ്റവരാക്കുന്നത്. യോഹന്നാൻശ്ലീഹാ തന്റെ ഒന്നാം ലേഖനത്തിന്റെ ആമുഖത്തിൽ പറയുന്ന വാക്കുകൾ നമുക്കറിവുള്ളതാണ്: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു... ഞങ്ങൾ അതു കണ്ടു. അതിനു സാക്ഷ്യം നല്കുകയും ചെയ്യുന്നു" (1 യോഹ 1,1-2). സുവിശേഷപ്രഘോഷണം സഭയുടെ അടിസ്ഥാനപരമായ ദൗത്യമാണെങ്കിൽ സഭയുടെ അംഗങ്ങളോരോരുത്തരും മിശിഹാനുഭവമുള്ളവരായിരിക്കണം. ഇന്ന് ഈ മിശിഹാനുഭവം നമുക്ക് ആർജ്ജിക്കുവാനുള്ള ഏറ്റം ഉത്കൃഷ്ടമായ വേദി പരിശുദ്ധ കുർബാനയർപ്പണംതന്നെയാണ്. അവിടെ മിശിഹാ സന്നിഹിതനാവുകയും തന്റെ പരസ്യജീവിതവും ഉത്ഥാനവും പരിശുദ്ധാത്മവർഷവും കൂദാശാപരമായി സന്നിഹിതമാക്കുകയും ചെയ്യുന്നു. പരിശുദ്ധ കുർബാനയിൽ സജീവമായി സംബന്ധിച്ചുകൊണ്ടാണ് സഭാംഗങ്ങൾ ഈ മിശിഹാനുഭവത്തിൽ വളരേണ്ടത്. കുർബാനയർപ്പി

ക്കുന്ന പുരോഹിതൻ ഈ മിശിഹാനുഭവത്തിൽ വളരുന്നവനും ഈ അനുഭവത്തിൽ വിശ്വാസികളെ വളർത്തുന്നവനുമാകണം.

**4. പുരോഹിതൻ: സുവിശേഷത്തിന്റെ ശുശ്രൂഷകൻ**

"*അവന്റെ വചനം ശ്രവിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസം തന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു. അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു*" (2,41-42).

പത്രോസിന്റെ പ്രസംഗം കേട്ടവർ ഹൃദയം നുറുങ്ങി പത്രോസിനോടു ചോദിച്ചു: "സഹോദരന്മാരേ, ഞങ്ങൾ എന്താണു ചെയ്യേണ്ടത്? പത്രോസ് പറഞ്ഞു: നിങ്ങൾ പശ്ചാത്തപിക്കുവിൻ. പാപമോചനത്തിനായി എല്ലാവരും ഈശോമിശിഹായുടെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്കു ലഭിക്കും" (2,37-38). അവരുടെ ഹൃദയം നുറുങ്ങാൻ കാരണം അവർ (യഹൂദജനം) ഈശോയിലൂടെ ദൈവം വച്ചുനീട്ടിയ രക്ഷ തിരസ്കരിച്ചു എന്നതാണ്. അതുകൊണ്ടാണ് പശ്ചാത്തപിച്ച് ഈശോമിശിഹായുടെ നാമത്തിൽ സ്നാനം സ്വീകരിക്കുവാൻ പത്രോസ് അവരോട് ആവശ്യപ്പെട്ടതും. 'ഈശോയുടെ നാമത്തിൽ' സ്നാനം സ്വീകരിക്കുക എന്നു പറഞ്ഞാൽ ഈശോയെ ജീവിതത്തിന്റെ സർവസ്വവുമായി സ്വീകരിക്കുക എന്നാണർത്ഥം. അതു വെറുമൊരു ഫോർമുലയല്ല. ഫോർമുല എന്ന നിലയിൽ അത് 'ത്രിത്വത്തിന്റെ നാമത്തിൽ' എന്നായത് (മത്താ 28,19) ഈശോ ത്രിത്വത്തെ പ്രതിനിധാനം ചെയ്യുന്നതുകൊണ്ടാണ്. ഈശോയെ തിരസ്കരിച്ച ഈ ദുഷിച്ച തലമുറയിൽനിന്ന് അവരെത്തന്നെ രക്ഷിക്കുവാനും (2,40) പത്രോസ് അവരെ ഉപദേശിക്കുന്നുണ്ട്. അവരിൽ മൂവായിരത്തോളം പേർ പത്രോസ് പ്രഘോഷിച്ച സുവിശേഷവചനം സ്വീകരിച്ച്, സ്നാനം സ്വീകരിച്ചു. ഇവരാണ് ആദിമസഭാസമൂഹം. ഇപ്രകാരമുള്ള സഭാസമൂഹത്തിന്റെ ശുശ്രൂഷകനാണ് പുരോഹിതൻ. ഇപ്രകാരം സുവിശേഷവചന കേന്ദ്രീകൃതമായി, ഈശോയോടും സുവിശേഷത്തോടും പ്രതിബദ്ധതയുള്ള സമൂഹമായിട്ടാണ് പുരോഹിതൻ സഭയെ കെട്ടിപ്പടുക്കേണ്ടത്.

സുവിശേഷകേന്ദ്രീകൃതമായി സഭയെ കെട്ടിപ്പടുക്കേണ്ടതെങ്ങനെയെന്ന് നമ്മെ മനസ്സിലാക്കിത്തരുന്നതാണ് 'സഭയുടെ കരടുരേഖ'

(blue print) എന്നറിയപ്പെടുന്ന 42-ാം വാക്യം: "അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു". സഭയിൽ സ്വീകരിക്കപ്പെട്ട വചനത്തിന് -സുവിശേഷത്തിന്- മൂന്നു വിധത്തിലുള്ള പ്രത്യുത്തരമാണ് സഭാംഗങ്ങൾ നല്കേണ്ടത്. ശ്ലീഹന്മാരുടെ പ്രബോധനത്തിൽ സദാ താല്പര്യപൂർവം പങ്കുചേരുന്നതുവഴി സുവിശേഷസ്വീകരണവും കൂട്ടായ്മയിൽ പങ്കുചേരുന്നതുവഴി സുവിശേഷജീവിതവും അപ്പം മുറിയ്ക്കൽ, പ്രാർത്ഥന എന്നിവയിൽ പങ്കുചേരുന്നതുവഴി സുവിശേഷാഘോഷവും നടക്കുന്നു. ഇപ്രകാരം മൂന്നു വിധത്തിലുള്ള പ്രത്യുത്തരത്തിന് വിശ്വാസികളെ സജ്ജരാക്കുന്നതിനുള്ള ത്രിവിധശുശ്രൂഷകളാണ് പുരോഹിതനുള്ളത്. 1. പ്രബോധനശുശ്രൂഷ; 2. അജപാലനശുശ്രൂഷ; 3. വിശുദ്ധീകരണശുശ്രൂഷ. പ്രബോധനശുശ്രൂഷയിലൂടെ സുവിശേഷസ്വീകരണത്തിനും, അജപാലനശുശ്രൂഷയിലൂടെ സുവിശേഷാത്മകമായ ജീവിതത്തിനും വിശുദ്ധീകരണ (ആരാധനക്രമ) ശുശ്രൂഷയിലൂടെ സുവിശേഷാഘോഷത്തിനും നേതൃത്വം കൊടുക്കുവാൻ പുരോഹിതനു കഴിയണം. അപ്രകാരം പുരോഹിതൻ തന്റെ ശുശ്രൂഷ നിർവഹിക്കുമ്പോൾ സഭാസമൂഹം സുവിശേഷകേന്ദ്രീകൃതമായ ഒരു സമൂഹമായി പടുത്തുയർത്തപ്പെടും. അപ്പോൾ സുവിശേഷപ്രഘോഷണശേഷിയുള്ള സമൂഹമായും സഭ പടുത്തുയർത്തപ്പെടും. ഇപ്രകാരം സുവിശേഷത്തിന്റെ ശുശ്രൂഷകനാകുവാൻ പുരോഹിതൻ പരിശ്രമിക്കണം.

**5. പുരോഹിതൻ: കൂട്ടായ്മയുടെ ശുശ്രൂഷകൻ**

"*വിശ്വസിച്ചവരെല്ലാവരും ഒറ്റ സമൂഹമാകുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു*" (2,44-45).

സുവിശേഷകേന്ദ്രീകൃതമായി രൂപംകൊള്ളുന്ന സഭാസമൂഹത്തിന്റെ മുഖമുദ്ര കൂട്ടായ്മയും സ്നേഹവുമാണ്. ആദിമസഭാസമൂഹത്തിന്റെ ജീവിതശൈലി ഇതു വ്യക്തമാക്കുന്നുണ്ട്. അവർ എല്ലാം പൊതുവായി കരുതുകയും ഉള്ളതെല്ലാം ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചുകൊടുക്കുകയും ചെയ്തുവെന്നാണ് പറയു

ന്നത്. വിശ്വാസികളുടെ കൂട്ടായ്മയെക്കുറിച്ച് പിന്നീട് ഇപ്രകാരം പറയുന്നു: "വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതുസ്വത്തായിരുന്നു" (4,32). ജറുസലേമിലെ ആദ്യ ക്രൈസ്തവസമൂഹം ദരിദ്രർ കൂടുതലുണ്ടായിരുന്ന സമൂഹമായിരുന്നുവെന്നാണ് പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളുടെ വെളിച്ചത്തിൽ നാം മനസ്സിലാക്കുന്നത്. പൗലോസ്ശ്ലീഹാ സ്ഥാപിച്ച സഭകളിൽനിന്നെല്ലാം സാമ്പത്തികമായി അവരെ സഹായിക്കുന്നതായിട്ടു നാം കാണുന്നുണ്ട് (2 കൊറി 9,1-5). എങ്കിലും അവരുടെയിടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരുമുണ്ടായിരുന്നില്ല. കാരണം പറമ്പും വീടും സ്വന്തമായുണ്ടായിരുന്നവരെല്ലാം അവയത്രയും വിറ്റു കിട്ടിയ തുക ശ്ലീഹന്മാരുടെ കാൽക്കലർപ്പിച്ചു. അത് ഓരോരുത്തർക്കും ആവശ്യമനുസരിച്ച് വിതരണം ചെയ്യപ്പെട്ടു (4,34-35). ശ്ലീഹ 5-ാം അദ്ധ്യായം വിവരിക്കുന്ന അനനിയാസിന്റെയും സഫീറായുടെയും സംഭവം ഇതിനു തെളിവുമാണ്.

ഇപ്രകാരം ദാരിദ്ര്യചൈതന്യവും കൂട്ടായ്മാജീവിതവുമുണ്ടായിരുന്ന സമൂഹമായതിനാലാണ്, ഫലപ്രദമായവിധം സുവിശേഷത്തിനു സാക്ഷ്യം വഹിക്കുവാനും അനേകരെ സഭയിലേക്ക് ആനയിക്കുവാനും ആദിമക്രൈസ്തവസമൂഹത്തിനു കഴിഞ്ഞത്. "അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടെയും സംപ്രീതിക്കു പാത്രമാവുകയും ചെയ്തു. രക്ഷ പ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നു" (2,47). സുവിശേഷം നിരന്തരം സ്വീകരിക്കുകയും ആഘോഷിക്കുകയും ജീവിക്കുകയും ചെയ്യുന്ന സമൂഹം അവശ്യം സുവിശേഷം പ്രഘോഷിക്കുന്ന, സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്ന സമൂഹമായിരിക്കും. അപ്രകാരം സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാനാണ് പുരോഹിതൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് പുരോഹിതൻ ആത്യന്തികമായി സഭാകൂട്ടായ്മയുടെ ശുശ്രൂഷകനാകുവാൻ പരിശ്രമിക്കണം.

**ജീവിതസൂചിക**

1. പ്രാർത്ഥനാജീവിതത്തിലൂടെ പരിശുദ്ധാത്മാഭിഷേകം നവീകരിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. വചനാധിഷ്ഠിതജീവിതം നയിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
3. പുരോഹിതനടുത്ത ശുശ്രൂഷയിലൂടെ മിശിഹാനുഭവത്തിൽ വളരുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കണം?
4. സുവിശേഷകേന്ദ്രീകൃതമായി സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാൻ ഞാൻ എന്റെ പുരോഹിതശുശ്രൂഷ എങ്ങനെ നിർവഹിക്കണം?
5. എന്റെ സമൂഹത്തെ സഭാത്മകകൂട്ടായ്മയായി കെട്ടിപ്പടുക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?

# വാർത്തകൾ

## വൈദികരുടെ തുടർ പരിശീലനം സംഘടിപ്പിച്ചു

അതിരൂപതയിലെ ബഹു. വൈദികർക്കായുള്ള തുടർ പരിശീലനം രണ്ട് ബാച്ചുകളിലായി പാഴുത്തുരുത്ത് മരിയമല ആശ്രമത്തിൽ സംഘടിപ്പിച്ചു. ജനുവരി 29-30 തീയതികളിൽ സംഘടിപ്പിച്ച ആദ്യ ബാച്ചിന്റെ പരിശീലനത്തിൽ 38 വൈദികരും മാർച്ച് 20-21 തീയതികളിൽ സംഘടിപ്പിച്ച രണ്ടാം ബാച്ചിന്റെ പരിശീലനത്തിൽ 84 വൈദികരും ഉൾപ്പെടെ 122 വൈദികർ തുടർ പരിശീലനത്തിൽ പങ്കെടുത്തു.

"**Living a Radical Discipleship of Priesthood in the Present Challenging Pastoral Context**" എന്ന വിഷയത്തെ അധികരിച്ച് സംഘടിപ്പിച്ച പരിശീലനത്തിൽ മാർ ജോസഫ് പാംബ്ലാനി, മാർ തോമസ് തറയിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ക്നാനായ സമുദായ അംഗത്വത്തെ സംബന്ധിച്ച് വിഷയാവതരണ ചർച്ചകളും പരിശീലനത്തോടനുബന്ധിച്ച് നടത്തപ്പെട്ടു. അതിരൂപതയിലെ അജപാലന പ്രവർത്തനങ്ങളിൽ അഭിമുഖീകരിക്കുന്ന വെല്ലുവിളികളും സാധ്യതകളും പ്രായോഗിക നിർദ്ദേശങ്ങളും പരിശീലനത്തിൽ ചർച്ച ചെയ്തു.

## സമാധാന പ്രാർത്ഥനകളുമായി അരുണാചലിൽ തീർത്ഥാടനം

മിയാവ് : ലോക സമാധാനത്തിനും ഇന്ത്യയിലും അരുണാചലിലും സമാധാനം കളിയാടുന്നതിനുമായി അരുണാചലിൽ കാൽനട തീർത്ഥാടനം നടത്തി. ന്യൂടൺ ഗ്രാമത്തിൽനിന്നും ആരംഭിച്ച മിയാവ് ക്രൈസ്റ്റ് ലൈറ്റ് തീർത്ഥാടനകേന്ദ്രത്തിലാണ് സമാപിച്ചത്. 16 കിലോമീറ്റർ ദൈർഘ്യമുണ്ടായിരുന്ന തീർത്ഥാടനത്തിൽ ഏഴ് വയസു മുതൽ 70 വയസു വരെയുള്ള 300 പേർ പങ്കെടുത്തു. ലോകസമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കാനുള്ള ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനത്തെ മുൻനിർത്തിയായിരുന്നു തീർത്ഥാടനം സംഘടിപ്പിച്ചത്. മാർപാപ്പയുടെ വാക്കുകൾക്ക് ത്യാഗത്തിൽ പൊതിഞ്ഞ് പ്രത്യുത്തരം നൽകിയ വിശ്വാസികളെ മിയാവ് രൂപതാധ്യക്ഷൻ ഡോ. ജോർജ് പള്ളിപ്പറമ്പിൽ അഭിനന്ദിച്ചു.

വിശ്വാസത്തിന്റെ ആഴമാണ് ഇതിലൂടെ തെളിയുന്നതെന്ന് അദ്ദേഹം പറഞ്ഞു. മരക്കുരിശുകൾ ഉയർത്തി ജപമാലകൾ ചൊല്ലി നടത്തിയ തീർത്ഥാടനം വിശ്വാസ വളർച്ചയുടെ അടയാളമാണെന്നും ഡോ. പള്ളിപ്പറമ്പിൽ ചൂണ്ടിക്കാട്ടി. എല്ലാക്കാലത്തെക്കാളും ലോകത്തിന് സമാധാനം ആവശ്യമുള്ള കാലമാണിതെന്ന് തീർത്ഥാടനത്തിന് നേതൃത്വം നൽകിയ ഫാ. ഫെലിക്സ് ആന്റണി പറഞ്ഞു. എല്ലാ രൂപതയിലും ഒരു ദൈവാലയത്തിലെങ്കിലും ലോകസമാധാനത്തിനായ 24 മണിക്കൂർ ആരാധന നടത്തുമെന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം അനുസരിച്ച് ക്രൈസ്റ്റ് ലൈറ്റ് കത്തീഡ്രലിൽ നടത്തിയ ആരാധനയും കുമ്പസാരവും തീർത്ഥാടനത്തോടനുബന്ധിച്ചാണ് സമാപിച്ചത്. കുരിശിന്റെ പ്രാർത്ഥനയോടെയായിരുന്നു തീർത്ഥാടനയാത്ര സമാപിച്ചത്.

## സംവരണം: പ്രക്ഷോഭം ശക്തമാക്കാൻ ദളിത് ക്രൈസ്തവരുടെ തീരുമാനം

ദളിത് ക്രൈസ്തവരെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രക്ഷോഭം ശക്തമാക്കാൻ ദളിത് ക്രിസ്ത്യൻസ് നാഷണൽ കൗൺസിലിന്റെ തീരുമാനം.

ഡൽഹിയിൽ സമ്മേളിച്ച കൗൺസിൽ നേതാക്കന്മാരുടെ സമ്മേളനത്തിലാണ് ഇതു സംബന്ധിച്ച തീരുമാനം ഉണ്ടായത്. ദളിത് ക്രൈസ്തവരെ പ്രതികൂലമായി ബാധിക്കുന്ന വിവിധ പ്രശ്നങ്ങൾ സമ്മേളനത്തിൽ ചർച്ചയായി. ഇക്കാര്യങ്ങൾ പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടു

വരുന്നതിനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ റാലികളും സമ്മേളനങ്ങളും നടത്താനും തീരുമാനിച്ചു. സിബിസിഐ ആസ്ഥാനത്ത് എത്തിയ പ്രതിനിധികൾ സിബിസിഐ സെക്രട്ടറി ജനറൽ ബിഷപ്പ് ഡോ. തിയഡോർ മസ്ക്രിനസുമായി കൂടിക്കാഴ്ച നടത്തി. ഇക്കാര്യത്തിൽ കത്തോലിക്കാ സഭയുടെ എല്ലാവിധ പിന്തുണയും അദ്ദേഹം വാഗ്ദാനം ചെയ്തു. ദളിത് വിഭാഗങ്ങളെ ശാക്തീകരിക്കുന്നതിനായുള്ള സിബിസിഐയുടെ പോളിസി നടപ്പിലാക്കുന്നതിനുള്ള ശ്രമത്തിലാണ് സഭയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഈ പ്രശ്നത്തിൽ മാധ്യമങ്ങളുടെയും സോഷ്യൽ മീഡിയകളുടെയും സാംസ്കാരിക നായകന്മാരുടെയും പിന്തുണയും നേടണമെന്നും ബിഷപ്പ് മസ്ക്രിനസ് പറഞ്ഞു.

തുടർന്ന് കൗൺസിൽ നേതാക്കന്മാർ കേന്ദ്ര സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി രാമദാസ് അഡാവാലെ, ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാൾ, എം.പിമാരായ കനിമൊഴി (തമിഴ് നാട്), വിജയ്സായി റെഡ്ഢി (ആന്ധ്ര പ്രദേശ്) തുടങ്ങിയവരെ കണ്ട് സഹായം അഭ്യർത്ഥിച്ചു.

## നിങ്ങളുടെ ഭയങ്ങളെ പേരുചൊല്ലി വിളിക്കുക

2018 ലെ ഓശാന ഞായറാഴ്ച രൂപതാതലത്തിൽ ആചരിക്കുന്ന 33-ാമത് ലോകയുവജനദിനത്തിനുള്ള പരിശുദ്ധ പിതാവിന്റെ സന്ദേശം, “മറിയമേ, നീ ഭയപ്പെടേണ്ടാ; ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു.” (ലൂക്ക. 1:30) എന്ന പ്രമേയത്തിൽ അധിഷ്ഠിതമാണ്.

പനാമയിൽവച്ച് 2019 ജനുവരി 22 മുതൽ 27 വരെ നടക്കാൻ പോകുന്ന ലോകയുവജനദിനത്തിനുള്ള ഒരുക്കത്തിന്റെ പുരോഗതിയിൽ യുവജനങ്ങൾക്കുള്ള ഫ്രാൻസീസ് മാർപാപ്പയുടെ രണ്ടാമത്തെ സന്ദേശമാണിത്. അത്മായർക്കും കുടുംബങ്ങൾക്കും ജീവനും വേണ്ടിയുള്ള കാര്യാലയം പുറപ്പെടുവിച്ച ഒരു പ്രസ്താവന അനുസരിച്ച്, ഈ ആത്മീയ തീർത്ഥാടനത്തിൽ പരിശുദ്ധ കന്യകാമറിയം യുവജനങ്ങൾക്ക് കൂട്ടായിരിക്കണമെന്ന് പരിശുദ്ധ പിതാവ് ആശംസിച്ചു. കഴിഞ്ഞവർഷത്തെ സന്ദേശം കേന്ദ്രീകരിച്ചത് പരിശുദ്ധ മറിയത്തിന്റെ സ്തോത്രഗീതത്തിലെ “ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു.” (ലൂക്കാ. 1:49) എന്ന വചനങ്ങളിലായിരുന്നു. അടുത്തവർഷത്തിലെ വിചിന്തനം കേന്ദ്രീകരിക്കുന്നത് മാലാഖയോടുള്ള

പരിശുദ്ധ മറിയത്തിന്റെ പ്രത്യുത്തരത്തിലായിരിക്കും. "ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്കാ. 1:38).

ഈ "മൂന്നു മരിയൻവിവരണങ്ങളും ലോകമെമ്പാടുമുള്ള യുവജനങ്ങൾക്ക് ദൈവശാസ്ത്രത്തിൽ അധിഷ്ഠിതമായ ജീവിതവീക്ഷണം നൽകാനുള്ള ഫ്രാൻസിസ് മാർപാപ്പയുടെ ആഗ്രഹത്തിന്റെ ആവിഷ്ക്കാരമാണ്; "ഭൂതകാലത്തിന്റെ 'ഓർമ്മ' പരിപോഷിപ്പിച്ചുകൊണ്ടുമാത്രമല്ല, വർത്തമാനകാലത്തിലെ 'ധീരത'യോടും ഭാവികാലത്തെക്കുറിച്ചുള്ള 'പ്രത്യാശ'യോടുംകൂടി, യുവജനങ്ങളായ നിങ്ങൾ തുടർന്നും പുരോഗമിക്കും എന്നു ഞാൻ തീക്ഷ്ണമായി പ്രത്യാശിക്കുന്നു." (2017 ലെ ലോകയുവജനദിനത്തിനുള്ള സന്ദേശം). ഈ യാത്ര സിനഡിന്റെ യാത്രയോട് ബന്ധപ്പെട്ടിരിക്കുന്നു. അത് ലോകയുവജനദിനത്തിനുള്ള ഒരുക്കങ്ങളുമായി വലിയ പൊരുത്തത്തിലായിരിക്കണമെന്ന് പത്രോസിന്റെ പിൻഗാമി ആഗ്രഹിക്കുന്നു. വാസ്തവത്തിൽ, 2018 ഒക്ടോബറിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന, യുവജനങ്ങളുടെ വിശ്വാസത്തെയും ദൈവവിളിയുടെ വിവേചിച്ചറിയലിനെയും സംബന്ധിച്ച മെത്രാന്മാരുടെ സിനഡ്, യുവതലമുറകൾ അവരുടെ വിശ്വാസ ജീവിതം നയിക്കുന്ന യാഥാർത്ഥ്യത്തെയും അവരുടെയും മനുഷ്യവർഗ്ഗത്തിന്റെയും ഭാവിക്ക് രൂപം നൽകിക്കൊണ്ട് അവരുടെ സുപ്രധാന തീരുമാനങ്ങൾ പാകപ്പെടുന്ന മാർഗത്തെയുംകുറിച്ചുള്ള വിചിന്തനം ക്ഷണിക്കുന്നു.